ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞതുപോലെ കൃത്യം രണ്ട് മണിക്ക് ചട്ടം 130 അനുസരിച്ചുള്ള ചർച്ച ആരംഭിക്കാം. അങ്ങു പറഞ്ഞതു പോലെതന്നെ നാല് മണിക്ക് തീർക്കേണ്ട ചർച്ച വേണ്ടിവന്നാൽ നാലരമണിവരെ നീട്ടി അര മണിക്കൂർ കൂടി എടുക്കാം. അല്ലെങ്കിൽ സഭ അനിശ്ചിതമായി നീളും.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും ഉച്ചയ്ക്കുശേഷം രണ്ടു മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(ഉച്ചയ്ക്കുശേഷം രണ്ട് മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.55-ന് പിരിഞ്ഞു.)

2.00 P.M.] (ഇടവേളയ്ക്കായി ഉച്ചയ്ക്കുശേഷം 1.55-ന് നിർത്തിവച്ച സഭ 2.05-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

XI. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

മി. സ്പീക്കർ: രണ്ട് മണിക്കൂർ ചർച്ചയാണ് നമ്മൾ ഉദ്ദേശിച്ചിട്ടുള്ളത്. നമ്മുടെ ബിസിനസ്സ് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കഴിയുന്നതും രണ്ട് മണിക്കൂറിനുള്ളിൽ നിർത്തണം. ഡ്രസ് ടൈം ഏറ്റവും കുറയ്ക്കുക. അല്ലെങ്കിൽ നമ്മുടെ പരിപാടികൾ നടത്താൻ പ്രയാസമായിരിക്കും.

നിയമസഭയെ അഭിസംബോധനചെയ്ത് രാഷ്ട്രപതി നടത്തിയ പ്രസംഗത്തിൽ സംസ്ഥാനത്തിന്റെ വികസനത്തിനും ജനക്ഷേമം കൈവരിക്കുന്നതിനും ലക്ഷ്യമിട്ട് നിർദ്ദേശിച്ച പത്തിനപരിപാടി സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിക്കേണ്ട അടിയന്തിരനടപടികൾ സംബന്ധിച്ച ചർച്ച.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, അഭിവന്ദ്യ രാഷ്ട്രപതി 2005 ജൂലൈ 28-ാം തീയതി സംസ്ഥാന നിയമസഭയെ അഭിസംബോധന ചെയ്തപ്പോൾ സംസ്ഥാനത്തിന്റെ വികസനത്തിനും ജനക്ഷേമം കൈവരിക്കുന്നതിനുംവേണ്ടി നിർദ്ദേശിച്ച പത്തിനപരിപാടി സമയബന്ധിതമായി നടപ്പാക്കുന്നതിനെയും അതിന് സ്വീകരിക്കേണ്ട അടിയന്തിരനടപടികളെയുംപറ്റി സഭ ചർച്ച ചെയ്യണം എന്ന ഉപക്ഷേപം 130-ാം ചട്ടപ്രകാരം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* ഞാൻ ഇതിനെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* രാഷ്ട്രപതിയുടെ പത്ത് missions-നെ സംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. കേരളത്തിന്റെ സമഗ്രമായ

LIBRARY ARCHIVES Kerala Legislative Assembly

വികസനത്തിനും സാമ്പത്തികവളർച്ചയ്ക്കും അതിലൂടെ സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ സാമൂഹ്യപ്രശ്നമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, സമൂഹത്തിൽ ഇന്ന് നിലനിൽക്കുന്ന യാഥാർത്ഥ്യമായ ദാരിദ്ര്യം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും സഹായകമാകുമെന്ന് ഉറപ്പുനൽകുന്ന ആ പത്തിനപരിപാടി സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ നമുക്ക് യോജിച്ച് നീങ്ങാം. നമ്മുടെ അനന്തമായ സാദ്ധ്യതകൾ രാഷ്ട്രപതി നമ്മെ തട്ടിയുണർത്തിക്കൊണ്ട് നമ്മുടെ മുൻപിൽ അവതരിപ്പിച്ചിരിക്കുകയാണ്. ആ പത്തിനപരിപാടികൾ നടപ്പിലാക്കുന്നതോടൊപ്പം കഴിഞ്ഞ ദിവസം ഞാൻ റൂൾ 300 അനുസരിച്ച് ഇവിടെ പ്രസ്താവന നടത്തിയപ്പോൾ പറഞ്ഞതുപോലെ ദാരിദ്ര്യനിർമ്മാർജ്ജനം, തൊഴിലില്ലായ്മാപ്രശ്നം, കർഷകരുടെ പ്രശ്നം ഇതെല്ലാം ഈ പത്തിനത്തിൽ ഉൾപ്പെടുന്നുവെങ്കിലും നേരിട്ട് ടാർജറ്റ് ചെയ്യത്തക്കവിധത്തിൽ- ഈ സംസ്ഥാനം മൂന്ന് പരിപാടികൾക്കുകൂടി പ്രാധാന്യം കൊടുക്കണമെന്ന അഭിപ്രായമാണുള്ളത്. ദാരിദ്ര്യനിർമ്മാർജ്ജനം, പരമ്പരാഗത വ്യവസായങ്ങളെ ശക്തിപ്പെടുത്തൽ, കാർഷിക മേഖലയിൽ ഒരു ഉൽമേഷം പകരാൻ സാധിക്കത്തക്കവിധത്തിൽ, ആശ്വാസംപകരാൻ സാധിക്കത്തക്ക വിധത്തിലുള്ള പരിപാടികൾ ആസൂത്രണം ചെയ്യൽ. ഈ മൂന്ന് പരിപാടികൾ കൂടി ഉൾപ്പെടുത്തി 13 പരിപാടികൾ സംസ്ഥാനത്തിന്റെ സമഗ്രമായ വികസനത്തിനും സാമൂഹ്യപ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി ഞാൻ ഈ സഭയുടെ സമഗ്രമായ ചർച്ചയ്ക്കുവേണ്ടി സമർപ്പിക്കുന്നു. എല്ലാ ഭാഗത്തുനിന്നുള്ള നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് നമുക്ക് യോജിച്ച് ഇക്കാര്യത്തിൽ നീങ്ങാം. ഇന്നലെകളിൽ നഷ്ടപ്പെട്ട അവസരം നേടിയെടുക്കാൻ, നമുക്ക് മറ്റു സംസ്ഥാനങ്ങളോടൊപ്പം ഓടിയെത്താൻ ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്താമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. തോമസ് ഐസക്: സർ, ആദ്യമായി കുറച്ച് ഗ്രെസ് ടൈം അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പത്തിനപരിപാടി നടപ്പിലാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് സംസാരിച്ചപ്പോൾ ആ നടപടികൾ എന്തായിരിക്കുമെന്ന് പറയുമെന്നാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. കാരണം, എങ്കിൽ മാത്രമേ നമുക്ക് അതുസംബന്ധിച്ച് ഫലപ്രദമായ ഒരു ചർച്ച നടത്താനാകൂ. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാനുള്ള ചോദ്യം ഇതിനുള്ള പണം എവിടെ? ബഹുമാനപ്പെട്ട രാഷ്ട്രപതി കേരളത്തിലെ പ്രതിശീർഷ വരുമാനം മൂന്നു വർഷംകൊണ്ട് ഇരട്ടിയാക്കി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2004-2005 വർഷത്തിൽ കേരളത്തിന്റെ സംസ്ഥാനവരുമാനം ഏതാണ്ട് ഒരുലക്ഷം കോടി രൂപയാണ്. അത് രണ്ട് ലക്ഷം കോടി രൂപയാകണം. ഒരു ലക്ഷം കോടി രൂപ അധികവരുമാനം മൂന്ന് വർഷംകൊണ്ടുണ്ടാക്കണം. ഒരു രൂപ അധിക വരുമാനമുണ്ടാക്കുന്നതിന് അഞ്ച് രൂപ മുതൽമുടക്ക് വേണമെന്ന് അനുമാനിച്ചാൽ സംസ്ഥാനത്ത് പ്രതിവർഷം 1.7 ലക്ഷം കോടി രൂപ മുതൽമുടക്ക് വേണം.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ മുതൽമുടക്ക് 35,000 കോടി രൂപയുടെ അപ്പുറമില്ല. അതുകൊണ്ടാണ് 1,50,000 ആയിട്ടോ 1,70,000 ആയിട്ടോ വർദ്ധിപ്പിക്കാനുള്ള സമീപനം കൈക്കൊള്ളുന്നത്. ഈ പത്തിനപരിപാടി നടപ്പിലാക്കാൻ അധികം ഇൻവെസ്റ്റ്മെന്റ് സർക്കാമിന്റെ കയ്യിലുണ്ടോ? അതാണ് അഞ്ച് ആദ്യം പ്രതികരിക്കേണ്ട വിഷയം. ഞാൻ വിചാരിച്ചു ഇതൊക്കെ ഫലപ്രദമായി നടപ്പാക്കുന്നതിന് മുഖ്യമന്ത്രി എന്തോ സൂത്രപ്പണി പറയുമെന്ന്. ഏതായാലും ഇതിനുള്ള മറുപടി അഞ്ചിൽനിന്നും പ്രതീക്ഷിക്കുകയാണ്. രാഷ്ട്രപതി പറഞ്ഞതിന്റെ സാരാംശം നാല് കാര്യങ്ങളാണ്. ഒന്ന്, നമ്മുടെ വളർച്ചയിലെ ഗതിവേഗം വർദ്ധിപ്പിക്കുക. അത് യാതൊരു തർക്കവുമില്ലാത്ത കാര്യമാണ്. ഇത് നമുക്കെല്ലാവർക്കും യോജിക്കാവുന്ന കാര്യമാണ്. ഇങ്ങനെ സാമ്പത്തിക വളർച്ചയിലെ ഗതിവേഗം വർദ്ധിക്കണമെങ്കിൽ രാഷ്ട്രപതി പറയുന്നത് core competency ഉള്ള മേഖലകൾക്ക് ഊന്നൽ നൽകണമെന്നാണ്. എല്ലായിടത്തും വളർച്ചാസാദ്ധ്യതകൾ ഒരുപോലെയല്ല. ഏറ്റവും വളർച്ചാസാദ്ധ്യതയുള്ള knowledge industries, അതുപോലെ സേവന വിജ്ഞാന മേഖലകളിൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള വ്യവസായവൽക്കരണമാണ് അദ്ദേഹത്തിന്റെ വികസനതന്ത്രം. അതിനോട് പൂർണ്ണമായും യോജിപ്പുണ്ട്. ഇങ്ങനെ ഒരു ദിശമാറ്റം ആവശ്യമാണ്. പക്ഷേ, സംസ്ഥാനത്തെ കൃഷി, പരമ്പരാഗത വ്യവസായങ്ങൾ, മൽസ്യമേഖല തുടങ്ങിയവയുടെ സ്ഥിതി എന്താണ്? ഒരു വീണ്ടുവിചാരം എന്നോണം മണ്ട് ദിവസം കഴിഞ്ഞപ്പോൾ മുഖ്യമന്ത്രി +3 യെക്കുറിച്ച് പറഞ്ഞുതുടങ്ങി. പക്ഷേ, നിങ്ങളുടെ വാക്കും പ്രവൃത്തിയും തമ്മിൽ ഒരു ബന്ധവുമില്ല. ഞാൻ ഞെട്ടിപ്പിക്കുന്ന ഒരു കണക്ക് പറയാം. 1998-1999-ൽ നിങ്ങളുടെ ഭരണം തുടങ്ങുമ്പോൾ കൃഷിയിൽനിന്നുള്ള വരുമാനം 12,708 കോടി രൂപയാണ്. 2003-2004-ൽ 10,874 കോടി രൂപ, കൃഷി, മത്സ്യം, പരമ്പരാഗത വ്യവസായം 1998-1999-ൽ 17,167 കോടി രൂപ. 2003-2004-ൽ 15,344 കോടി രൂപ. 11 ശതമാനം കുറവ്. 60 ശതമാനം ജനങ്ങൾ ഉപജീവനം നടത്തുന്ന കൃഷി, പരമ്പരാഗതവ്യവസായം, മത്സ്യമേഖല ഇവയെ ആകെ തകർക്കുന്ന നയങ്ങളാണ് നിങ്ങൾ ഇപ്പോൾ തുടരുന്നത്. അതേസമയം, ബാക്കിയുള്ള വിഭാഗങ്ങളിൽ 65 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഗവണ്മെന്റിന്റെ ഈ നയം കേരളത്തെ എവിടെ കൊണ്ടെത്തിച്ചു? കേരളത്തെ സംഘർഷഭൂമിയാക്കി മാറ്റി. ബഹുഭൂരിപക്ഷത്തിന്റെയും താൽപ്പര്യങ്ങളെ അവഗണിച്ചുകൊണ്ട് കേരളത്തിൽ ഒരു വികസനതന്ത്രം നടപ്പാക്കാനാവില്ല എന്ന് ഈ ഗവണ്മെന്റിന്റെ നാലഞ്ച് വർഷക്കാലത്തെ ഭരണംകൊണ്ട് തെളിയിച്ചിരിക്കുകയാണ്. 9-ാം പഞ്ചവത്സര പദ്ധതിയിൽ കൃഷി, പരമ്പരാഗതവ്യവസായം, മത്സ്യമേഖല എന്നിവയ്ക്ക് എത്രയായിരുന്നു വിഹിതം? 10-ാം പദ്ധതിയുടെ നാല് വർഷക്കാലത്തിനിടയ്ക്ക് എത്രയാണ്? അത് ഗണ്യമായി കുറഞ്ഞുവരുന്നത് നിങ്ങൾക്ക് കാണാൻ കഴിഞ്ഞു. അതുകൊണ്ട് ഈ പുതിയ വികസന മേഖലയ്ക്ക് മുൻഗണന നൽകുന്നതോടൊപ്പം പരമ്പരാഗതമേഖലകളെ സംരക്ഷിക്കുന്ന ഒരു വികസന തന്ത്രത്തിന് രൂപംനൽകേണ്ടതുണ്ട്. രാഷ്ട്രപതിയുടെ മൂന്നാമത്തെ സാരാംശം മുൻഗണനാമേഖലകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള പശ്ചാത്തല സൗകര്യങ്ങളാണ്. ആ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയേണ്ട ഒരു കാര്യം എക്സ്പ്രസ് ഹൈവേക്കാണോ അതോ രാഷ്ട്രപതി പറഞ്ഞ Smart Waterways-നാണോ മുൻഗണന? രാഷ്ട്രപതി സംസാരിച്ചത് മുൻഗണനകളെക്കുറിച്ചാണ്. നിങ്ങൾക്ക് വേണമെങ്കിൽ Smart Waterways എടുക്കാം; ഒരു Fast track railway system എടുക്കാം; അതല്ലെങ്കിൽ express way എടുക്കാം. ഒരു നയപരമായ പ്രശ്നം കൂടിയുണ്ട്. എവിടെയാണ് മുൻഗണന നൽകേണ്ടത്? രണ്ടാമത്തേത് ഉന്നത വിദ്യാഭ്യാസം. പശ്ചാത്തലസൗകര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ രാഷ്ട്രപതി വിദ്യാഭ്യാസമേഖലയിലെ ക്വാളിറ്റിയെക്കുറിച്ച് പറയുന്നു. നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ നമ്മുടെ ഉന്നതവിദ്യാഭ്യാസമേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിന് അനുയോജ്യമായിട്ടുള്ളതാണോ എന്നത് ഗൗരവമായി പരിശോധിക്കണം. നമ്മുടെ വളർച്ചയുടെ ഗതിവേഗം കൂട്ടുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനുള്ള അന്തരീക്ഷം സംസ്ഥാനത്ത് ഉണ്ടാക്കണമെന്നുള്ളതാണ് രാഷ്ട്രപതിയുടെ പ്രഭാഷണത്തിന്റെ നാലാമത്തെ വശം. അത്തരത്തിലുള്ള അന്തരീക്ഷ സൃഷ്ടിയെക്കുറിച്ച് പ്രസംഗിച്ച സമയത്ത് രാഷ്ട്രപതി ഇങ്ങോട്ട് എന്തോ പറയുകയാണ് എന്ന മട്ടിൽ യു.ഡി.എഫ്. അംഗങ്ങൾ എല്ലാംകൂടി ഡസ്ക്കിലടിച്ച് പറയുന്നതുകേട്ടു; വികസന സംസ്കാരം, വികസന രാഷ്ട്രീയം എന്നൊക്കെ. ഈ സങ്കൽപ്പങ്ങളെ കേരളത്തിൽ ചർച്ചയ്ക്കെടുത്ത് 1984-ലെ മത്തായി മാഞ്ഞൂരാൻ പ്രഭാഷണത്തിൽ തുടങ്ങി ആരൊക്കെയാണ് വികസനത്തിന്റെ സമന്വയം അവതരിപ്പിച്ച് തകർത്തത്? 1957-ലെ വിമോചനസമരത്തിന്റെ നീക്കി ബാക്കിയാണ് ഇവിടെ ഇപ്പോൾ കാണുന്നത്. ഇന്ന് ഇവിടെയിരിക്കുന്ന ആർക്കെങ്കിലും ഭൂപരിഷ്കരണത്തെക്കുറിച്ച്, വിദ്യാഭ്യാസമേഖലയിൽ സാമൂഹ്യ നിയന്ത്രണം വേണ്ടതിനെക്കുറിച്ച് അതല്ലെങ്കിൽ തൊഴിൽമേഖലയിലുള്ള തൊഴിൽ ബന്ധങ്ങളെക്കുറിച്ച് അന്നത്തെ സർക്കാർ എടുത്ത നിലപാടുകളിൽനിന്നും എന്തെങ്കിലും വ്യത്യസ്തമായ നിലപാട് എടുക്കാൻ കഴിഞ്ഞോ? ഇന്ന് സമവായത്തെക്കുറിച്ച് പറയുന്നവർ എന്ത് നിലപാടാണ് എടുത്തത്? കേരളത്തിൽ എന്തോ ഒരു ചുവപ്പ് ഭീകരത; അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ ക്രമസമാധാന പ്രശ്നം; എന്ന് ഇടതുപക്ഷം അധികാരത്തിൽ വരുന്നോ അന്നൊക്കെ ഇത്തരം പ്രശ്നങ്ങൾ ഉയർത്തിക്കാട്ടി ഇല്ലാത്ത പുകമറ കേരളത്തിൽ സൃഷ്ടിക്കുന്നതിൽ ഏറ്റവും വലിയ പങ്ക് വഹിച്ചത് അപ്പുറത്തിരിക്കുന്നവരാണ്. നഷ്ടപ്പെട്ട മൊത്തം തൊഴിൽദിനങ്ങളെ ശതമാനമായി കണക്കാക്കികഴിഞ്ഞാൽ സംസ്ഥാനത്തിന്റെ തോത് ഈ 5 വർഷമായി കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന് കാണാം. അത് അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെയെറെ താഴെയാണ്. ഇന്നത്തെ വികസനത്തിന് തടസ്സം, നിൽക്കുന്നത് തൊഴിലാളികളോ തൊഴിൽ സമരങ്ങളോ അല്ല. അതിൽ ഏറ്റവും പ്രധാനം ഭരണസംസ്കാരത്തിന്റെ കാര്യം തന്നെയാണ്. ഭരണസംസ്കാരം എന്നുപറയുമ്പോൾ നമ്മുടെ ഭരണയന്ത്രത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യക്ഷമതയാണ്. ആ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടികളാണ് നമുക്ക് സ്വീകരിക്കേണ്ടത്? അതിൽ അധികാരവികേന്ദ്രീകരണത്തിന്റെ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. സംസ്ഥാനത്ത് അഭിപ്രായസമന്വയം ഉണ്ടാകണമെന്നൊക്കെപറയുമ്പോൾ അതിന് മൂർത്തമായ രണ്ടുമൂന്ന് ഉദാഹരണങ്ങൾ പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട ഹസ്സൻ ഇവിടെ ഉണ്ട്. ഈ നിയമസഭയിൽ ഒരു പ്രകോപനവുമില്ലാതെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും പഞ്ചായത്ത്രാജിനെക്കുറിച്ചും സി. ആന്റ് എ.ജി. റിപ്പോർട്ടുവച്ച് എന്തൊക്കെയാണ് പറഞ്ഞത്? പറയുന്നതിൽ അപാകതയൊന്നുമില്ലല്ലോ. എല്ലാവരും അംഗീകരിക്കുന്ന, സംസ്ഥാനത്ത് നടത്തേണ്ടതാണെന്ന് നാമൊക്കെ അഭിപ്രായവ്യത്യാസമില്ലാതെ പറയുന്ന ഒരു പരിഷ്കാരത്തെക്കുറിച്ച് അപ്പുറത്തുനിന്നും എന്തൊക്കെ കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്? നിങ്ങളുടെ ഹ്രസ്വമായിട്ടുള്ള രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ടുമാത്രം; എന്തിന്, ജനകീയാസൂത്രണം എന്ന പേരുപോലും ദഹിക്കാത്തതുകൊണ്ട് അതിന്റെ പേരുപോലും മാറ്റിയവരല്ലേ നിങ്ങൾ? എന്നിട്ടാണ് ഇവിടെവന്ന് അഭിപ്രായസമന്വയത്തെക്കുറിച്ച് വർത്തമാനം പറയുന്നത്. ഞാൻ വേറൊരുകാര്യം പറയുകയാണ്, കയർ വ്യവസായം, രണ്ട് ദിവസം കഴിഞ്ഞാൽ ഞങ്ങളൊക്കെ ഇവിടെ സമരത്തിലേക്ക് നീങ്ങാൻ പോകുകയാണ്. എന്താണ് സാമൂഹ്യയാഥാർത്ഥ്യം? ചരിത്രപരമായ കാരണങ്ങൾ കൊണ്ട് കയർത്തൊഴിലാളികളുടെയൊക്കെ ആവശ്യങ്ങൾ ഏറ്റെടുത്തുകൊണ്ട് ഞങ്ങൾ സമരം ചെയ്യാൻ പോവുകയാണ്. ആ മേഖലകളിൽ നിങ്ങൾക്കുള്ളതിനേക്കാൾ പതിൻമടങ്ങാണ് ഞങ്ങളുടെ സ്വാധീനം. നിങ്ങൾ ഭരണത്തിൽവന്നു, അപ്പോൾ അവിടെയുള്ള സംഘടനാസംവിധാനം കയർ സഹകരണ മേഖലയെ തകർക്കുന്നതിന് എന്തൊക്കെ ചെയ്യാമോ അതൊക്കെ ചെയ്യുന്നത് രാഷ്ട്രീയലക്ഷ്യം വച്ചല്ലാതെ വേറെ എന്തിനാണ്? ഇതൊക്കെ ചെയ്തുകൊണ്ട് ഞങ്ങളോട് സമന്വയം, സമവായം ചോദിച്ചുവന്നാൽ കിട്ടുമോ? വേറെ ഒരു ഉദാഹരണം കൂടിയുണ്ട്. അതാണ് കെ.എസ്.ഡി.പി. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെയില്ല; അതിന് വളരെ വലിയ ചരിത്രം ഉണ്ട്. 17 കോടി രൂപ ചോദിച്ചു; കിട്ടിയില്ല. 5 കോടി രൂപ ചോദിച്ചു; കിട്ടിയില്ല. രണ്ടര കോടി രൂപയ്ക്കുവേണ്ടി ഏതാണ്ട് മൂന്നാഴ്ച മുമ്പ് നാല് മന്ത്രിമാർ ഇരുന്ന് ഒപ്പിട്ടു. എല്ലാ കക്ഷികളിൽപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കൻമാരും ഉണ്ട്. രണ്ടര കോടിരൂപയുണ്ടെങ്കിൽ 12 കോടിയുടെ ഓർഡറുള്ള ഈ വ്യവസായശാല പ്രവർത്തിക്കും. മൂന്നാഴ്ച കഴിഞ്ഞിട്ട് നിങ്ങൾക്ക് ആ പണം ഉണ്ടാക്കുന്നതിന് ഒരു ജി.ഒ. ഇറക്കാൻ കഴിഞ്ഞിട്ടില്ല. അപ്പോൾ അങ്ങനെയുള്ള ചെയ്തികൾ വച്ചിട്ട് ഒരു സമവായം വികസനത്തെക്കുറിച്ച് ഉണ്ടാക്കുക പ്രയാസമാണ്. രണ്ടാമത് കൃഷി, പരമ്പരാഗതവ്യവസായം എന്നീ മേഖലകളുടെ താൽപ്പര്യങ്ങളെ അവഗണിച്ചുകൊണ്ടുള്ളതും തകർക്കുന്നതുമായ ഒരു സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. അപ്പോൾ ഈ ചർച്ച ഒരു വികസനത്തിനുവേണ്ടിയുള്ള ഒരു പൊതുദിശയോ സമീപനമോ തരുന്നതിന് സഹായകമാകുമോ? ഏതായാലും ഭരണത്തിന്റെ അവസാന നാളുകളിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

നീങ്ങുന്ന ഈ സർക്കാരിന് അങ്ങനെ ഒരു സന്ദർഭം ഒരുക്കിയതു തന്നെ നല്ലതല്ല. രാഷ്ട്രപതിയുടെ നിർദ്ദേശങ്ങൾ, ഇവിടത്തെ പരമ്പരാഗത വ്യവസായത്തിന്റേയും കൃഷിയുടേയും ദരിദ്ര ജനവിഭാഗങ്ങളുടേയും താൽപ്പര്യങ്ങളെ സമന്വയിപ്പിച്ചുകൊണ്ട്, നടപ്പാക്കുന്നതിന് ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിക്കുന്നതിനും പരിപാടികൾ ഉണ്ടാക്കുന്നതിനും ഈ ചർച്ച ഇനി വരാൻപോകുന്ന ഗവൺമെന്റിനെ സഹായിക്കും എന്ന് പ്രതീക്ഷിക്കുന്നു.

മി. സ്പീക്കർ: മന്ത്രിസഭ മാറിയാലും മുന്നണി മാറിയാലും സംസ്ഥാനത്തിന് അടിസ്ഥാനപരമായ ഒരു രേഖ വേണം എന്നതുകൊണ്ടാണ് ചർച്ച.

ശ്രീ. ജോർജ് ജെ. മാത്യു: സർ, ആദരണീയനായ രാഷ്ട്രപതി 28-ാം തീയതി സഭയിൽ അവതരിപ്പിച്ച കേരളത്തിന്റെ വികസനത്തിനുവേണ്ടിയുള്ള പത്തിന പരിപാടികൾ ഈ സഭയിലെ എല്ലാവരും അംഗീകരിക്കും എന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. അതിനുപുറമേ പുതുതായി മൂന്ന് മേഖലകളിലായി മൂന്ന് പരിപാടികൾ കൂടി അവതരിപ്പിച്ചിട്ടുണ്ട്. അതായത് alleviation of poverty, കാർഷിക മേഖലയിലെ ഉണർവ്വ്, പരമ്പരാഗത വ്യവസായങ്ങളെ ശക്തിപ്പെടുത്തൽ. എന്റെ സുഹൃത്ത് ഡോ. തോമസ് ഐസക് രാഷ്ട്രപതിയുടെ പ്രസംഗത്തോട് യോജിപ്പ് പ്രകടിപ്പിച്ചു. അതിൽ ഞാൻ സന്തോഷിക്കുകയാണ്. പക്ഷെ പരിപാടികൾ നടത്താനുള്ള പണം എവിടെയാണെന്നാണ് അദ്ദേഹം ചോദിച്ചത്. അതിനുവേണ്ടി മാത്രമാണ് നമ്മൾ ഇന്നിവിടെ കൂടിയിരിക്കുന്നത്. കാരണം ഗവൺമെന്റിന് ഒരു പൈസപോലും ഇല്ലെന്നാണ് പറഞ്ഞത്. ഒരുപക്ഷേ ശരിയായിരിക്കാം. നമ്മൾ യോജിച്ച് ഏതുമാർഗ്ഗം സ്വീകരിച്ചാൽ ഈ പരിപാടിക്കുള്ള പണം കണ്ടെത്താൻ സാധിക്കും എന്നുള്ളതാണ് ഇന്നത്തെ പ്രധാനമായ ചർച്ചാവിഷയം. അല്ലാതെ രാഷ്ട്രപതി അവതരിപ്പിച്ച കാര്യങ്ങളെക്കുറിച്ച് എല്ലാവർക്കും യോജിപ്പാണ്. സ്വാഭാവികമായി എങ്ങനെ കേരളത്തെ ആ മാർഗ്ഗത്തിലൂടെ നയിക്കാൻ കഴിയും എന്നുള്ളതാണ് പ്രധാനപ്പെട്ട വിഷയം. ആ കാര്യങ്ങളെക്കുറിച്ച് മുഖ്യമന്ത്രി പറയാൻ പോകുന്നതേയുള്ളൂ.

മി. സ്പീക്കർ: അത് മുഖ്യമന്ത്രിയുടെ കാര്യം മാത്രമല്ല.

ശ്രീ. ജോർജ് ജെ. മാത്യു: ഇപ്പോൾ രാഷ്ട്രപതി വന്നുപോയിട്ട് കഷ്ടിച്ച് ഒരു മാസംപോലും ആയില്ല; അതിനുമുമ്പ് ഇങ്ങനെ ഒരു ചർച്ച വച്ചതുതന്നെ ഈ ചർച്ചയുടെ ഭാഗമായി ഇവിടെ ഉരുത്തിരിയുന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ കേരളത്തിന്റേതായിട്ടുള്ള ഒരു പരിപാടിക്ക് രൂപം കൊടുക്കുന്നതിനു വേണ്ടിയാണ്. അതാണ് നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. പ്രധാനമായി മൂന്ന് മേഖലകളിൽക്കൂടിയാണ് നമുക്ക് ഈ പരിപാടികൾക്ക് വേണ്ടുന്ന സാമ്പത്തികം കണ്ടെത്താൻ കഴിയുന്നത്. ഇത് പറയുമ്പോൾ ഇന്ന് പല ആരോപണങ്ങളുണ്ട്. കഴിഞ്ഞ സർക്കാരിന്റെകാലത്ത് 23,000 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

ആയിരുന്ന കടം ഈ ഗവൺമെന്റ് വന്നതിനുശേഷം 40,000 കോടി രൂപയാക്കി എന്നുള്ള ആരോപണങ്ങളെല്ലാമുണ്ട്. ഈ പണം പ്രൊഡക്ടീവായിട്ടുള്ള മേഖലകളിലാണോ ഉപയോഗിച്ചത് അതോ പ്രൊഡക്ടീവ് അല്ലാത്ത മേഖലകളിലാണോ ഉപയോഗിച്ചത്? ഇതാണ് ഇവിടത്തെ കാതലായ പ്രശ്നം. നമുക്ക് അതിനുവേണ്ടി സാമ്പത്തികം കണ്ടെത്തണം എന്നാണെങ്കിൽ അടിസ്ഥാനപരമായി മൂന്ന് മാർഗ്ഗങ്ങളാണുള്ളത്. ഒന്ന്, ധനകാര്യ സ്ഥാപനങ്ങളിൽനിന്നും പണം കടമെടുക്കണം. അത് പ്രൊഡക്ടീവായിട്ടല്ല ഉപയോഗിക്കുന്നതെങ്കിൽ അതിന്റേതായിട്ടുള്ള ബുദ്ധിമുട്ട് വരും. അത് തീർച്ചയായും തിരിച്ചടയ്ക്കാൻ സാധിക്കില്ല. നമ്മൾ വലിയ കടക്കെണിയിൽ അകപ്പെടും. രണ്ടാമത്തേത് ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ്. വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതാണിത്. ഒരുപാട് പേർക്ക് ഇക്കാര്യത്തിൽ അലർജിയാണ്. ഞാൻ പൂർണ്ണമായും അക്കാര്യത്തിൽ യോജിക്കുന്നില്ല. കാരണം നമ്മുടെ രാജ്യതാൽപ്പര്യത്തെത്തന്നെ പലപ്പോഴും ബലികൊടുക്കേണ്ട സാഹചര്യം അതിൽനിന്നും ഉരുത്തിരിഞ്ഞേക്കാം. ഫോറിൻ ഡയറക്ട് ഇൻവെസ്റ്റർമെന്റ് എന്നുപറയുന്നത് നമ്മൾ വളരെ കെയർഫുള്ളായി ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇതിൽ മറ്റൊരു പ്രധാനപ്പെട്ട മേഖലയുണ്ട്; അതായത് കേരളത്തിൽ ഏതാണ്ട് 27 ലക്ഷം വരുന്ന എൻ.ആർ.ഐ. ക്കാരുണ്ട്. അവരുടെ നിക്ഷേപം ഒരു വർഷം ഏതാണ്ട് 18,000 കോടി രൂപയാണ്. രാഷ്ട്രപതി തന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്, 18,000 കോടി രൂപയുടെ നിക്ഷേപം വരുന്നുണ്ടെന്ന്. ഏതായാലും അത്രയും വലിയ നിക്ഷേപം വരുമ്പോൾ അത്യാവശ്യം കാര്യങ്ങൾക്ക് ഈ കാശ് ഉപയോഗിക്കാം. ഡോ. തോമസ് ഐസക് പറഞ്ഞത് നമുക്ക് ഒന്നര ലക്ഷം കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ടെങ്കിലേ ഈ കാര്യങ്ങൾ നടപ്പാവൂ എന്നാണ്. അക്കാര്യം അദ്ദേഹം തന്നെ സമ്മതിച്ചു, നമുക്ക് 35,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് പ്രതിവർഷം നടക്കുന്നുണ്ട്. ഏതായാലും വളരെ സുഖകരമായിട്ട് പതിനായിരം കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഇതിനുവേണ്ടി പിരിക്കാം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷെ അവിടെയാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. ഈ പതിനായിരം കോടി രൂപ, അല്ലെങ്കിൽ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് കേരളത്തിൽ ഉണ്ടാകണമെന്നുണ്ടെങ്കിൽ അതിനുള്ള സാഹചര്യങ്ങൾ വേണം. അതിനുള്ള അന്തരീക്ഷം ഇവിടെ ഉണ്ടായില്ലെങ്കിൽ തീർച്ചയായും ഇൻവെസ്റ്റ്മെന്റ് വരില്ല. ഇവിടെ ഇപ്പോൾ തൊഴിൽപരമായ മത്സരങ്ങൾ, പ്രശ്നങ്ങൾ ഇതെല്ലാം കുറഞ്ഞുവരികയാണെന്ന് ഡോ. തോമസ് ഐസക് പറഞ്ഞത് ഒരുപക്ഷേ ശരിയായിരിക്കാം. പക്ഷെ എന്തുകൊണ്ട് ഇൻഡ്യയിലേക്ക് വരുന്ന വ്യവസായങ്ങൾ കേരളത്തിലേക്ക് വരുന്നില്ല. അത് മറ്റ് സംസ്ഥാനങ്ങളിലേക്ക് അതായത് കർണ്ണാടകത്തിലേക്കും ആന്ധ്രാ പ്രദേശിലേക്കും ഗുജറാത്തിലേക്കുമൊക്കെ പോകുന്നു. ഇൻഡ്യയുടെ കണക്കെടുത്തു നോക്കുകയാണെങ്കിൽ ക്രമസമാധാന നിലയിലും അതുപോലെ ആരോഗ്യപരമായും എല്ലാം കേരളം ഒന്നാമതാണെങ്കിലും ഇൻവെസ്റ്റ്മെന്റിന്റെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളുമായി നോക്കുമ്പോൾ നമ്മൾ ഏതാണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പതിനേഴാമതോ പതിനെട്ടാമതോ ആണ്. എന്തുകൊണ്ട് ഇത് സംഭവിക്കുന്നു? ഇക്കാര്യത്തിനാണ് നിങ്ങൾ മറുപടി പറയേണ്ടത്. അതാണ് ഞങ്ങളും നിങ്ങളും തമ്മിലുള്ള വ്യത്യാസം എന്നുപറയുന്നത്. ജനങ്ങൾക്ക് ഇവിടെ, പ്രത്യേകിച്ച് കേരളത്തിൽ ഒരു ഇൻവെസ്റ്റ്മെന്റ് നടത്താൻ ഭയമാണ്. ആ സാഹചര്യം നീക്കം ചെയ്യാതെ നമുക്കൊരിക്കലും ഇൻവെസ്റ്റ്മെന്റ് ഉണ്ടാകും എന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വികസനം വരുന്നതിനുള്ള അടിസ്ഥാനപരമായിട്ടുള്ളകാര്യം രാഷ്ട്രീയസ്ഥിരതയും രാഷ്ട്രീയസ്ഥിരതയുമാണ്. അഞ്ച് വർഷത്തിനിടയിൽ രണ്ട് മുഖ്യമന്ത്രിമാർ വരുകയും മന്ത്രിമാരെ ആഴ്ചയ്ക്ക് ആഴ്ചയ്ക്ക് മാറ്റുകയും ചെയ്യുന്ന ഒരു സംസ്ഥാനത്ത് എങ്ങനെയാണ് വികസനം വരുന്നത്?

ശ്രീ. ജോർജ് ജെ. മാത്യു: ഇവിടത്തെ അടിസ്ഥാനപരമായിട്ടുള്ള കുഴപ്പമെന്താണെന്നുപറഞ്ഞാൽ ഒരു പ്രാവശ്യം യു.ഡി.എഫ്. വന്നുകഴിഞ്ഞാൽ അടുത്ത പ്രാവശ്യം എൽ.ഡി.എഫ്. ആണ് വരിക. ഇങ്ങനെ മാറി മാറി ഗവൺമെന്റുകൾ വരുന്നതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഒരു ഗവൺമെന്റ് എന്തെല്ലാം നല്ല കാര്യങ്ങൾ ചെയ്താലും അടുത്ത ഗവൺമെന്റ് വന്നുകഴിയുമ്പോൾ അതെല്ലാം തള്ളി താഴോട്ടിടും. അങ്ങനെയുള്ള ഒരു ഗതികേടാണ് വരുന്നത്. നമുക്ക് സ്ഥിരമായിട്ടുള്ള ഒരു ഗവൺമെന്റാണ് വേണ്ടത്. ഞാൻ ശ്രീ. കോടിയേരി പറഞ്ഞതിനോട് യോജിക്കുകയാണ്. യാതൊരു സംശയവും അക്കാര്യത്തിൽ വേണ്ട. നമുക്ക് സ്ഥിരമായിട്ടുള്ള ഒരു സർക്കാർ വേണം. ഇപ്പോൾ നിങ്ങൾക്കുതന്നെ കാണാം, 'അതിവേഗം ബഹുദൂരം' പോകുന്ന സർക്കാരാണ് ഇവിടുള്ളത്. നമ്മൾ മുഖ്യമന്ത്രിയുടെ പ്രവർത്തനങ്ങൾ നോക്കുകയാണെങ്കിൽ എനിക്ക് തോന്നുന്നത് നിങ്ങളുടെ ഭാഗത്തുനിന്ന്, ഈ ഗവൺമെന്റിനെ നയിക്കാൻ പറ്റുന്ന ഒരാളിനെ കിട്ടുമെന്ന് തോന്നുന്നില്ല എന്നാണ്. ആർക്കും ഒരു സംശയവുമില്ല. നിങ്ങളിലുള്ള ആൾക്കാർക്കെല്ലാം ഈ കാര്യങ്ങൾ വളരെ വ്യക്തമായിട്ടറിയാം. പക്ഷെ നമ്മുടെ സംസ്ഥാനത്തെ ഗതികേട് എന്താണ്? നമ്മുടെ വരുമാനത്തിന്റെ 91-92 ശതമാനം ഉപയോഗിക്കുന്നത് നമ്മുടെ ദൈനംദിന കാര്യങ്ങൾക്കും പലിശയ്ക്കും അതുപോലെ പെൻഷനും വേണ്ടിയാണ്. വികസനത്തിനുവേണ്ടി ആകെയുള്ളത് 8 ശതമാനം മാത്രമാണ്. അതുകൊണ്ട് ഈ വികസനം നടക്കുകയില്ലെന്ന് വളരെ വ്യക്തമായി നമുക്കെല്ലാപേർക്കും അറിയാം. അപ്പോൾ എന്താണ് ആ കാര്യത്തിൽ ചെയ്യേണ്ടത്? ഇൻവെസ്റ്റ്മെന്റ് വരണമെന്നുണ്ടെങ്കിൽ ഇൻവെസ്റ്റ് ചെയ്യുന്ന ആൾക്കാർക്ക്, നിക്ഷേപകർക്ക് ന്യായമായ ഒരു റിട്ടേൺ കിട്ടണം. റിട്ടേൺ എന്ന് ഞാൻ പറയുന്നത് സ്വാഭാവികമായിട്ടും ബാങ്ക് പലിശയല്ല. ഇപ്പോൾ റിലയൻസിലേക്ക് ഇൻവെസ്റ്റ്മെന്റ് നടത്തുകയാണെങ്കിൽ പത്ത് വർഷംകൊണ്ട് ആ ഷെയറിന്റെ വില ഇരട്ടിയോ, രണ്ടിരട്ടിയോ, മൂന്നിരട്ടിയോ വർദ്ധിക്കുന്നതായി കാണാം. കാര്യങ്ങൾ എങ്ങനെ പോകണമെന്നുള്ളത് രണ്ട് മൂന്ന് മിനിട്ടുകൊണ്ട് പറഞ്ഞ് ഞാൻ നിറുത്തിക്കൊള്ളാം. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനപരമായിട്ടുള്ള കാര്യം ഇൻവെസ്റ്റ്മെന്റ് വരണം എന്നുള്ളതാണ്. നമുക്ക് ഇവിടെ കോടാനുകോടി ഇൻവെസ്റ്റ്മെന്റ് വരാനുള്ള സാഹചര്യമുണ്ട്. അത് ടൂറിസം രംഗത്താണെങ്കിലും അതുപോലെ പുതിയ പാരാമെഡിക്കൽസിനെ സൃഷ്ടിക്കാനുള്ള കോളേജുകൾക്കു വേണ്ടിയാണെങ്കിലും അതിന് എല്ലാ അവസരങ്ങളുമുണ്ട്. അതുപോലെതന്നെ Deep sea fishing, സ്മാർട്ട് വാട്ടർവേ എന്നിവയെക്കുറിച്ച് ഡോ. തോമസ് ഐസക് പറഞ്ഞു. അദ്ദേഹം പറഞ്ഞ കാര്യം വളരെ ശരിയാണ്. എക്സ്പ്രസ്സ് ഹൈവേ വേണം. ഇവിടെ സ്മാർട്ട് വാട്ടർവേയ്സിന് റെയിൽവേയുടെ പകുതി ചെലവേ ഉണ്ടാവുകയുള്ളൂ. എക്സ്പ്രസ്സ് ഹൈവേയാണെങ്കിലും എട്ടിരട്ടിയാണ് സാധാരണ ഗതിയിൽ ചെലവ് വരുന്നത്. പക്ഷെ നമ്മൾ ഒരു കാര്യം മനസ്സിലാക്കണം. ഇവിടെ ഒരു വിഭാഗം ചെയ്യുന്ന കാര്യങ്ങളെല്ലാം മറുഭാഗം അഴിക്കുന്ന ഒരു പ്രവണതയാണ് നാം കാണുന്നത്. സ്വാഭാവികമായിട്ടും കേരളത്തിലെ ജനങ്ങൾ ബുദ്ധിമാൻമാരാണ്. അവർ ചിന്തിച്ചാണ് പ്രവർത്തിക്കേണ്ടത്. കഴിഞ്ഞ കാലത്തെപ്പോലെ ഒരു ഭാഗം ഇപ്രാവശ്യം ജയിക്കുന്നു, മറുഭാഗത്തെ മറിച്ച് ജയിപ്പിക്കുന്നു. ഏതെങ്കിലും കപടനാടകങ്ങൾ അപ്പുറത്തുനിന്ന് അഭിനയിക്കുന്നു. ഈ കപടനാടകത്തിന്റെ അടിസ്ഥാനത്തിൽ ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്ന ഒരു സാഹചര്യം ഉണ്ടാകരുത്. തീർച്ചയായിട്ടും ഈ മേഖലയിൽ വരുന്ന എല്ലാപേർക്കും ആ മേഖലയുമായി കേരളത്തിന്റെ വളർച്ചയ്ക്ക് സഹായകരമാകുന്ന തരത്തിൽ പ്രവർത്തിക്കാനുള്ള കഴിവുണ്ടാകണം. അതിനുള്ള ബുദ്ധിയുണ്ടാകണം. വോട്ടർമാർ, പ്രത്യേകിച്ച് കേരളത്തിലെ ജനങ്ങൾ ഈ കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കി ഏത് ഗവൺമെന്റാണ് ഇവിടെ വരേണ്ടത്, ഏത് ഗവൺമെന്റിനെയാണ് ഇവിടെ നിലനിർത്തേണ്ടത് എന്ന് ചിന്തിച്ചുചെയ്യണം. ശ്രീ. കോടിയേരി പറഞ്ഞതുപോലെ ഇവിടെ ഭരണത്തിന് സ്ഥിരതവേണം, ബംഗാളിൽ നിങ്ങൾ 10-25 കൊല്ലമായി ഭരിക്കുന്നുണ്ട് എന്നുപറഞ്ഞു, സ്വാഭാവികമായിട്ടും ഈ ഗവൺമെന്റും പത്തുമുപ്പതു കൊല്ലക്കാലം ഇവിടെ ഭരിക്കുകയാണെങ്കിൽ കേരളത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങ് സഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടു സംസാരിക്കുന്നു. ഇവിടെ ആഗോള നിക്ഷേപകരുടെ സംഗമം നടന്ന സമയത്ത് വ്യവസായ വകുപ്പുമന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടിയായിരുന്നു. അന്ന് നിക്ഷേപം നടത്താൻവേണ്ടി വന്നയാളുകൾ ഇന്ന് ഇവിടെ വന്ന് നോക്കുമ്പോൾ മന്ത്രി മാറിയിരിക്കുന്നു. അവർ ഉടനെ സ്ഥലംവിട്ടുകൊണ്ടിരിക്കുകയാണ്. അന്നുള്ള മുഖ്യമന്ത്രി മാറിയിരിക്കുന്നു. ഇങ്ങനെ വർഷാവർഷം മന്ത്രിമാർ മാറുന്ന ഒരു സംസ്ഥാനത്ത് ആരെങ്കിലും വരുമോ?

ശ്രീ. ജോർജ് ജെ. മാത്യു: നിക്ഷേപകർ മാറാനുള്ള പ്രധാനപ്പെട്ട കാരണം നിങ്ങളുടെ ഈ നിലപാട് മാത്രമാണ്. അതുകൊണ്ട് കേരളത്തിലെ ജനങ്ങൾ ഇക്കാര്യം മനസ്സിലാക്കി ഇവിടെ സ്ഥിരമായി ഒരു ഭരണം നടത്താനുള്ള സാഹചര്യമുണ്ടാക്കണമെന്ന് വിനയപൂർവം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, പ്രസിഡന്റിന്റെ പ്രസംഗംകേട്ട ഞങ്ങൾക്കൊക്കെ തോന്നിയത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് അദ്ദേഹം വളരെയധികം പ്രാധാന്യം കൊടുത്തു, പാവപ്പെട്ടവരുടെ ജീവിത പ്രശ്നങ്ങളിലേക്ക് അദ്ദേഹം നല്ലവണ്ണം ശ്രദ്ധചെലുത്തി എന്നൊക്കെയാണ്. കൃത്രിമമായ ഒരു വികസനവും സ്ഥിരമായി നിലനിൽക്കില്ല എന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഇതൊക്കെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉൾക്കൊള്ളുന്നതാണ്. അതുപോലെ അദ്ദേഹം പറഞ്ഞത് ഏറ്റവും വലിയ നിക്ഷേപം ജനങ്ങളാണ്, ജനങ്ങളുടെ ശക്തിയാണ് എന്നാണ്. പത്തിനപരിപാടിയിൽ കൂട്ടിച്ചേർത്ത് മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങളൊക്കെ നമ്മൾ ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ പദ്ധതികളെ സംബന്ധിച്ചൊക്കെ ഒത്തിരി ചർച്ചകൾ നടന്നതാണ്. എന്താണ് സർ, ഒരു പൊതുസ്ഥിതി? ഇങ്ങനെ ചർച്ചകൾ നടത്തുന്നുണ്ടെങ്കിലും അപ്പോൾ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്നുള്ളത് പരിശോധിക്കണം. നിങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെന്താണ്? ഏത് കാര്യങ്ങളാണ് നടപ്പിലാകുന്നത്? ഒന്ന് ചോദിച്ചോട്ടെ, പൊതുവിദ്യാഭ്യാസ മേഖലയിൽനിന്ന് നമ്മൾ പിൻവാങ്ങി, അതിനുള്ള ബില്ലുകളല്ലേ ദിവസേന പാസ്സാക്കിക്കൊണ്ടിരിക്കുന്നത്? പൊതുജനാരോഗ്യ രംഗത്തുനിന്ന് നമ്മൾ പതുക്കെ പതുക്കെ പൻമാറിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ രണ്ട് പേർ പട്ടിണികിടന്ന് മരിച്ച കാര്യം നമ്മൾ ചർച്ച ചെയ്തു. പട്ടിണി മരണം, ദാരിദ്ര്യം, ചികിൽസ കിട്ടാത്ത മരണം ഇതൊക്കെ നമ്മളിവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയല്ലേ, പരമ്പരാഗത വ്യവസായത്തിന്റെ എത്രയോ പ്രശ്നങ്ങൾ നിങ്ങളിൽ ചിലർ അവതരിപ്പിച്ചിട്ടുണ്ട്. എത്രയോ വിഷയങ്ങളാണ് ഈ സഭയിൽ വന്നത്. പരമ്പരാഗത വ്യവസായ മേഖലയിലുള്ളവരുടെ പട്ടിണി, അവർക്ക് കൂലിയില്ല, തൊഴിലില്ല, ഞാൻ തൊഴിൽ വകുപ്പുമന്ത്രിയോട് സൂചിപ്പിക്കട്ടെ, കേരളത്തിൽ തോട്ടം തൊഴിലാളി മേഖലയിൽ നടപ്പിലാക്കുന്നതിന് എത്തെല്ലാം തീരുമാനങ്ങളെടുത്തു; എത്ര പ്രഖ്യാപനം നിങ്ങളിവിടെ നടത്തി; അതെല്ലാം ലൈവ് ആയിട്ട് ടി.വി.യിലൂടെ ആളുകൾ കാണുകയല്ലേ? സർ, മൂന്നു തോട്ടം കഴിഞ്ഞയാഴ്ച അവിടെ പൂട്ടിയില്ലേ? ഇന്നുരാവിലെ പീരുമേട് താലൂക്കിൽനിന്ന് എനിക്കു കിട്ടിയ വിവരമാണത്.

മി. സ്പീക്കർ: ശ്രീ. കെ. പി. രാജേന്ദ്രൻ അങ്ങനെയുള്ള ഇഷ്യൂസിലേക്ക് പോകണമോ?

ശ്രീ കെ. പി. രാജേന്ദ്രൻ: എനിക്ക് അത് പറഞ്ഞിട്ടേ പറയാൻ സാധിക്കൂ.

മി. സ്പീക്കർ: നാല് മിന്നിട്ടേ അങ്ങയ്ക്കുള്ളൂ.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാൻ അവസാനിപ്പിക്കാം സർ, ഇതുപറയാതിരിക്കാൻ കഴിയില്ല. കഴിഞ്ഞയാഴ്ച 8000 തൊഴിലാളികൾ

LIBRARY ARCHIVES Kerala Legislative Assembly

പണിയെടുക്കുന്ന മുന്ന് തോട്ടങ്ങൾ പൂട്ടിയില്ലേ? തുറന്ന പല തോട്ടങ്ങളും പൂട്ടിയില്ലേ? 41 തോട്ടങ്ങളിൽ ആറെണ്ണമൊഴിച്ച് ഇടുക്കി ജില്ലയിലെ മുഴുവൻ തോട്ടങ്ങളും പൂട്ടിക്കിടക്കുകയാണ്. നമ്മൾക്ക് ഐ.ടി. വേണോ? കമ്പ്യൂട്ടർ യുഗത്തിലേക്ക് മാത്രം പോയാൽ മതിയോ? പാവപ്പെട്ട, പട്ടിണികിടക്കുന്ന നാമമാത്രമായിട്ടുമാത്രം പണിയുള്ള കൂലിപോലും കിട്ടാതെ വിഷമിക്കുന്ന, ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ കഴിയുന്ന പാവപ്പെട്ട തൊഴിലാളികളെ മറന്നുകൊണ്ട് എന്ത് വികസനമാണ് കേരളത്തിൽ നടത്താൻപോകുന്നത്? കേരളത്തിന്റെ വികസനവും കേരളത്തിന്റെ മുന്നേറ്റവും ഉണ്ടാകുന്നത് കാർഷിക മേഖലയിലല്ലേ? 268 കൃഷിക്കാർ തകർച്ചകൊണ്ട് ജീവിക്കാൻ കഴിയാതെ ആത്മഹത്യ ചെയ്തു എന്നല്ലേ പ്രിയപ്പെട്ട ഗൗരിയമ്മ ഇവിടെ ഞങ്ങളോട് പറഞ്ഞത്? കാർഷിക മേഖലയിൽ ആത്മഹത്യ ചെയ്തവരുടെ എണ്ണം ആയിരത്തിയഞ്ഞൂറ് എന്ന് ഞങ്ങൾ പറയുമ്പോൾ പ്രിയപ്പെട്ട ഗൗരിയമ്മ പറയുന്നത് 268 പേർ മാത്രമേ ആത്മഹത്യ ചെയ്തിട്ടുള്ളുവെന്നാണ്.

മി. സ്പീക്കർ: ഈ ഡിസ്ക്ഷൻ വിമർശനത്തിനേക്കാൾ കൺസ്ട്രക്ടീവ് ആകണം. ഇതൊരു അവിശ്വാസ പ്രമേയ ചർച്ചയല്ല. ലൈവ് ഉണ്ടെന്നുവച്ചിട്ട് സുഖിപ്പിക്കാൻ പറഞ്ഞിട്ട് കാര്യമില്ല. കൺസ്ട്രക്ടീവ് ആയി സംസാരിക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണിടം വിദ്യയാക്കാൻ നോക്കുകയാണ്. ഞാൻ അങ്ങ് ഇടപെട്ടതുകൊണ്ട് പറയാം. പ്രസിഡന്റ് വന്നു പ്രസംഗിച്ചു, അതിന്റെ ഒരു ചർച്ചയുണ്ട്, എന്നാൽ ദുബായ് സിറ്റിയുടെ കരാർ, സ്മാർട്ട് സിറ്റിയങ്ങ് ഒപ്പിടാം, ഇൻഫോസിസ് അങ്ങ് വിട്ടുകൊടുക്കാം, കേരളത്തിന്റെ ഭൂമിയങ്ങ് ചുളുവിലയ്ക്ക് കൊടുക്കാം, കേരളത്തിന്റെ പൊതുസ്വത്ത് വിൽക്കാം എന്ന് കാബിനറ്റിൽ തീരുമാനിച്ച് വന്നു. ഇത് സത്യമാണ്. പ്രസിഡന്റ് പറഞ്ഞ കാര്യങ്ങൾ ചർച്ച ചെയ്യുകയാണ്. നമുക്കൊരുമിച്ചുനിൽക്കാം. ഒരുമിച്ച് ആലോചിക്കാമെന്ന് പറഞ്ഞാൽ അത് അംഗീകരിക്കാൻ പറ്റുമോ? അത് അംഗീകരിക്കാനാണോ ഞങ്ങൾ ഇവിടെയിരിക്കുന്നത്? അതിന് കൈപൊക്കാനാണോ ഞങ്ങൾ ഇവിടെയിരിക്കുന്നത്? കേരളത്തിന്റെ പ്രശ്നങ്ങൾ പറയാനാണ് ഞങ്ങളെ ജനങ്ങൾ തെരഞ്ഞെടുത്തയച്ചിരിക്കുന്നത്. പ്രസിഡന്റ് പറഞ്ഞതിൽനിന്ന് ഞങ്ങൾ മനസ്സിലാക്കിയത് ദാരിദ്ര്യ നിർമ്മാർജ്ജനമാണ് ഏറ്റവും പ്രധാനമായി എടുക്കേണ്ടത് എന്നാണ്. ആദിവാസികൾ വെടിയേറ്റ് മരിക്കുന്ന ഒരു സംസ്ഥാനത്ത്, നൂറോളം ആദിവാസികൾ അട്ടപ്പാടി മേഖലയിൽ മാത്രം കൊലചെയ്യപ്പെട്ട ഒരു സംസ്ഥാനത്ത് പാവപ്പെട്ട പിഞ്ചുകുട്ടികൾക്കുപോലും സംരക്ഷണമില്ലാത്ത, ക്രമസമാധാനമില്ലാത്ത സ്റ്റേറ്റിൽ അത്.....

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: അതുപറയാതെ പ്രസിഡന്റിന്റെ പ്രസംഗം എങ്ങനെ ചർച്ചചെയ്യും, ഞങ്ങളും നിങ്ങളും തമ്മിൽ വൃത്യാസമുണ്ട്. പ്രസിഡന്റ് പ്രസംഗിച്ചു, നമ്മൾ മന്നാണ്, എല്ലാപേർക്കും ഒരുമിച്ച് കയ്യടിക്കാം.

LIBRARY ARCHIVES Kerala Legislative Assembly.

ഇനി സ്മാർട്ട് സിറ്റിയെങ്ങ് ഒപ്പിട്ടുകൊടുക്കാം, ഇൻഫോസിസ് അങ്ങ് വിട്ടുകൊടുക്കാം എന്ന് പറഞ്ഞാൽ അംഗീകരിക്കാൻ കഴിയുമോ? അത് അംഗീകരിക്കാനാണോ ഈ ചർച്ച? കേരളത്തിലെ തോട്ടം തൊഴിലാളികൾ പട്ടിണി കിടക്കുന്നതും കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നതും പാവപ്പെട്ട പിഞ്ചുകുഞ്ഞുങ്ങളെ ബലാൽസംഗം ചെയ്ത് കൊല്ലുന്നതും അട്ടപ്പാടി മേഖലയിലെ ആദിവാസികൾ പീഡിപ്പിക്കപ്പെടുന്നതും ഈ സഭയിൽ പറയണ്ടേ? അതല്ലേ കഴിഞ്ഞ ഒന്നര മാസമായി ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്? ഇവിടെ 168 റേഷൻ കടകൾ പൂട്ടി. ഇനി ഫ്രീ കൂപ്പൺ വന്നാൽ പാവപ്പെട്ടവന്റെ റേഷൻ മുട്ടിപ്പോകില്ലേ? പാവപ്പെട്ടവന്റെ കഞ്ഞികൂടി മുട്ടിപ്പോകില്ലേ? പാവപ്പെട്ടവരും ദരിദ്രരും പട്ടിണിക്കാരുമായ കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിലെ കയർത്തൊഴിലാളികളെ മറന്നുകൊണ്ട് എന്ത് വികസനമാണ്? ഇക്കാര്യങ്ങളൊക്കെ പറയാതെ ഞങ്ങൾക്ക് എങ്ങനെ പ്രസംഗിക്കാൻ പറ്റും? നിങ്ങളുടെ പൊതുവിദ്യാഭ്യാസ നയത്തിന്റെ മകുടസാക്ഷിയായ രജനി എന്ന പെൺകുട്ടിയുടെ കാര്യം പറയണ്ടേ? അത് പറയാതെ പോകാൻ കഴിയുമോ? ജോണി എന്ന ഒരു പാവപ്പെട്ടവൻ പോലീസിന്റെ വെടിയേറ്റ് മരിച്ചു എന്നുപറഞ്ഞാൽ അത് വികസനത്തിന് എതിരാകുമോ? പാവപ്പെട്ടവർക്കുവേണ്ടി, ദരിദ്രർക്കുവേണ്ടി, സമൂഹത്തിലെ അടിത്തട്ടിലുള്ളവർക്കുവേണ്ടി ശബ്ദിക്കാനും പറയാനും ..... (ബഹളം).....ഇതാണോ സ്ഥിതി?

മി. സ്പീക്കർ: ഈ ചർച്ചയെപ്പറ്റി ചെയറിന്റെ സങ്കൽപ്പം ഞാൻ പറയാം, ഇത് ഭരണകക്ഷിയും പ്രതിപക്ഷവും അങ്ങോട്ടും ഇങ്ങോട്ടും വിമർശിക്കാനും പറയാനുമുള്ള സന്ദർഭമല്ല. സംസ്ഥാനത്ത് ആര് ഭരിച്ചാലും സംസ്ഥാനത്തിന് ദിശാബോധമാണ് വേണ്ടത്. അതിനെക്കുറിച്ചാണ് സംസാരിക്കേണ്ടത്. പിന്നെ, ശുപാർശയ്ക്കുവേണ്ടി മുഖ്യമന്ത്രിയുടെ അടുത്ത് ഇങ്ങനെ കൂടിനിൽക്കരുത്. ദയവുചെയ്ത് ആരും മുഖ്യമന്ത്രിയുടെ അടുത്തേക്ക് വരാതിരിക്കുക. അദ്ദേഹം ഇത് കേൾക്കട്ടെ, പ്രതികരിക്കട്ടെ.

ശ്രീ. കെ. പി. രാജേന്ദ്രൻ: കഴിഞ്ഞ നാല് വർഷമായി പറഞ്ഞ കാര്യങ്ങളൊന്നും ചെയ്യാതെ ഈ രാജ്യത്തെ ജനങ്ങളെ കബളിപ്പിക്കുകയും ചതിക്കുകയും ചെയ്ത നിങ്ങളുടെ പ്രവൃത്തിയിൽ മനംനൊന്താണ് പ്രസിഡന്റ് ഇക്കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞത്. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):* പ്രസിഡന്റ് ഇവിടെ വന്ന് പ്രസംഗിച്ചത് നമ്മൾ കേട്ടതാണ്. കേരളം എങ്ങോട്ട് പോകണം എന്നതിനെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് അദ്ദേഹം പറഞ്ഞത്. ഈ ഭാഗത്തുനിന്ന് കയ്യടി വന്നപ്പോൾ അദ്ദേഹം ചോദിച്ചു, എന്തുകൊണ്ട് ആ ഭാഗത്തുനിന്ന് കയ്യടി വന്നില്ല. നിക്ഷേപവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സൗഹൃദ അന്തരീക്ഷം ഉണ്ടാക്കുന്ന കാര്യമാണ് പറഞ്ഞത്. അവിശ്വാസചർച്ചയിലുണ്ടായ പരാജയം മറയ്ക്കാൻ ഇങ്ങനെ പറയുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: പ്രസിഡന്റിനോട് ഒരു ബഹുമാനക്കുറവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് പ്രസിഡന്റിനെ സ്വാഗതം ചെയ്തുകൊണ്ട് പ്രസംഗിച്ചപ്പോൾ ഒരു കാര്യം പറഞ്ഞു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗം ഞാൻ ശ്രദ്ധാപൂർവ്വം കേട്ടു. അങ്ങ് പറഞ്ഞു, ഈ നിയമസഭയ്ക്ക് പല ചരിത്രങ്ങളുമുണ്ട്; വിദ്യാഭ്യാസ ബിൽ പാസ്സാക്കിയ നിയമസഭയാണ്, ഭൂപരിഷ്കരണ നിയമം പാസ്സാക്കിയ നിയമസഭയാണ് എന്നൊക്കെ. അതേ നിയമസഭയിൽ ഭൂപരിഷ്കരണ നിയമം അട്ടിമറിക്കപ്പെടുമ്പോൾ എതിർക്കണ്ടേ? അതേ നിയമസഭയിൽ തൊഴിലാളികൾക്കെതിരായി ഓരോരോ നിയമങ്ങൾ വരുമ്പോൾ എതിർക്കണ്ടേ? അതേ നിയമസഭയിൽ പാവപ്പെട്ടവന്റെ കുട്ടികൾക്ക് വിദ്യാഭ്യാസം നഷ്ടപ്പെടുന്ന കാര്യം പറയണ്ടേ? ഇവിടെ സുനാമി ദുരന്തമുണ്ടായി. നമ്മളെല്ലാവരും ഒന്നിച്ചുനിന്നില്ലേ? ഈ സഭയിൽ ഒന്നിച്ചു ചർച്ച ചെയ്തില്ലേ? മലയാളികളുടെ നൻമ നാം കണ്ടറിഞ്ഞതല്ലേ? മുഖ്യമന്ത്രിയുടെ ഫണ്ടിലേക്ക് എത്ര കോടി രൂപ വന്നു? പക്ഷേ, ഇപ്പോഴും ആലപ്പാട്ട് പഞ്ചായത്തിലും ശ്രീ. ദേവകുമാറിന്റെ നിയോജകമണ്ഡലമായ ആറാട്ടുപുഴയിലും പാവപ്പെട്ടവൻ പിടഞ്ഞുകിടക്കുന്ന ദുഃഖകഥ ഈ സഭയിൽ പറയണ്ടേ? അതല്ലാതെ പ്രസിഡന്റ് വന്നു പറഞ്ഞു; സമന്വയത്തിന്റെ പാതയിൽ പോകാമെന്ന് പറഞ്ഞാൽ അത് അംഗീകരിക്കാനാണോ ഞങ്ങളിരിക്കുന്നത്? അതുകൊണ്ട് ആരോഗ്യ, വിദ്യാഭ്യാസ മേഖലയിൽ നിങ്ങൾ പിന്നോട്ടുപോയാൽ അത് കേരളത്തിന്റെ തകർച്ചയാണ്. ആരോഗ്യ-പൊതുവിദ്യാഭ്യാസ രംഗത്തുനിന്ന്, പൊതുവിതരണ സമ്പ്രദായത്തിൽനിന്ന് നിങ്ങൾ പിന്നോട്ടുപോവുകയാണ്. പാവപ്പെട്ടവന്റെ ജീവിതം ഭദ്രമാക്കാൻ എടുത്ത മാരോ നടപടികളിൽനിന്നും പുറകോട്ടുപോയാൽ അത് കേരളത്തിന്റെ തകർച്ചയാകും. കമ്പ്യൂട്ടറിന്റെ മുൻപിൽ ഇരുന്നാൽ പാവപ്പെട്ടവന്റെ വിശപ്പ് അടങ്ങില്ല. ഇതിന്റെ മറവിൽ സ്മാർട്ട് സിറ്റി ഒപ്പിട്ടു. കേരളത്തിന്റെ സ്വത്ത് കയ്യടക്കാനാണ് നീക്കമെങ്കിൽ ഞങ്ങൾ അത് അംഗീകരിക്കില്ല. പ്രസിഡന്റിനോടുള്ള ബഹുമാനംവച്ചുകൊണ്ടുതന്നെ പ്രസിഡന്റ് പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ ഇച്ഛാശക്തിയോടുകൂടി തീരുമാനങ്ങളെടുക്കുമോ? ഞങ്ങളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുമെങ്കിൽ നമുക്ക് യോജിക്കാം. യോജിച്ച് അഭിപ്രായങ്ങൾ പറയാം. ടി.വി.യിൽ ലൈവൊക്കെയുണ്ട്, അതുകൊണ്ട് മുഖ്യമന്ത്രിക്ക് മംഗളപത്രം പാടാം എന്നൊന്നും തീരുമാനിച്ച് വന്നവരല്ല ഞങ്ങൾ എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ഞാൻ വീണ്ടും പറയുകയാണ്, ചെയർ മാത്രമല്ല, ജനങ്ങൾ പ്രതീക്ഷിക്കുന്ന ചർച്ചയാണ് വേണ്ടത്. വിഴുപ്പലക്കലല്ല ഈ ചർച്ചകൊണ്ടുദ്ദേശിക്കുന്നത്. ഈ രാജ്യത്തിന് പൊതുവായ ദിശാബോധമുണ്ടാക്കാൻ ഉത്തരവാദപ്പെട്ട അംഗങ്ങൾ ഉയരുന്നുണ്ടോ എന്ന് ജനങ്ങൾ തീരുമാനിക്കും.

ശ്രീ. കെ. എൻ. എ. ഖാദർ: ആദരണീയനായ രാഷ്ട്രപതി ശ്രീ. എ. പി. ജെ. അബ്ദുൾ കലാം വളരെയധികം പാരമ്പര്യവും ഭരണപരിഷ്കാരങ്ങളുടെ ചരിത്രവുമുള്ള പരിശുദ്ധമായ ഈ നിയമസഭാവേദിയിൽവച്ച്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ 320 ലക്ഷത്തോളംവരുന്ന ജനങ്ങളെ അഭിസംബോധന ചെയ്തത് നാം കണ്ടതാണ്. മൂന്ന് കോടി ഇരുപത് ലക്ഷം ജനങ്ങളെ പ്രതിനിധാനം ചെയ്യുന്ന നമ്മെ നോക്കി കേരളത്തിന്റെ ഭാവിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സങ്കൽപ്പങ്ങൾ വളരെ വ്യക്തമായി ഇവിടെ അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ 10 കൽപ്പനകളും ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി കേരള ജനതയ്ക്കുവേണ്ടി അതിനോട് കൂട്ടിച്ചേർത്ത മൂന്ന് കൽപ്പനകളും ഉൾപ്പെടെ 13 കൽപ്പനകൾ നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യപ്പെടുന്ന ഈ വേളയിൽ അതിൽ പങ്കെടുക്കുവാൻ വിനീതനായ എനിക്ക് അവസരമുണ്ടായതിൽ ഞാൻ വളരെയേറെ സന്തോഷിക്കുകയാണ്. കേരളത്തിന്റെ വളർച്ചയ്ക്കും വികാസത്തിനുംവേണ്ടി വലിയ സംഭാവന ഐക്യജനാധിപത്യ മുന്നണിയും ഇടതുപക്ഷജനാധിപത്യ മുന്നണിയും വിവിധ കാലഘട്ടങ്ങളിൽ അർപ്പിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്. കേരളത്തിന്റെ വികാസത്തിൽ ഓരോരുത്തരും എത്രകണ്ട് പങ്കുവഹിച്ചു, ഏതെല്ലാം കാര്യങ്ങളിൽ വഹിച്ചു, എന്നതിനെ സംബന്ധിച്ച് ഒരു സൂക്ഷ്മപരിശോധന നടത്തണം അല്ലാതെ പരസ്പര ആരോപണ പ്രത്യാരോപണങ്ങൾ ഉന്നയിക്കാൻ ഈ വിലയേറിയ നിമിഷങ്ങൾ ചെലവാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. സംസ്ഥാനത്തിന്റെ നൻമയ്ക്കുവേണ്ടി കേരളത്തിൽ അധികാരത്തിലിരുന്ന ഗവൺമെന്റുകളെല്ലാം ശ്രമിച്ചിട്ടുണ്ടെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ബഹുമാനപ്പെട്ട ആന്റണിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റും ഇപ്പോൾ ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ തുടർന്നുകൊണ്ടുപോകുന്ന ഗവൺമെന്റും കേരളത്തിന്റെ ദിശാബോധം മാറ്റിയെടുക്കുന്നതിനുവേണ്ടി, കേരളത്തിന്റെ വികസനത്തിനുവേണ്ടി പുതിയ മുദ്രാവാക്യങ്ങൾ ആവിഷ്കരിക്കാൻ ശ്രമിച്ചതിന്റെ ഫലമായി സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വ്യാവസായികമേഖലയായ എറണാകുളം മേഖലയിൽത്തന്നെ വാസ്തവത്തിൽ 20,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. വല്ലാർപാടം കണ്ടയിനർ ടെർമിനലിന് 2118 കോടി രൂപ, എൻ.ടി.പി.സി.—6600 കോടി രൂപ, എൽ.എൻ.ജി. റീഗ്യാസിഫിക്കേഷൻ—2300 കോടി രൂപ, പെട്രോ കെമിക്കൽസ് വാതക പ്ലാന്റ്—7000 കോടി രൂപ, ഇന്റർനാഷണൽ ബാങ്കിംഗ് ടെർമിനൽ—195 കോടി രൂപ, ഷിപ്പ് റിപ്പയർ കോംപ്ലക്സ്—315 കോടി രൂപ, Single Buoy Mooring, CLR—720 കോടി രൂപ, International Cruise Terminal—55 കോടി രൂപ, Special Economic Zone—510 കോടി രൂപ. ഇങ്ങനെ 20,000ത്തിൽപ്പരം കോടി രൂപയുടെ വികാസം കൊച്ചി മേഖലയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഈ പ്രത്യേകമായ സാസത്തിക മേഖലകൾ ചൈനയിലൊക്കെ ഉള്ളതുപോലെ കേരളത്തിലും നടപ്പിലാക്കണമെന്ന് പ്രസിഡന്റിന്റെ നിർദ്ദേശങ്ങളിലുണ്ട്. പ്രസിഡന്റ് ഇവിടെ അവതരിപ്പിച്ച രേഖയുടെ 27-ാം പേജിൽ 4 Economic Zones-നെപ്പറ്റി പറഞ്ഞിട്ടുണ്ട്:

(a) Kerala Government will provide land in a particular area, power, water, physical and electronic connectivity.

LIBRARY ARCHIVES Kerala Legislative Assembly

(b) Fast single window clearance for attracting the investment.

(c) Kerala's Legislative Assembly's assurance for proactive policies for ensuring the uninterrupted work culture in the economic zone.

(d) Employees have to be partners in these enterprises.

അങ്ങനെ സ്വതന്ത്രമായ സാമ്പത്തിക മേഖലകൾ ഉൾപ്പെടെ സ്ഥാപിച്ചു കൊണ്ട് കേരളത്തിന്റെ വികസനത്തിന് വഴിയൊരുക്കുന്നതിന് വളരെയേറെ സഹായിക്കുന്ന ഈ രേഖയെക്കുറിച്ച് വീണ്ടും ഇതിൽ പറയുന്ന കാര്യങ്ങൾ പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ നമുക്കറിയാം, ഇതിന് പണം കണ്ടെത്തണം. ഡോ. തോമസ് ഐസക് സംസാരിച്ചപ്പോൾ ഞാൻ വളരെ ശ്രദ്ധാപൂർവ്വം കേട്ടു. ഞാൻ അദ്ദേഹത്തിൽനിന്ന് ഒരുപാട് പ്രതീക്ഷിച്ചിരുന്നു. ഇന്ന് അദ്ദേഹത്തെ സംസാരിക്കാൻ ഏൽപ്പിച്ചത് ഇതുപോലെയുള്ള കാര്യങ്ങൾ പറയാൻ ഏറ്റവും suitable ആയിട്ടുള്ള അംഗം അദ്ദേഹമാണ് എന്നതുകൊണ്ടായിരിക്കും. പക്ഷേ, അദ്ദേഹം പറഞ്ഞുവന്നപ്പോൾ അതൊന്നും കിട്ടിയില്ല. ഇവിടെ കാശുണ്ടോ എന്നുചോദിച്ചിട്ട് അദ്ദേഹം ചിരിച്ചു. ആ ചിരിയിലുണ്ട്, ഇല്ല, നശിച്ചുപോയി എന്ന്. നന്നാക്കാൻ അദ്ദേഹത്തിന്റെ കയ്യിൽ പദ്ധതിയില്ല. നന്നാവുകയും ചെയ്യരുത്, അതിനൊക്കെ ഉത്തരവാദികൾ നിങ്ങളാണ് എന്നു പറഞ്ഞിട്ട് അദ്ദേഹം ഇരുന്നു. ഇതാണോ ഇൻഡ്യൻ പ്രസിഡന്റ് ഉദ്ദേശിച്ചത്? ഇത് ഇവിടെയിരുന്ന് കേൾക്കാൻ ഇൻഡ്യൻ പ്രസിഡന്റിന് ഭരണഘടനാപരമായി വകുപ്പില്ല.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി]

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ ഗൗരവതരമായ ഒരു ചർച്ച നടക്കുമെന്നുള്ള പ്രതീക്ഷയിലാണ് ഞങ്ങളൊക്കെ വന്നത്. മുഖ്യമന്ത്രിയുടെ അവതരണത്തിനകത്ത് ഈ പത്ത് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഇന്നയിന്ന കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു എന്ന ഒരു രേഖ സമർപ്പിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. അങ്ങനെയൊന്നും ഇല്ലാത്ത ഒരു അവതരണമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ നടത്തിയത്. മുഖ്യമന്ത്രി അവതരിപ്പിച്ച അവതരണത്തിൽത്തന്നെ ഗവൺമെന്റിന്റെ സമീപനം വ്യക്തമായിരിക്കുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വളരെ ഗൗരവതരമായ ഒരു ചർച്ചയായിട്ടാണ് ഞങ്ങൾ ഇതിനെ കാണുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിനായി അനുവദിച്ച അവസാന സമയങ്ങളിൽ നമ്മുടെയെല്ലാം നിർദ്ദേശങ്ങൾക്കുശേഷം വളരെ നന്നായി കാര്യങ്ങൾ പറയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. സംസ്ഥാനത്തിന്റെ വികസനത്തിന് എവിടെന്ന് കാശുണ്ടാക്കണം; അതിന് സാമ്പത്തിക സ്ഥാപനങ്ങളിൽനിന്ന് പണം കടം വാങ്ങണം; അതുപോലെ വിദേശത്ത് ജോലിചെയ്യുന്ന മലയാളികളുടെ സഹായം സ്വീകരിക്കണം; ഇവിടെത്തന്നെ ഇതിനുവേണ്ടി പ്രത്യേകമായ ഒരു ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സ്വരൂപിക്കുന്നതിനുതക്ക സാമ്പത്തിക സ്ഥാപനങ്ങൾ ഉണ്ടാക്കാൻ കഴിയുമോ യെന്ന് പരിശോധിക്കണം. അതിനെല്ലാം ഉപരിയായി നമുക്ക് ചെയ്യാൻ സാധിക്കുന്ന മറ്റ് പല കാര്യങ്ങളുമുണ്ട്. ഈ സാമ്പത്തിക കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സാമ്പത്തികമായ വളർച്ച ഉണ്ടാക്കാത്ത കേരളത്തിൽ തുടർന്നുവന്ന വികസനത്തിന്റെ ഒരു രീതിയുണ്ട്. കേരള മോഡൽ ഡെവലപ്മെന്റ് എന്നു പറയുന്ന ഒരു ഡെവലപ്മെന്റുണ്ട്. അത് സാമൂഹികമായ വളർച്ച മാത്രമാണ്— വിദ്യാഭ്യാസ രംഗത്തും ആരോഗ്യരംഗത്തുമുള്ള വളർച്ച. അതേസമയം അതിന് സാമ്പത്തികമായ വളർച്ച ഉണ്ടാക്കാൻ കഴിയുന്നില്ല. ആ മോഡൽ മാറി പുതിയ മോഡലിലുള്ള വികസനം സ്ഥാപിക്കേണ്ടതുണ്ട്. അതിന് കൃഷിയും പരമ്പരാഗത വ്യവസായങ്ങളും ഉൾപ്പെടെ മുഖ്യമന്ത്രി കൂട്ടിച്ചേർത്തത് നന്നായി. കാർഷിക മേഖലയിൽ റബ്ബർ തുടങ്ങിയ..... പ്രത്യേകിച്ച് നാളികേര കൃഷിക്കാർക്ക് പ്രത്യേകമായ ഒരു പദ്ധതി ഇതിന്റെ കൂട്ടത്തിൽ ആവിഷ്കരിക്കണം. പരമ്പരാഗത വ്യവസായ രംഗത്ത് ആവശ്യമായിട്ടുള്ളത് മോഡേണൈസേഷനാണ്. സാധാരണമാതിരിയുള്ള ഡിസ്ക്കൗണ്ടോ ആനുകൂല്യങ്ങളോ ഒരു സാമൂഹികക്ഷേമ പ്രവർത്തനമോ അല്ല. മറിച്ച് മോഡേണൈസേഷനാണ് ആവശ്യമായിട്ടുള്ളത്. അങ്ങനെയുള്ള ആധുനികവൽക്കരണം ഇതിന് ആവശ്യമാണ്. സ്മാർട്ട് സിറ്റി വന്നാൽ ബഹുരാഷ്ട്ര കുത്തകകളാണ് ഭയപ്പെടുക. ഐ. ടി. പാസ്സായ കുട്ടികൾക്ക് ഇവിടെത്തന്നെ ജോലി കിട്ടുമ്പോൾ അവർക്കൊക്കെ ജോലി കൊടുക്കാൻ ഈ സ്ഥാപനങ്ങൾ ഇങ്ങോട്ടുവരുന്നതിൽ എന്താണ് തെറ്റ്? ബഹുമാനപ്പെട്ട സഖാവ് ബുദ്ധദേവ് ഭട്ടാചാര്യ, 5000 ഏക്കർ സ്ഥലമാണ് സൗജന്യമായി ഒരു ഇന്റർനേഷ്യൻ കമ്പനിക്ക് കൊടുത്തത്. ഇത് ഞാൻ രണ്ട് ദിവസം മുമ്പത്തെ പത്രത്തിൽ വായിച്ചതാണ്. അദ്ദേഹം ബുദ്ധിമാനാണ്; നല്ലവനാണ്; രാജ്യത്തിന്റെ ഭാവിയിൽ താല്പര്യമുള്ള മുഖ്യമന്ത്രിയാണ് ബംഗാൾ മുഖ്യമന്ത്രിയെന്ന് ഞാൻ കരുതുകയാണ്. അതുകൊണ്ടാണ് 5000 ഏക്കർ സ്ഥലം സൗജന്യമായി ഇന്റർനേഷ്യൻ കമ്പനിക്ക് അദ്ദേഹം കൊടുത്തത്. അതു പോലെ ആവശ്യമെങ്കിൽ നമ്മുടെ ആളുകൾ വിദേശത്തു പോയി ജോലി ചെയ്യുന്ന ആ ബഹുരാഷ്ട്രകുത്തകകളുടെ സ്ഥാപനങ്ങൾ ഇവിടെത്തന്നെ ആരംഭിക്കുന്നതിനു നമ്മൾ എന്തിന് എതിര് നിൽക്കണം? നമ്മൾ ഇവിടെ ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് നടത്തി. എനിക്ക് ഇവരോട് ഒരു അഭിപ്രായ വ്യത്യാസവുമില്ല. അവർ പറഞ്ഞതിനു മറുപടി പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നില്ല. ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് കേരളത്തിൽ പരസ്യമായി നടത്തിയതിന് കുറച്ച് ഫലമുണ്ടായി. എല്ലാം നടന്നിട്ടുണ്ടാവില്ല. പക്ഷേ, ഇവരുടെ കാലത്ത് ഒരു ഇൻവെസ്റ്റ്മെന്റ് മീറ്റ് തമിഴ്നാട്ടിൽ നടത്തി. അത് ട്രാൻസ്പേരന്റായി നടത്തിയില്ല. ഇപ്പോൾ പ്രസിഡന്റ് നിർദ്ദേശിച്ച പദ്ധതികളിൽ പ്രസിഡന്റ് കൊടുത്ത അസംസ്കൃത പദാർത്ഥങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എക്സ്പ്ലോയിറ്റ് ചെയ്യാൻ നല്ല നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ടൈറ്റാനിയം സ്പോഞ്ച്, ടൈറ്റാനിയം ഡയോക്സയിഡ് തുടങ്ങിയ പ്രോഡക്ട്സിനെപ്പറ്റി പറയുന്നുണ്ട്. ഇപ്പോൾ കരിമണൽ ഖനനവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുന്നതിനെപ്പറ്റിയുള്ള പ്രൊപ്പോസൽസ് ഇതിലുണ്ട്. അതുപോലെ വിമാനത്താവളങ്ങൾ നന്നാക്കിക്കൊടുക്കേണ്ടതായിട്ടുണ്ട്. കോഴിക്കോട്, തിരുവനന്തപുരം, നെടുമ്പാശ്ശേരി വിമാനത്താവളങ്ങൾക്ക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ ആവശ്യമായിവരും. പ്രസിഡന്റിന്റെ ഈ നിർദ്ദേശത്തിൽ പ്രൈവറ്റ് പാർട്ടിസിപ്പേഷൻ തീർച്ചയായിട്ടും ഉണ്ട്. ഈ വിമാനത്താവളങ്ങൾ കൂടുതൽ നന്നാക്കിയെടുക്കണം. അതുപോലെയാണ് ടൂറിസം മേഖലയിൽ ആയുർവേദം. ഞാൻ രാവിലെ ചോദ്യോത്തരസമയത്ത് പറഞ്ഞതുപോലെ ലോകത്തിലെ ഏറ്റവും നല്ല ഹെർബൽ ഗാർഡൻ നമുക്ക് ഇവിടെയുണ്ടാക്കണം. ലോകത്ത് എവിടെയും കിട്ടാത്ത ഏറ്റവും നല്ല ഔഷധ സസ്യങ്ങൾ ഉൾക്കൊള്ളുന്ന ഹെർബൽ ഗാർഡൻ നമുക്കുണ്ടാകണം. കൂടാതെ ക്ലീൻ അക്കോമഡേഷൻ വേണമെന്ന് പ്രസിഡന്റ് പറഞ്ഞിട്ടുണ്ട്. നമ്മുടെ പൊതുമരാമത്ത് വകുപ്പൊക്കെ വിചാരിച്ചാൽ എക്സ്പ്രസ് ഹൈവേപോലെയുള്ള ഹൈവേയുണ്ടാക്കുന്നതോടൊപ്പം ഇതും ഉണ്ടാക്കാൻ സാധിക്കും എക്സ്പ്രസ് ഹൈവേ അവരുടെ കാലത്ത് നിർദ്ദേശിച്ചതാണ്. നല്ല കാര്യമാണ്. അവർ പറഞ്ഞാലും നമ്മൾ സ്വീകരിക്കണം. അതിൽ വിമുഖത കാണിക്കാൻ പാടില്ല. അതുകൊണ്ട് ഇവർ ആരംഭിച്ച ആ എക്സ്പ്രസ് ഹൈവേ നമ്മൾ പൂർത്തിയാക്കണം. അതുപോലെ വിമാനത്താവളങ്ങൾ നന്നാക്കണം. നല്ല റോഡുകളുണ്ടാക്കണം. സ്മാർട്ട് വാട്ടർവേ എന്നു പറയുന്നത് പ്രസിഡന്റിന്റെ ഏറ്റവും നല്ല നിർദ്ദേശമാണ്. ആ വാട്ടർവേ എങ്ങനെയെങ്കിലും സംഘടിപ്പിക്കാൻ സാധിക്കണം. നമ്മുടെ റസ്റ്റ് ഹൗസുകളൊക്കെത്തന്നെ ക്ലീൻ അക്കോമഡേഷന് സാധിക്കുന്ന സ്ഥാപനങ്ങളായി മാറ്റാവുന്നതാണ്. ഇപ്പോൾ മദ്യപാനികളും അതുപോലെ പല ബിസിനസ്സുകാരും വെറ്റില ചവച്ച് തുപ്പി നശിപ്പിച്ചിട്ടിരിക്കുന്ന ഒന്നിനും കൊള്ളാത്ത തരത്തിലുള്ള റസ്റ്റ് ഹൗസുകൾക്കുവേണ്ടി പ്രൈവറ്റ് പാർട്ടിസിപ്പേഷനോടുകൂടി കുറച്ചു കാശുമുടക്കി നന്നാക്കിയാൽ അവിടെ ഒന്നാന്തരം അക്കോമഡേഷൻ ഉണ്ടാക്കാൻ സാധിക്കും. ടൂറിസ്റ്റ് മേഖലയിൽ മാത്രമല്ല, വിദ്യാഭ്യാസ മേഖലയിൽ ഒരുപാട് പരിവർത്തനം ഉണ്ടാക്കി. ഈ മേഖലയിൽ ലോകനിലവാരത്തിലുള്ള സ്ഥാപനങ്ങളും പുതുതായി ആരംഭിക്കാൻ നമുക്ക് സാധിക്കും. അതിനുള്ള സൗകര്യങ്ങളൊക്കെ ഇന്ന് ഇവിടെയുണ്ട്. നമ്മുടെ ചെറുപ്പക്കാർക്ക് ജോലിയുണ്ടാക്കിക്കൊടുക്കാൻ സാധിക്കുന്ന ഒരുപാട് സംഗതികൾ ചെയ്യാനുള്ള നല്ലനല്ല നിർദ്ദേശങ്ങളാണ് പ്രസിഡന്റ് ഇവിടെ മുന്നോട്ടുവച്ചിട്ടുള്ളത്. അതുപോലെ നിങ്ങൾക്കറിയാം, നമ്മുടെ ഭരണ സംവിധാനത്തിൽ ഉദ്യോഗസ്ഥരുടെ സഹകരണം ആവശ്യമാണ്. ഉദ്യോഗസ്ഥരുടെ മേഖലയിലും

LIBRARY ARCHIVES Kerala Legislative Assembly

പതിൻമടങ്ങ് ശക്തി കയർ മേഖലയിൽ അവർക്കുണ്ടെന്ന് ഡോ. തോമസ് ഐസക്കാണെന്നു തോന്നുന്നു, ഇവിടെ പറഞ്ഞു. ആ പതിന്മടങ്ങ് ശക്തി ഇതിനോട് സഹകരിപ്പിച്ചാൽ അൽഭുതങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്വാധീനം ഇതിനുവേണ്ടി ഉപയോഗിച്ചാൽ വലിയ മാറ്റങ്ങൾ വരുത്താൻ സാധിക്കും. അങ്ങനെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന്, ഒരു വികസനം ഉണ്ടാക്കുന്നതിന്, ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കും ഐക്യജനാധിപത്യ മുന്നണിക്കും കാര്യമായ അഭിപ്രായവ്യത്യാസം ഇല്ലെന്നു നാട്ടുകാർക്കൊക്കെ അറിയാം. പക്ഷെ അച്ചടക്കമുള്ളതും അനുകൂലമായതുമായ ഒരു സാഹചര്യം വികസനം ഉണ്ടാക്കാൻ അത്യന്താപേക്ഷിതമാണ്. ചൈനയിൽ വികസനം ഉണ്ടായെന്നു പറയാൻ കാരണം അവിടെ സമരങ്ങൾ നടത്താൻ സൗകര്യം ഇല്ലാത്തതുകൊണ്ടും എല്ലാ ദിവസവും ബന്ത് നടത്താൻ സൗകര്യം ഇല്ലാത്തതുകൊണ്ടും ട്രേഡ് യൂണിയനുകൾക്ക് പ്രവർത്തിക്കാൻ അനുവാദം ഇല്ലാത്തതുകൊണ്ടും ഡിസിപ്ലിൻ ഉള്ളതുകൊണ്ടുമാണ്. അപ്പോൾ നമ്മൾ സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടത് ആവശ്യമാണ്. നമ്മൾ ഇവിടെ കുറച്ചു കാലമായി ശീലിച്ചുവന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം എന്താണ്? പ്രതിപക്ഷത്തിരിക്കുന്നവർ പറയും ഭരണക്കാർ കള്ളന്മാരാണ്; നിങ്ങളൊക്കെ കട്ടുമുടിച്ചില്ലേ എന്ന്. നമ്മൾ അതിനു മറുപടി പറയും, നിങ്ങൾ അതിലേറെ കട്ടുമുടിച്ചില്ലേയെന്ന്. ഇതിൽ നിന്ന് നാട്ടുകാർ എന്താണ് മനസ്സിലാക്കേണ്ടത്? രണ്ടുകൂട്ടരും കള്ളന്മാരാണെന്നാണ്. ഇത് നിർഭാഗ്യകരമായ ഒരവസ്ഥയാണ്. അതുകൊണ്ട് രാഷ്ട്രീയം എന്നു പറയുന്നത് സമൂഹത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന, സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനുവേണ്ടി മാത്രം നിലകൊള്ളുന്നവരുടെ ഒരു ഏർപ്പാടാണ്. നല്ല കാര്യങ്ങൾ ചെയ്തിട്ടാണ് ജനങ്ങളുടെ അടുത്ത് മൽസരിക്കേണ്ടത് എന്ന് ആളുകൾക്ക് തോന്നാൻവേണ്ടിയാണ് പ്രസിഡന്റ് നമ്മുടെ ശ്രദ്ധ അതിലേക്ക് ക്ഷണിച്ചത്. സംസ്ഥാനത്തിന്റെ അൽഭുതകരമായ വികസനത്തിന് വഴിയൊരുക്കുന്ന ഈ മാർഗ്ഗരേഖയും മുഖ്യമന്ത്രി അവതരിപ്പിച്ച മൂന്നിന പരിപാടികളും പൂർത്തിയാക്കുന്നതിന് എനിക്ക് ഒരു സജീവ സജഷൻ ഉണ്ട്. അടിയന്തിരമായി ഇതിന്റെ ഓരോ ഇനത്തിനുംവേണ്ടി ഓരോ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം. അതിൽ പ്രമുഖരായിട്ടുള്ള എക്സപെർട്സിനേയും ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തണം. അവനവന്റെ പാർട്ടിയുടെ നോമിനേഷൻ വേണമെന്നില്ല. വർക്കിംഗ് ഗ്രൂപ്പുണ്ടാക്കി ഓരോ രംഗത്തും ചെയ്യേണ്ട കോൺക്രീറ്റ് പ്ലാൻ തയ്യാറാക്കി അവതരിപ്പിക്കുകയും അതിനനുസരിച്ച് നമ്മൾ ഘട്ടംഘട്ടമായി മുന്നോട്ടു പോയി ഈ ലക്ഷ്യം പത്ത് വർഷംകൊണ്ടെങ്കിലും പൂർത്തിയാക്കുന്നതിന് സമഗ്രമായ ഒരു പദ്ധതിക്ക് ശ്രീ. ഉമ്മൻചാണ്ടിയുടെ ഗവൺമെന്റ് തുടക്കമിടുകയും ചെയ്യുമെന്ന പ്രത്യാശയോടുകൂടി ഞാൻ ഉപസംഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: സർ, ബഹുമാനപ്പെട്ട പ്രസിഡന്റ് ഈ സഭയിൽ വച്ച നിർദ്ദേശങ്ങൾ നമ്മുടെ രാജ്യം ഇന്ന് ഗൗരവമായി ചർച്ച ചെയ്യുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഒരു മാനിഫെസ്റ്റോ ജനങ്ങളുടെ മുമ്പാകെ സമർപ്പിച്ചു. ആ മാനിഫെസ്റ്റോയുടെ അടിസ്ഥാനത്തിൽ വിജയം വരിച്ചു. സംസ്ഥാന പ്ലാനിംഗ് ബോർഡുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ച് ഓരോ ഇനത്തിനും ഇന്നയിന്ന ഫണ്ട് വച്ചു. അവസാന വർഷമായി. ഇവിടെ സാധാരണ പത്രങ്ങളിൽ ചർച്ച ചെയ്യുന്നതുപോലെയല്ല. പത്രങ്ങളിൽ അഭിപ്രായമെഴുതുന്നതുപോലെയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്റ്റേറ്റിന്റെ ധനം വിനിയോഗിക്കുന്നു; അതിന് അധികാരപ്പെട്ട സമിതിയിൽ ഈ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യുന്നു? അതുകൊണ്ടാണ് ഇത് സമർപ്പിച്ച അവസരത്തിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഇന്ന നിർദ്ദേശങ്ങൾക്ക് ഇന്ന രൂപത്തിൽ ഞങ്ങൾ ഫണ്ട് കാണുന്നു എന്നു പറഞ്ഞുകൊണ്ടുള്ള ഒരു ചർച്ചയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകാതിരുന്നത്. ഞങ്ങൾ മാത്രമല്ല, കേരളത്തിലെയും ഇൻഡ്യയിലെയും ജനങ്ങൾ ചർച്ച ചെയ്യപ്പെടുന്ന ഇക്കാര്യം മുഖ്യമന്ത്രി ഗൗരവമായി ചർച്ചയ്ക്കെടുത്തില്ല എന്ന് വിനീതമായി ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട പ്രസിഡന്റ് സ്വാഭാവികമായി ഇവിടത്തെ സാമ്പത്തികപ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടാവും. പ്രസിഡന്റ് പറഞ്ഞതിനുപുറമെ മൂന്ന് ഇനങ്ങൾ മുഖ്യമന്ത്രിയും കൂട്ടിച്ചേർത്തു. നിങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പു കാലത്ത് മാനിഫെസ്റ്റോ തയ്യാറാക്കി. അത് പൊരായിരുന്നോ? പ്രസിഡന്റിന്റെ നിർദ്ദേശങ്ങളോടുകൂടി മുഖ്യമന്ത്രിയുടെ മൂന്നിനംകൂടി ചേർത്തു. സംസ്ഥാനത്തിലെ ഏറ്റവും അവശത അനുഭവിക്കുന്നവർ ആരാണ്? പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ. 5,22,000 പട്ടികജാതി-പട്ടികവർഗ്ഗക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ജോലി കിട്ടാത്തവരായുണ്ട്. ഇവിടെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ രൂക്ഷമാവുന്നു; പട്ടിണിമരണങ്ങൾ നടക്കുന്നു; അവർക്ക് രോഗം വന്നാൽ ചികിത്സിക്കാൻ മാർഗ്ഗമില്ല. എന്ത് പദ്ധതി നമ്മൾ പറയും? ബഹുമാനപ്പെട്ട പ്രസിഡന്റ് ഗൗരവമായ ഒരു കാര്യം പറഞ്ഞു. വനങ്ങൾ. ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദറിന്റെ പ്രസംഗം കേട്ടപ്പോൾ അത് ടേപ്പ് ചെയ്ത് പശ്ചിമബംഗാളിലെ മുസ്ലീം ലീഗുകാരെ കേൾപ്പിക്കാൻ ശ്രീ. കോടിയേരി ശ്രമിക്കുമെന്ന് ഞാൻ ധരിച്ചു. ഞാൻ ഇത് പറയുന്നത്, ഇത് പരിശോധിക്കാൻ വേണ്ടിയാണ്. വനത്തിന്റെ സമീപത്ത് ഔഷധച്ചെടികൾ കൃഷി ചെയ്താൽ ആദിവാസികൾക്ക് സാധാരണ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനെക്കാൾ ഗുണമുണ്ടാവും. കൃഷി ചെയ്യാൻ പറ്റിയ റവന്യൂ ലാൻഡിൽ

LIBRARY ARCHIVES Kerala Legislative Assembly

ആദിവാസികൾക്ക് ഔഷധകൃഷി ചെയ്യാനുള്ള പണം എവിടെ? ഇത് ബഡ്ജറ്റിൽ ഇല്ല. എന്നിട്ടാണ് ഇതുസംബന്ധിച്ച് അഭിപ്രായം പറയുന്നത്. ഞങ്ങൾ എല്ലാവരും പറയുന്ന അഭിപ്രായമാണ്. ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെ ബാങ്കിൽനിന്ന് പണമെടുക്കുമ്പോൾ ഗവൺമെന്റിന് കൃാബിനറ്റിന്റെ നിയന്ത്രണമുണ്ട്. എവിടെനിന്ന് പണം കിട്ടും? ബഹുമാനപ്പെട്ട പ്രസിഡന്റ് സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി സമർപ്പിച്ച നിർദ്ദേശങ്ങൾ കാലികമാണ്; ശാസ്ത്രീയമാണ്. ഇതൊരു സംസ്ഥാനത്ത് നടപ്പാക്കേണ്ടതാണ്. അതിനപ്പുറവും ഇപ്പുറവും എന്ത് ഭേഗതി വന്നാലും ഇത് നടപ്പാക്കേണ്ടതാണ്. പക്ഷേ, കഴിഞ്ഞ നാല് കൊല്ലത്തിലധികമായി കേരളം ഭരിച്ച് സാമ്പത്തികമായി സ്റ്റേറ്റിനെ തകർത്ത നിങ്ങൾ ഇവിടെ വന്ന് ഒരു പ്രോജക്ട്പോലും വയ്ക്കാതെ ഇങ്ങനെ ചർച്ച ചെയ്യാൻ എങ്ങനെ സാധിച്ചു എന്നുള്ളത് പറയണം. നൂറ് ശതമാനവും രാഷ്ട്രപതിയോടുള്ള ബഹുമാനത്തോടുകൂടി ചോദിക്കുകയാണ് 1971-ൽ "ഗരീബി ഹഠാവോ" മുദ്രാവാക്യം നമ്മൾ കേട്ടില്ലേ? പെർസന്റേജ് നോക്കിയാൽ ദാരിദ്ര്യരേഖയ്ക്ക് താഴെനിൽക്കുന്നവരുടെ ജീവിതനിലവാരം ഉയർത്താൻ സാധിച്ചോ? സാമ്പത്തികമായ പ്രശ്നങ്ങൾ വന്നു. പരിപാടികൾ വന്നു. ആ പരിപാടികളെ ആശ്രയിച്ച് സംസാരിക്കുമ്പോൾ രാഷ്ട്രീയ വിദ്യാർത്ഥി എന്ന നിലയിൽ വേദനയുണ്ട്. ഇങ്ങനെ ചെലവഴിക്കാൻ ഇത്രയും ഫണ്ട് കൈവശമുണ്ടെന്ന് പറഞ്ഞിട്ടുണ്ടോ? കാരണം മനസ്സിലാക്കാം. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിങ്ങൾ ബാങ്കിംഗ് സ്വീകരിച്ചോ? സെൻട്രൽ ഗവൺമെന്റ് ഇവിടത്തെ കൈത്തറി മേഖലയ്ക്ക് 2 കോടി രൂപ കൊടുക്കാത്തതുകൊണ്ട് ആ പാവങ്ങൾ കഷ്ടപ്പെടുന്നു. പണം എവിടെ? നിങ്ങളാണ് ഈ സ്ഥിതിയിലാക്കിയത്. ഞാൻ അടിവരയിട്ടു പറയുന്നു; പ്രസിഡന്റിന്റെ പരിപാടി സംസ്ഥാനത്തിന് ഗുണകരമാണ്. രാജ്യത്തിലെ പത്രങ്ങളും വിദ്യാർത്ഥികളുമെല്ലാം ചർച്ച ചെയ്തതാണ്. അത് യാഥാർത്ഥ്യമാകണം. നാളെ ഇവിടെ വരുന്ന തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ മാനിഫെസ്റ്റോയിൽ ഇത് സജീവമായി വരട്ടെ. ഈ രാജ്യത്തെ എല്ലാ ചിന്തകളിലും പ്രസിഡന്റിന്റെ ചിന്ത വരട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ജൂലായ് 28-ന് ചരിത്രപ്രസിദ്ധമായി ഇൻഡ്യൻ പ്രസിഡന്റ് ഡോക്ടർ എ. പി. ജെ. അബ്ദുൾ കലാം നടത്തിയ പ്രസംഗത്തെക്കുറിച്ചാണ് നാം ചർച്ച ചെയ്യുന്നത്. അദ്ദേഹം
3.00 P.M.] മുന്നോട്ടുവച്ച പത്ത് നിർദ്ദേശങ്ങൾ കേരളത്തെ സംബന്ധിച്ച് പത്ത് കൽപ്പനകളാണ്. ഈ കൽപ്പനകളൊന്നുംതന്നെ വിസ്മരിക്കാൻ നമുക്ക് അവകാശമില്ല. ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയെ അഭിനന്ദിക്കുകയാണ്. പ്രധാനപ്പെട്ട മൂന്ന് വിഷയങ്ങൾകൂടി

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാന്യനായ ഇൻഡ്യൻ പ്രസിഡന്റിന്റെ പ്രസംഗത്തോടൊപ്പം എഴുതിച്ചേർക്കാൻ തയ്യാറായ മുഖ്യമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. നിങ്ങൾക്ക് കാർഷികമേഖല വേണ്ടേ? നിങ്ങൾക്ക് പരമ്പരാഗത കർഷകത്തൊഴിലാളി മേഖല വേണ്ടേ? നിങ്ങൾക്ക് പാവപ്പെട്ടവർ..... (ബഹളം) .....

മി. ചെയർമാൻ: ശ്രീ. ജയരാജൻ, പ്ലീസ്.....

ശ്രീ. സ്റ്റീഫൻ ജോർജ്: അത്തരം പ്രശ്നങ്ങൾകൂടി ഉൾപ്പെടുത്തി ബഹുമാന്യനായ മുഖ്യമന്ത്രി ഈ ചർച്ചയ്ക്ക് നിർദ്ദേശം നൽകിയത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമായി ഞാൻ കാണുകയാണ്. കേരളത്തിന്റെ നന്മയ്ക്കുവേണ്ടിയാണ് ഈ ചർച്ച നടത്തുന്നത്. ബഹുമാന്യനായ കെ. പി. രാജേന്ദ്രന്റെ പ്രസംഗം കേട്ടപ്പോൾ "എന്നെ തല്ലണ്ടമ്മാവാ ഞാൻ നന്നാവില്ല" എന്നു പറഞ്ഞതുപോലെ എനിക്ക് തോന്നി. ഞങ്ങൾ എന്തായാലും ഈ പ്രശ്നങ്ങൾ പറഞ്ഞ് നേർവഴിക്ക് പോകുന്ന പ്രശ്നമില്ലെന്ന ചിന്തയാണ് എനിക്കുണ്ടായത്. ആ നിലയ്ക്ക് ഇക്കാര്യത്തിലെങ്കിലും വളരെ പോസിറ്റീവായി പ്രതിപക്ഷം നിൽക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാന്യനായ രാഷ്ട്രപതി നിയമസഭയിൽ പ്രസംഗം തുടങ്ങിയതുതന്നെ ഒരു പ്രധാനപ്പെട്ട സംഭവത്തോടുകൂടിയാണ്. 1962-കളിൽ ഐ.എസ്.ആർ.ഒ. ആരംഭിക്കാൻ പ്രൊഫസർ വിക്രം സാരാഭായിയുടെ നേതൃത്വത്തിൽ നടത്തിയ പരിശ്രമം വിജയിക്കാൻ കാരണം കേരളത്തിലെ ജനങ്ങളുടെ Unity of mind ആണ്; ഐക്യം ഊട്ടി വളർത്തിയതുകൊണ്ടാണെന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹത്തിന്റെ ചരിത്രപ്രസിദ്ധമായ പ്രസംഗം തുടങ്ങിയത്. നിങ്ങൾ അത് വായിക്കണം. കേരളത്തിന്റെ വികസനത്തിനുവേണ്ടി ഐക്യത്തോടുകൂടി ചിന്തിക്കാനുള്ള മനോഭാവം തീർച്ചയായും വൃത്യസ്ത രാഷ്ട്രീയകക്ഷികളിൽ നിന്നുണ്ടാകണം. അല്ലാതെ അതിനെ എതിർക്കുന്ന സമീപനം അപകടകരമാണ്. അതുകൊണ്ട് അതിനെക്കുറിച്ച് നമുക്ക് ചിന്തിക്കാനുള്ള അവസരമാണിത്. ബഹുമാന്യനായ പ്രസിഡന്റ് സൂചിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം കേരളത്തിന്റെ ടൂറിസം മേഖലയാണ്. അനന്തമായ സാദ്ധ്യതകളുള്ള മേഖലയാണ് ടൂറിസം. ശബരിമല, ഗുരുവായൂർ, കോവളം, കുമരകം തുടങ്ങിയ നിരവധി ടൂറിസം സെന്ററുകളെപ്പറ്റി അദ്ദേഹം സൂചിപ്പിച്ചു. ഞാൻ ഉൾപ്പെടെയുള്ള അഷ്വറൻസ് കമ്മിറ്റി, ശ്രീ. ബിനോയ് വിശ്വത്തിന്റെ നേതൃത്വത്തിൽ ശബരിമല സന്ദർശിച്ചു. അവിടെ വൃത്തിഹീനമായ പരിസരവും വറ്റിവരണ്ട പമ്പാ നദിയുമാണുള്ളത്. അത് വളരെ പ്രധാനപ്പെട്ട ഒരു പിൽഗ്രിം സെന്ററാണ്. കഴിഞ്ഞ കാലങ്ങളിൽ അവിടെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല എങ്കിലും ബഹുമാന്യനായ കെ. സി. വേണുഗോപാലിന്റെ നേതൃത്വത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രഗവൺമെന്റിനെ സ്വാധീനിച്ച് വനഭൂമി നമ്മൾ വാങ്ങിയെടുത്തു. അതിനാവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറായത് ടൂറിസം മേഖലയുടെ വികസനത്തിന് തുടക്കംകുറിക്കാനാണെന്ന് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. കോവളത്ത് ഏകദേശം മുവായിരത്തോളം മുറികൾ ടൂറിസ്റ്റുകൾക്കുവേണ്ടി ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കോവളത്ത് ശുദ്ധമായ വാട്ടർസപ്ലൈ സ്കീം ഇല്ല. വിദേശത്തുനിന്നു വരുന്ന ടൂറിസ്റ്റുകൾക്ക് വേണ്ടി വാട്ടർ സപ്ലൈ സ്കീമോ ടോയ്ലറ്റോ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വിദേശങ്ങളിൽ എവിടെച്ചെന്നാലും വൃത്തിയുള്ള ടോയ്ലറ്റുകളും വൃത്തിയുള്ള പരിസരങ്ങളുമാണുള്ളത്. അത് എല്ലാവർക്കും ഇഷ്ടപ്പെടുന്നതുമാണ്. കേരളത്തിലെ എല്ലാ ബീച്ചുകളിലും ഇത്തരം വൃത്തിയുള്ള സാഹചര്യമുണ്ടാക്കാൻവേണ്ടി ഗവൺമെന്റ് അടിയന്തിരനടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലേക്ക് വരുന്ന ടൂറിസ്റ്റുകളുടെ എണ്ണം വെറും 3.5 ലക്ഷമാണ്. അത് ഒരു മില്യനായി വർദ്ധിപ്പിക്കണം. ഇന്റേണൽ ടൂറിസ്റ്റുകളുടെ എണ്ണം 6 മില്യൺ മാത്രമാണ്. അത് പന്ത്രണ്ട് മില്യനായി വർദ്ധിപ്പിക്കണം. ഇങ്ങനെ ടൂറിസം മംഗത്ത് വർദ്ധനവ് ഉണ്ടാകണമെങ്കിൽ എന്താണ് വേണ്ടത്? ടൂറിസ്റ്റുകൾക്ക് ഇവിടെ എത്താൻ സൗകര്യങ്ങൾ ഉണ്ടാകണം. കേരളത്തോളം വലിപ്പമില്ലാത്ത ഗ്രീസിൽ കഴിഞ്ഞ വർഷം എത്തിയ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം 15 മില്യനാണ്. കേരളത്തിന്റെ ടൂറിസം മേഖല വളരെയധികം വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ മുമ്പിൽ നിൽക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട മേഖല ഹോം ടൂറിസമാണ്. ഹോം ടൂറിസം വികസിപ്പിക്കാനുള്ള ഏറ്റവും സാധ്യതയുള്ള സംസ്ഥാനം കേരളമാണ്. ഉൾനാടൻ മേഖലകളിൽ ധാരാളം കെട്ടിടങ്ങൾ പണിത് വെറുതെ ഇട്ടിരിക്കുകയാണ്. അതിന് ചെറിയ ട്രെയിനിംഗ് കൊടുത്താൽ കേരളത്തിൽ ഹോം ടൂറിസം വികസിപ്പിച്ച് വികസന മേഖലയിൽ വലിയ മാറ്റം ഉണ്ടാക്കാൻ കഴിയും. പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റത്തെക്കുറിച്ചും നമുക്കറിയാം. വിദേശത്ത് പോയി ഒരു ടൂറിസ്റ്റ് ടാക്സി വിളിച്ചാൽ എത്രയോ സ്നേഹത്തോടുകൂടിയാണ് അവർ പെരുമാറുക. അതുപോലെ പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റത്തിൽ പ്രത്യേകമായി പരിശീലനം നൽകി കേരളത്തിൽ വരുന്ന ടൂറിസ്റ്റുകളെ മറ്റ് മേഖലകളിലേക്കുകൂടി ആകർഷിക്കപ്പെടുന്നതിനുവേണ്ടിയുള്ള സമീപനം ഉണ്ടാക്കണം. അതുമാത്രമല്ല, ടൂറിസം വികസനത്തിന് യാത്രാസൗകര്യം ഒരു പ്രധാനപ്പെട്ട ഘടകമാണ്. ഇവിടെ എക്സ്പ്രസ് ഹൈവേയുടെ കാര്യം പറഞ്ഞു. അടുത്തകാലത്ത് ഞാൻ ലണ്ടനിൽ പോയി, അവിടെ ഞാൻ എം. 28 എന്ന മോട്ടോർ വേയിൽക്കൂടി യാത്ര ചെയ്തു. 150 കിലോമീറ്റർ യാത്ര ചെയ്യാൻ എത്ര സമയം വേണമെന്ന് നോക്കി. വെറും ഒരു മണിക്കൂറിൽ താഴെമാത്രം മതിയാകും. ഞാൻ തിരുവനന്തപുരത്ത് ഇറങ്ങി നാട്ടിലേക്ക്, കോട്ടയത്ത് പോകാൻ യാത്ര ചെയ്തു. 150 കിലോമീറ്റർ യാത്ര ചെയ്യാൻ 5 മണിക്കൂറെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ വികസനത്തിന് ഇത്തരം സൗകര്യങ്ങൾ അനിവാര്യമാണ്. ബഹുമാന്യനായ പ്രസിഡന്റ് Development and Marketing of Knowledge Products-നെക്കുറിച്ച് പറഞ്ഞു. ഐ.ടി. മേഖലയെയാണ് അദ്ദേഹം ഉദ്ദേശിച്ചത്. 1986-ൽ സെക്രട്ടേറിയറ്റിൽ കമ്പ്യൂട്ടർ വയ്ക്കാൻ വന്ന വാഹനം അത് ഇറക്കിയാൽ തൊഴിൽ നഷ്ടപ്പെട്ടുപോകും എന്നുപറഞ്ഞ് ഇടതുപക്ഷ യൂണിയനുകളും ഡി.വൈ.എഫ്. ഐ.ക്കാരും തടഞ്ഞ് തിരിച്ച് വിട്ടില്ലായിരുന്നുവെങ്കിൽ ബഹുമാന്യനായ രാഷ്ട്രപതിക്ക് ഈ നിയമസഭയിൽ വന്ന് ഇക്കാര്യം പറയേണ്ടിവരുമായിരുന്നില്ല. വികസനത്തെ തുരങ്കംവയ്ക്കുന്ന സമീപനമാണ് കഴിഞ്ഞ നാളുകളിലൊക്കെ സ്വീകരിച്ചുവരുന്നത്. ആറാമത്തെ ഇനമായി അദ്ദേഹം പറഞ്ഞ ഒരു കാര്യം Creation of exclusive economic zone to attract NRI and other investors ആണ്. ഇവിടെ എന്താണ് സംഭവിച്ചത്? ഇൻവെസ്റ്റ്മെന്റ് കഴിഞ്ഞപ്പോൾ ധാരാളം ആളുകൾ വിദേശത്തുനിന്ന് കേരളത്തിലേക്ക് ഇൻവെസ്റ്റ് ചെയ്യാൻ തയ്യാറായി രംഗത്തേക്കുവന്നു. ഐ. ടി. പാർക്ക് ആരംഭിക്കാൻ വന്നു. എന്താണ് പ്രതിപക്ഷ നേതാവ് ചെയ്തത്? അദ്ദേഹം പറഞ്ഞത് നമ്മുടെ ഭൂമി മുഴുവൻ വിറ്റ് തുലയ്ക്കുന്നു എന്നാണ്. ഞങ്ങൾക്ക് വിജിലൻസ് കേസിന് സമയമില്ല എന്നുപറഞ്ഞ് അവർ പോയി. ലോകത്തിലെ ഏറ്റവും വലിയ ഫാഷൻ ഡിസൈനിംഗ് സിറ്റിയാണ് ഇറ്റാലിയൻ ഫാഷൻ സിറ്റി. അത് കൊച്ചിയിൽ വരാൻവേണ്ടി ശ്രമിച്ചതാണ്. ലോകത്തിലെ ഏറ്റവും പ്രസിദ്ധമായ ഇറ്റാലിയൻ വേൾഡ് വൈഡ് കമ്പനികൾ കൊച്ചിയിൽ വരുമായിരുന്നു. അനന്തമായ സാധ്യതകൾ നമുക്കുണ്ടാകുമായിരുന്നു. കേരളത്തിന്റെ അന്തരീക്ഷം കാരണം നമുക്ക് ഇവിടെ ഇതിനൊന്നും കഴിഞ്ഞില്ല. അവർ കേരളം വിട്ടുപോയി. ഇങ്ങനെ കേരളത്തിലേക്ക് വരുന്ന മുഴുവൻ കമ്പനികളും ഇവിടം ഉപേക്ഷിച്ചുപോകുന്ന ദുഃഖകരമായ സംഭവം നമുക്കുണ്ട്. ഇവിടെ നഴ്സിംഗിന്റെ കാര്യം പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നഴ്സിംഗ് മേഖലയിൽ 2550 സീറ്റുകൾ ഗവൺമെന്റ് കോളേജിനു മാത്രമായി വർദ്ധിച്ചു. നാലായിരം നഴ്സുമാരെ ഇവിടെ പഠിപ്പിക്കുന്നുണ്ടെങ്കിലും അത് ഇരുപതിനായിരമായി വർദ്ധിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട രാഷ്ട്രപതി പറഞ്ഞിട്ടുള്ളത്. അതിനുള്ള സാഹചര്യം ഉണ്ടാകാൻവേണ്ടി തീർച്ചയായും പൊളിറ്റിക്കലായിട്ടുള്ള അസ്സസ്മെന്റ് വേണം. ഈ അടുത്തകാലത്ത് ഒരു സംഭവം ഉണ്ടായി. നമ്മൾ പത്രത്തിൽ വായിച്ചതാണ്. പശ്ചിമബംഗാളിലെ ഒരു യുവാവിന് 35 വയസ്സ് പ്രായം. പശ്ചിമബംഗാളിൽ പട്ടിണി ആയതുകാരണം നാല് കുട്ടികളുള്ള അദ്ദേഹം സഹപ്രവർത്തകരായ നാല് പേരോടൊപ്പം ജോലിക്കുവേണ്ടി കേരളത്തിലേക്ക് വന്നു. ട്രെയിനിൽവച്ച് ഭക്ഷണത്തിന്റെ പേരിൽ വാക്കുതർക്കം ഉണ്ടായി. അദ്ദേഹത്തെ തള്ളി താഴെയിട്ടു. രണ്ട് കാലും നഷ്ടപ്പെട്ട അദ്ദേഹത്തെ

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ വിദ്യാർത്ഥികൾ രക്ഷപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. 25 വർഷം മാർക്സിസ്റ്റ് പാർട്ടി ഭരിച്ച പശ്ചിമബംഗാളിലെയും കേരളത്തിലെയും ഇന്നത്തെ സ്ഥിതി ഓർക്കണം. കേരളത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട പത്ത് നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട രാഷ്ട്രപതി മുന്നോട്ടുവച്ചിട്ടുള്ളത്. കാർഷിക മേഖലയിൽ അദ്ദേഹം 9-ാമത്തെ ഇനമായി പറഞ്ഞത് Value addition to tea, coffee, spices, coconut and fruits എന്നാണ്. എം. എസ്. സ്വാമിനാഥൻ കമ്മീഷനെ ഇവിടെ നിയമിച്ചു. ആ റിപ്പോർട്ട് ഇവിടെ ചർച്ച ചെയ്തു. Value addition ആണ് ബഹുമാന്യനായ രാഷ്ട്രപതി ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്.

ശ്രീ. ജോണി നെല്ലൂർ: ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രസിഡന്റ് കേരള നിയമസഭയിൽ നടത്തിയ പ്രസംഗം കേരളത്തിലുള്ള എല്ലാ വിഭാഗം ജനങ്ങളും സ്വാഗതം ചെയ്യുന്നതാണ്. ഞാൻ അദ്ദേഹത്തിന് ആദ്യമായി നന്ദി പറയുകയാണ്. കാരണം മറ്റൊന്നുമല്ല. അദ്ദേഹം നിയമസഭയിൽ വന്ന് അങ്ങനെ ഒരു പ്രസംഗം നടത്തിയില്ലായിരുന്നുവെങ്കിൽ കേരളത്തെക്കുറിച്ച് ഇങ്ങനെ ഒരു വികസന സ്വപ്നം നമ്മുടെ മുഖ്യമന്ത്രിക്ക് ഉണ്ടാകുകയില്ലായിരുന്നു. അതുകൊണ്ടാണല്ലോ രാഷ്ട്രപതിയുടെ പ്രസംഗം വന്നപ്പോൾ അദ്ദേഹത്തിന്റെ പത്തിന വികസന പരിപാടികളുടെ കൂട്ടത്തിൽ മുന്ന് ഇനം കൂടി ബഹുമാന്യനായ മുഖ്യമന്ത്രി കൂട്ടിച്ചേർത്തത്. ബഹുമാന്യനായ മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കട്ടെ, ആത്മാർത്ഥമായിട്ടാണ് ഈ പദ്ധതി കൂട്ടിച്ചേർത്തതെങ്കിൽ അങ്ങ് മുഖ്യമന്ത്രിയായി അധികാരമേറ്റശേഷം ഇവിടെ 100 ദിവസത്തെ കർമ്മപരിപാടി പ്രഖ്യാപിച്ചു; പിന്നീട് ഒരു വർഷത്തെ കർമ്മ പരിപാടി പ്രഖ്യാപിച്ചു; ഈ കർമ്മ പരിപാടി പ്രഖ്യാപിച്ചപ്പോഴൊന്നും മുന്ന് ഇനത്തെക്കുറിച്ചൊന്നും ഓർത്തില്ലല്ലോ? അതുകൊണ്ടാണ് ആദ്യമായി രാഷ്ട്രപതിക്ക് നന്ദി പറയുന്നത്. എന്താണ് കേരളത്തിന്റെ പ്രശ്നം? നമ്മൾ മലയാളികൾ ലോകത്തിന്റെ പലഭാഗത്തായി ജോലി ചെയ്യുന്നു; ധാരാളം പണം ഉണ്ടാക്കുന്നു. ആ പണം കേരളത്തിലേക്ക് കൊണ്ടുവന്ന്, അവരുടെ നിക്ഷേപം ഇവിടെ കൊണ്ടുവന്ന് കേരളത്തിന്റെ വികസനത്തിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കേരളത്തിൽ രാഷ്ട്രീയസ്ഥിരതയില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട ഒരു കാര്യം. ഭരണസ്ഥിരതയില്ല. അത് മാറണമെങ്കിൽ തീർച്ചയായും വളരെ ഗൗരവതരമായ ചർച്ച നടക്കണം. ബഹുമാന്യനായ മുഖ്യമന്ത്രി റൂൾ 130 അനുസരിച്ച് ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ ഞങ്ങളൊക്കെ ധരിച്ചു, അദ്ദേഹം എന്തെങ്കിലും ഇവിടെ പറയുമെന്ന്. പത്തിന പരിപാടിയും 3 ഇന പരിപാടിയും ചേർത്ത് പതിമൂന്നിന പരിപാടി നടപ്പാക്കുന്നത് ഏത് വിധത്തിലാണ് എന്നുള്ള രൂപരേഖ അവതരിപ്പിക്കുമെന്ന് ഞങ്ങൾ കരുതി. അത് പറഞ്ഞില്ല. പറഞ്ഞില്ലെന്നു മാത്രമല്ല അതിനെക്കുറിച്ച് ഒരു ലക്ഷ്യവും

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലെന്നല്ലേ? പ്രഖ്യാപനങ്ങൾ മാത്രം ആകരുതെന്നാണ് എന്റെ അഭിപ്രായം. കേരളത്തെക്കുറിച്ച് നാം ആലോചിക്കുമ്പോൾ കഴിഞ്ഞ കാലങ്ങളെ നമുക്ക് മറക്കാനാകുമോ? ശ്രീ. എ. ബി. വാജ്പേയ് പ്രധാനമന്ത്രി ആയിരുന്നപ്പോൾ കുമരകത്ത് വന്ന് കുമരകം പാക്കേജ് പ്രഖ്യാപിച്ചു. പതിനായിരം കോടികൾ കേരളത്തിന് വരുന്നുവെന്ന് പ്രഖ്യാപനം വന്നു. മലയാളികളെല്ലാം രക്ഷപ്പെടാൻ പോകുന്നു എന്ന് ധരിച്ചു. ആ പാക്കേജിൽ എന്തെങ്കിലും നടപ്പാക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞോ? അതുകൊണ്ട് രാഷ്ട്രപതി പ്രഖ്യാപിച്ച പത്ത് വികസന കാര്യങ്ങൾ നടപ്പാക്കണം. അത് എങ്ങനെ നടപ്പാക്കണം? എങ്ങനെ പണം സമാഹരിക്കാൻ കഴിയും? അതിനെക്കുറിച്ച് ഗവൺമെന്റിന് ലക്ഷ്യബോധം വേണ്ടേ? ഗവൺമെന്റിന് ഇക്കാര്യത്തെക്കുറിച്ച് ഒരു രൂപരേഖ വേണ്ടേ? കഴിഞ്ഞ കുറേ വർഷങ്ങളായി പ്രഖ്യാപനങ്ങൾ മാത്രം നടക്കുന്നു. ആത്മാർത്ഥമായിട്ടാണെങ്കിൽ നടപ്പാക്കുവാനുള്ള നിശ്ചയദാർഢ്യം ഉണ്ടാകണം. കേരളത്തിന്റെ സാഹചര്യം വച്ചുനോക്കുകയാണെങ്കിൽ മരണത്തിന്റെ നാളുകൾ ഏതാണ്ട് അവസാനിക്കാറായി എന്നുള്ള തോന്നൽ ഉള്ളിൽ വച്ചുകൊണ്ടാണ് ശ്രീ. ജോർജ്ജ്. ജെ. മാത്യു ഉൾപ്പെടെയുള്ളവർ സംസാരിച്ചത്. വേണമെങ്കിൽ പ്രഖ്യാപനങ്ങൾ നടത്താം. നടപ്പാക്കേണ്ടതില്ല. അങ്ങനെയുള്ള പ്രഖ്യാപനങ്ങൾ മാത്രമായി മാറരുത് എന്നാണെന്റെ വിനീതമായ അഭിപ്രായം. രാഷ്ട്രപതി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നമ്മുടെ രക്ഷയെക്കരുതി പത്ത് കാര്യങ്ങൾ പറഞ്ഞു. അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും എല്ലാവരും ഉൾക്കൊണ്ടു. പക്ഷേ, അത് നടപ്പാക്കണമെങ്കിൽ ഇത്രയും ദിവസമായിട്ടും അതിനുവേണ്ടി ഒരു രൂപരേഖ തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. 28-ാം തീയതി രാഷ്ട്രപതി പറഞ്ഞിട്ട് പോയതാണ്. ഈ രാജ്യത്തെ പത്രമാധ്യമങ്ങൾ മുഴുവൻ എഴുതി. ധാരാളം ചർച്ചകൾ നടന്നു. രാഷ്ട്രീയ കക്ഷികൾ ഇതിനെക്കുറിച്ച് അഭിപ്രായങ്ങൾ പറഞ്ഞു. ഇന്ന് 11-ാം തീയതിയാണ്. 15 ദിവസങ്ങൾ പിന്നിട്ടു. ഒരു രൂപരേഖ തയ്യാറാക്കുവാൻ ഇന്നിപ്പോൾ ഈ ചർച്ച വച്ചിരിക്കുമ്പോഴെങ്കിലും നിങ്ങൾക്ക് കഴിഞ്ഞോ? എന്തുകൊണ്ട് നിങ്ങൾക്ക് കഴിഞ്ഞില്ല? ഞാൻ പറയുന്നു, പ്രഖ്യാപനങ്ങൾക്കുവേണ്ടിയും കൈയടി കിട്ടുവാൻ വേണ്ടിയും മാത്രമാണ് ഇങ്ങനെയൊരു ചർച്ചയ്ക്ക് കളമൊരുക്കിയിരിക്കുന്നത്. വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ ഞങ്ങൾ പറഞ്ഞു ചെയ്യാമെന്ന്, പ്രതിപക്ഷം സഹകരിച്ചില്ല എന്ന് പറയുവാൻവേണ്ടി മാത്രമുള്ള ഒരു കാര്യമായി ഇതിനെ കാണുകയാണ്. നമ്മുടെ നാട്ടിൽ വികസനമുണ്ടാകണം. ഇവിടെ വികസനമുണ്ടാക്കാനാണോ ശ്രമിക്കുന്നത്? ഇവിടെ വാക്കുകൊണ്ട് മാത്രമല്ലേ വികസനത്തെക്കുറിച്ച് പറയുന്നുള്ളൂ? രാഷ്ട്രീയ പ്രതിയോഗികളെ അടിച്ചമർത്തുവാനും ഇല്ലാതാക്കാനുമുള്ള ഹീനമായ ശ്രമമല്ലേ ഇവിടെ നടക്കുന്നത്? അതിനപ്പുറത്ത് വികസന ലക്ഷ്യത്തോടുകൂടി എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly.

കാര്യങ്ങൾ ചെയ്യാൻ ആത്മാർത്ഥമായ ശ്രമം നടക്കുന്നുണ്ടോ? അതിന് എന്തെങ്കിലും ചർച്ചകൾ നടക്കുന്നുണ്ടോ? അതുകൊണ്ടാണ് പറഞ്ഞത് രാഷ്ട്രപതിയോട് എന്തെങ്കിലും ബഹുമാനമുണ്ടെങ്കിൽ, രാഷ്ട്രപതിയോട് ആദരവ് ഉണ്ടെങ്കിൽ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ നടപ്പാക്കണം. നടപ്പാക്കണമെന്ന ഉദ്ദേശമുണ്ടെങ്കിൽ ഒരുപക്ഷേ അഞ്ചയുടെ കാലത്തോ ഈ ഗവൺമെന്റിന്റെ കാലത്തോ കഴിഞ്ഞില്ലെങ്കിൽ വരുന്ന ഗവൺമെന്റിന്റെ കാലത്തെങ്കിലും നടപ്പാക്കണമെന്ന് അഞ്ച് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനുവേണ്ടി ഒരു രൂപരേഖ തയ്യാറാക്കി ഇവിടെ പ്രഖ്യാപിക്കുകയാണ് വേണ്ടത്. അഞ്ച് മുന്ന് മേഖല കൂട്ടിച്ചേർത്തു— ഒന്ന് ദാരിദ്ര്യനിർമ്മാർജ്ജനം; രണ്ട്, പാരമ്പര്യ വ്യവസായം; മൂന്ന്, കാർഷിക മേഖല. കേരളം ഒരു കാർഷിക സംസ്ഥാനമല്ലേ? ഒരു കാർഷിക സംസ്ഥാനമായ കേരളത്തിൽ കൃഷിയുടെ കാര്യങ്ങൾ പറയാൻ രാഷ്ട്രപതി പ്രസംഗിക്കുന്നതുവരെ അഞ്ചയ്ക്ക് കഴിഞ്ഞില്ല എന്നു പറഞ്ഞാൽ എന്താണ് കർഷകരോട് പറയാനുള്ളത്? അപ്പുറത്ത് കൃഷിക്കാരുടെ പേരിൽ മുതലക്കണ്ണീർ ഒഴുക്കുന്ന ആളുകൾ ധാരാളമുണ്ടല്ലോ; എന്തേ പറയാത്തത്? കൃഷിയുടെ കാര്യം പറയാൻ, കാർഷികമേഖലയെ സംബന്ധിച്ച് പറയാൻ ഇതുവരെ കാത്തിരിക്കേണ്ടിവന്നു. അതല്ലേ സത്യം? ഇത് ശരിയാണോ? പാരമ്പര്യ വ്യവസായത്തെക്കുറിച്ച് പറയാനും രാഷ്ട്രപതി പ്രസംഗിക്കുന്നതുവരെ എന്തുകൊണ്ട് കാത്തിരുന്നു? എന്തുകൊണ്ട് നേരത്തെ പറഞ്ഞില്ല? ഇതൊക്കെ പറയാനും കാർഷികമേഖലയെക്കുറിച്ച് ചിന്തിക്കാനും ദാരിദ്ര്യനിർമ്മാർജ്ജനത്തെക്കുറിച്ച് ചിന്തിക്കാനുമൊക്കെ അവസരമുണ്ടാക്കിയത് രാഷ്ട്രപതിയാണ്. അതുകൊണ്ടാണ് രാഷ്ട്രപതിക്ക് ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്യേണ്ടത് അഞ്ചയുടെ മറുപടിപ്രസംഗത്തിലെങ്കിലും വികസനപരിപാടികളുടെ രൂപരേഖ ഇവിടെ പ്രഖ്യാപിക്കണം. എന്നിട്ടുവേണം അത് സജീവമായ ചർച്ചയ്ക്ക് വിടേണ്ടത്. അങ്ങനെ വിടണമെന്ന അഭ്യർത്ഥനയോടുകൂടി ഞാൻ ചുരുക്കുന്നു.

പ്രൊഫ. എ. ഡി. മുസ്തഫ: കഴിഞ്ഞ മാസം 26-ാം തീയതി നടന്ന ചരിത്രസംഭവത്തിന്റെ ഭാഗമായി ആദരണീയനായ രാഷ്ട്രപതി സംസ്ഥാനത്തിന്റെ വികസനത്തിനാവശ്യമായ പത്ത് മാർഗ്ഗരേഖകൾ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അതോടൊപ്പംതന്നെ ബഹുമാന്യനായ മുഖ്യമന്ത്രി കാർഷികരംഗത്തെ കാര്യങ്ങളെക്കുറിച്ചും, പരമ്പരാഗത വ്യവസായങ്ങളെക്കുറിച്ചും അവശന്മാരുടെയും ആർത്തന്മാരുടെയും രോദനം മനസ്സിലാക്കി ഒന്നുമില്ലാത്ത ആളുകളുടെ കാര്യത്തെക്കുറിച്ചും പ്രതിപാദിക്കുന്ന മൂന്നിന പരിപാടിയും ഇവിടെ അവതരിപ്പിച്ചു. അങ്ങനെ പതിമൂന്നിനപരിപാടികൾ എങ്ങനെ നടപ്പാക്കണമെന്നുള്ളതിനെക്കുറിച്ച് ക്രിയാത്മകമായ ചർച്ചയാണ് ഇവിടെ നടക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. ഇവിടെ ബഹുമാന്യനായ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രപതിയോട് നന്ദി രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം കേരളത്തെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്ക് പ്രത്യേകം നന്ദിയുണ്ട്. തുമ്പ റോക്കറ്റ് വിക്ഷേപണകേന്ദ്രം സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച ആ പ്രദേശത്തെ ആളുകളുടെ സന്മനോഭാവമൊക്കെ മനസ്സിൽ കണ്ടുകൊണ്ടാണ് രാഷ്ട്രപതി അദ്ദേഹത്തിന്റെ പത്തിന പരിപാടികൾ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചത്. ബഹുമാന്യനായ സ്പീക്കർ അന്ന് പറഞ്ഞ ഒരു വാക്കുണ്ട്. ജന്മംകൊണ്ട് തമിഴ്നാട്ടുകാരൻ ആണെങ്കിലും കർമ്മംകൊണ്ട് കേരളീയനായ രാഷ്ട്രപതി ഇരുപത് വർഷക്കാലം കേരളത്തിൽ താമസിച്ചപ്പോൾ സ്വാഭാവികമായും എല്ലാ പ്രയാസങ്ങളും പ്രശ്നങ്ങളും കാര്യങ്ങളും മനസ്സിലാക്കി പഠിച്ച ഒരു മഹാശയനാണ്. അദ്ദേഹത്തിന്റെ ബുദ്ധിയിൽനിന്ന് ഉടലെടുത്ത ഈ പത്തിന പരിപാടിയെപ്പറ്റി ആർക്കും സംശയമുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ബഹുമാന്യനായ ജോണി നെല്ലൂർ ചോദിച്ചത് ബഹുമാനപ്പെട്ട രാഷ്ട്രപതി ഇങ്ങനെയൊരു പത്തിന പരിപാടി അവതരിപ്പിച്ചില്ലെങ്കിൽ കേരള ഗവൺമെന്റിനും ഇത്തരം കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ സാധിക്കുമോ എന്നാണ്. ഈ പത്തിന പരിപാടിയിൽപ്പെട്ട പല കാര്യങ്ങളും കേരളത്തിലെ ഐക്യമുന്നണി ഗവൺമെന്റ് ആരംഭിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നവയാണെന്ന വസ്തുത നമുക്കെല്ലാവർക്കും അറിയാം. ടൂറിസം ആയാലും ഐ.റ്റി. ആയാലും ബി.റ്റി ആയാലും ആയുർവേദമായാലും ഇത്തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ വികസന അജൻഡയുമായി പോകുന്ന സർക്കാരാണ് യു. ഡി. എഫ്. എന്ന കാര്യം ഏവർക്കും അറിയാവുന്നതാണ്. ഇവിടെ ഇത് നടപ്പാക്കാൻ ആവശ്യമായ സംവിധാനങ്ങൾ എന്താണ്? ബഹുമാന്യനായ തോമസ് ഐസക് ചർച്ച ആരംഭിച്ചുകൊണ്ട് ചോദിച്ചു, എവിടെ കാശ് എന്ന്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് നമുക്ക് അറിയുന്നതുപോലെ മറ്റാർക്കും അറിയില്ല. അറിയേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട രാഷ്ട്രപതി തന്റെ പ്രശസ്തമായ പ്രസംഗത്തിന്റെ പത്താമത്തെ പേജിൽത്തന്നെ Focus Kerala എന്നു പറഞ്ഞുകൊണ്ട് ഹെഡ്ലൈനിൽ എഴുതിയ വസ്തുതയുണ്ട്— investment friendly climate. ഈ പരിപാടികൾ നടത്തണമെങ്കിൽ കാശ് വേണം. സർക്കാരിന്റെ കയ്യിൽ കാശില്ല എന്ന വസ്തുത നമുക്കേവർക്കും അറിയാം. എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും ആര് ഭരിച്ചാലും കടത്തിൽനിന്ന് കടത്തിലേക്ക് പോകുന്ന സംവിധാനമാണ് സംസ്ഥാനത്ത് ഉള്ളതെന്ന വസ്തുത ആർക്കും നിഷേധിക്കാൻ സാധ്യമല്ല. അപ്പോൾ സ്വാഭാവികമായും investment friendly climate എന്നതിനെക്കുറിച്ച് പ്രതിപാദിച്ചശേഷമാണ് 23,000 ഉറുപ്പികയിൽനിന്ന് 50,000 ഉറുപ്പികയായി പെർക്യാപിറ്റ ഇൻകം ഉണ്ടാക്കണമെന്ന് രാഷ്ട്രപതി സൂചിപ്പിച്ചത്. അത് സൂചിപ്പിച്ചശേഷം മാത്രമാണ് 37 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്താൻ ആവശ്യപ്പെട്ടത്. അതിന് സ്വാഭാവികമായും private investment ആവശ്യമായിവരും. ഞാൻ ഗ്ലോബൽ ബില്ലിനെക്കുറിച്ച് ഓർക്കുകയാണ്. ഈ പരിപാടി നടപ്പാക്കണമെങ്കിൽ പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് ആവശ്യമാണ്. പക്ഷേ, പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരുമ്പോൾ സ്വാഭാവികമായും മുതലാളിത്തത്തെ കടിഞ്ഞാണിടാനുള്ള സാമൂഹ്യമായ ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ആളുകൾ കാശ് കൊണ്ടുവന്ന് വ്യവസായ സംരംഭങ്ങൾ ആരംഭിക്കണമെങ്കിൽ അതിനാവശ്യമായ പൊളിറ്റിക്കൽ ക്ലൈമറ്റ് ഉണ്ടാകണം. പൊളിറ്റിക്കൽ ക്ലൈമറ്റ്കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് ബഹുമാന്യനായ എ.കെ. ആന്റണി മാറി ശ്രീ. ഉമ്മൻ ചാണ്ടി വന്നതോടുകൂടി പൊളിറ്റിക്കൽ ക്ലൈമറ്റ് ഇല്ല എന്നതോ, യു.ഡി.എഫ്. പോയി എൽ.ഡി.എഫ്. വന്നാൽ ഈ പൊളിറ്റിക്കൽ ക്ലൈമറ്റ് ഇല്ല എന്നതോ അല്ല. ആവശ്യമായത് പൊളിറ്റിക്കൽ കണ്ടിന്യൂവിറ്റിയാണ്. പൊളിറ്റിക്കൽ കണ്ടിന്യൂവിറ്റികൊണ്ട് ഉദ്ദേശിക്കുന്നത് രാഷ്ട്രീയമായ ഒരു ധാരണ വേണം എന്നുള്ളതാണ്. രാഷ്ട്രീയമായ ഐകൃബോധം വേണം. ആര് ഭരിച്ചാലും സംസ്ഥാനത്തിന്റെ വികസന അജൻഡയാണ് പ്രധാനം. ആര് ഭരിച്ചാലും സംസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകാൻ പറ്റാവുന്ന മാഗ്നാകാർട്ടയാണ് അത് എന്ന വസ്തുത നാം അംഗീകരിക്കണം. സ്വാഭാവികമായും ഈ പൊളിറ്റിക്കൽ കണ്ടിന്യൂവിറ്റികൊണ്ട് ഉദ്ദേശിക്കുന്നത് doing and undoing അല്ല. യു.ഡി.എഫ്. ഒന്നു ചെയ്താൽ, പിന്നീട് വരുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് അതു ചെയ്യാതെ വേറെന്തെങ്കിലും ചെയ്യും. വൈസ്വേഴ്സായാണ് കാര്യങ്ങൾ ചെയ്യുന്നത്. ഞാൻ ആരേയും കുറ്റപ്പെടുത്തുകയല്ല. ആവശ്യമായ രണ്ടാമത്തെ ഘടകം, പൊളിറ്റിക്കൽ കണ്ടിന്യൂവിറ്റിയാണ്. മറ്റൊന്ന് ഒരു ഡിസിപ്ലിന്റ് ആയ തലമുറ. ഈ മൂന്ന് കാര്യങ്ങൾ നടപ്പാക്കണമെങ്കിൽ തീർച്ചയായും മുതലാളിത്ത പങ്കാളിത്തം ആവശ്യമാണ്. പക്ഷേ, സഹകാര്യമുതലാളിത്തം കടന്നുവരുമ്പോൾ ബീഭത്സരൂപം പ്രാപിക്കാതിരിക്കാൻവേണ്ടി ഒരു social connectivity അതിന് വേണമെന്ന് അഭ്യർത്ഥിക്കുകയാണ്, Political continuity ആവശ്യമാണ്. അത് യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും ഈ കാര്യങ്ങൾ മനസ്സിലാക്കി ശരിയാണെങ്കിൽ അത് നടപ്പാക്കാനുള്ള ബാധ്യത ഏറ്റെടുക്കണം. മൂന്നാമതായി വളർന്നുവരുന്ന സമൂഹത്തിൽ ഡിസിപ്ലിൻ കൊണ്ടുവരണം. അതുകൊണ്ടുമാത്രമേ ഇത്തരം കാര്യങ്ങൾ നടപ്പാക്കാൻ കഴിയൂ. ഏതായാലും ഒന്നാം തീയതി ഈ പത്ത് ദൗത്യങ്ങൾ ഏറ്റെടുത്തു നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുകയും അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കാൻ പ്ലാനിംഗ് ബോർഡ് സെക്രട്ടറിയോടും കമ്മിറ്റിയോടും ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് പറയുകയും ചെയ്തതിൽനിന്നുതന്നെ ഈ പരിപാടി നടപ്പാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു, തീരുമാനമെടുത്ത് നടപ്പാക്കാൻ ആരംഭിച്ചു എന്നതും വസ്തുതയായി ഞാൻ കാണുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു: സങ്കുചിത കക്ഷിരാഷ്ട്രീയത്തിന്റെ ശാപമേറ്റ് തളർന്ന കേരളം എന്ന അഹല്യയ്ക്ക് ശാപമോക്ഷം നൽകിയ വരദാനമാണ് ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രസിഡന്റ് ഇവിടെ ഈ നിയമസഭയിൽ നമുക്കായി നൽകിയ പത്തിന വികസനദൗത്യം. ഐക്യകേരള രൂപീകരണത്തിനുശേഷം മഹത്തായ നാടിന്റെ വികസനഭൂമികയിൽ ഇത്രയും സമൂർത്തമായ വികസനനിർദ്ദേശങ്ങൾ ആരും മുന്നോട്ടുവച്ചിട്ടില്ല. ഇതൊരു ചരിത്രമുഹൂർത്തമാണ്. ഈ നാടിന് ആരുടെയൊക്കെയോ കുറ്റംകൊണ്ടോ കുറവുകൊണ്ടോ വന്നുപെട്ടുപോയ തീരാ ദുരന്തത്തിന്റെ ദുരിതത്തിൽനിന്നും സ്വയം രക്ഷപ്പെടാനുള്ള അവസരമാണ്. കേരളത്തിനകത്ത് ആര് ഈ വികസനനിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിരുന്നാലും ഇത്രയും വിപുലവ്യാപകമായ ഒരു പിന്തുണ ലഭിക്കുമായിരുന്നില്ല. കക്ഷി രാഷ്ട്രീയത്തിന്റെ ഗുണദോഷങ്ങൾ തൊട്ടുതീണ്ടിയിട്ടില്ലാത്ത രാഷ്ട്രത്തിന്റെ പ്രഥമപൗരന്റെ നിർദ്ദേശങ്ങൾ എന്ന നിലയിൽ നിഷ്പക്ഷ നിരീക്ഷകരുടെപോലും അംഗീകാരം ഈ വികസനനിർദ്ദേശങ്ങൾക്ക് ലഭിച്ചു എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇൻഡ്യയിലെ ടെലികമ്മ്യൂണിക്കേഷൻ രംഗത്ത് വിപ്ലവത്തിന് തിരികൊളുത്തിയ സാംപത്രോദ ഇന്നത്തെ മനോരമയിൽ പറഞ്ഞിട്ടുണ്ട്, വികസനത്തിന്റെ ക്രെഡിറ്റ് നേടാൻവേണ്ടി ഭരണ-പ്രതിപക്ഷങ്ങൾ ശ്രമിച്ചതുകൊണ്ടാണ് കേരളം എങ്ങും എത്താതിരുന്നത് എന്ന്. ഇവിടെ ഒരു ക്രെഡിറ്റും ആർക്കും വേണ്ട. ഇവിടെ ജീവിതമാണ് വേണ്ടത്. 42 ലക്ഷത്തോളം തൊഴിലില്ലാത്തവർ ഇവിടെയുണ്ട്. പ്രശ്നബാധിതമായ കാർഷികമേഖലയുണ്ട്. ആഗ്രഹിക്കുന്ന വിദ്യാഭ്യാസം നേടാൻ കഴിയാത്ത വിദ്യാർത്ഥികളുണ്ട്. പിറന്നുവീണു എന്ന കുറ്റംകൊണ്ട് പട്ടിണി കിടക്കാൻ വിധിക്കപ്പെട്ടവരുണ്ട്. വീടില്ലാത്തവരുണ്ട്. വീട്ടിൽ വെളിച്ചമില്ലാത്തവരുണ്ട്. പ്രാഥമിക ജീവിതസൗകര്യമില്ലാത്തവരുണ്ട്. രോഗികളുണ്ട്, വൃദ്ധരുണ്ട്, ആദിവാസികളുണ്ട്, വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹം കഴിച്ചയയ്ക്കാൻ നിർവ്വാഹമില്ലാത്ത പെൺകൂട്ടികളുണ്ട്. ഇങ്ങനെയുള്ളവരുടെ നാടാണ് കേരളം. ഇവരുടെയൊക്കെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള വികസന നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡന്റ് മുന്നോട്ടുവച്ചത്. ഈ ചർച്ച തുടങ്ങിവച്ചുകൊണ്ട് സി.പി.ഐ. (എം.)-ലെ ഡോ. തോമസ് ഐസക് ചോദിച്ചത് ഇതിനൊക്കെ പണമെവിടെ എന്നാണ്. അദ്ധ്വാനമാണ് എല്ലാത്തിനും അടിസ്ഥാനമെന്നും അദ്ധ്വാനമാണ് എല്ലാത്തിലും മഹത്തരമായതെന്നും കൽപ്പിക്കപ്പെടുന്ന വലിയൊരു പ്രത്യയശാസ്ത്രം കയ്യിൽവച്ചുകൊണ്ടിരിക്കുന്ന ഡോ. തോമസ് ഐസക് പണം അന്വേഷിക്കുകയാണ്. 42 ലക്ഷത്തോളം വരുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ അദ്ധ്വാനശക്തിതന്നെയാണ് കേരളത്തിനകത്ത് ഇത്തരം ഒരു വലിയ വികസനവിപ്ലവം നടത്താൻ നമുക്കുള്ള മുൻഉപാധിയെന്നുള്ളതിന് യാതൊരു സംശയവുമില്ല. ആ വികസനവിപ്ലവത്തിന് മുൻഉപാധിയായിട്ടുള്ള തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ കേരളത്തിന്റെ അദ്ധ്വാനശക്തിയെന്നു പറയുന്ന സമ്പത്തിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ നാട്ടിലെ മുഴുവൻ ജനങ്ങളുടെയും ഐക്യവും യോജിപ്പും കൂട്ടായ്മയും വളർത്തിക്കൊണ്ടുവന്നിട്ടുവേണം ഈ നാട്ടിലെ വികസനം മുമ്പോട്ടുകൊണ്ടുപോകാൻ. പണം അന്വേഷിക്കുന്ന ആളുകൾ പ്രത്യയശാസ്ത്രം പണയംവച്ചു ജീവിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതുകൊണ്ടാണ് ഈ നാട് ഇവിടെ എത്തിയത് എന്നു നമുക്കു തിരിച്ചറിയാൻ കഴിഞ്ഞു. മത്സ്യമേഖലയിലെ പ്രശ്നം മത്സ്യഫെഡ് എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്? കയർമേഖലയിലെ പ്രശ്നം കയർ സംഘങ്ങൾ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്? അവിടത്തെ ജീവനക്കാർക്കും അത് നിയന്ത്രിക്കുന്ന ആളുകൾക്കുംവേണ്ടി ഉത്തമം സംവിധാനങ്ങൾ മാറ്റി അതിനെ കറവപ്പശുവാക്കി മാറ്റിയതുകൊണ്ടല്ലേ ആ മേഖലയിലെ ലക്ഷക്കണക്കിനാളുകൾ ദുരിതമനുഭവിക്കുന്നത്? ഇതിനെയൊക്കെ മാറ്റാൻ കഴിയണമെങ്കിൽ ആഴക്കടൽ മത്സ്യബന്ധനമടക്കമുള്ള കാര്യത്തിൽ ബഹുമാനപ്പെട്ട പ്രസിഡന്റ് പറഞ്ഞതുപോലെ കേരളത്തിൽ നടപ്പിലാക്കാൻവേണ്ടിയുള്ള 'ആപ്കോ' സംഘങ്ങളും അതുപോലെയുള്ള പ്രസ്ഥാനങ്ങളും കൊണ്ടുവരണം. തോട്ടം മേഖലയിലെയും കയർമേഖലയിലെയും പൊതുമേഖലയിലെയും പ്രശ്നത്തെ സംബന്ധിച്ച് പ്രതിപക്ഷാംഗങ്ങൾ പറഞ്ഞു. എല്ലായിടത്തും പ്രശ്നമാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡന്റ് ഈ നിയമസഭയിൽ 10 ഇന നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചത്. അത് നടപ്പാക്കാൻ പ്രതിപക്ഷം സഹകരിച്ചാൽ ഈ കാര്യങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് ശ്രമിക്കും എന്നുള്ളതിന്റെ പ്രഖ്യാപനം ഈ സഭയിൽ വന്നുകഴിഞ്ഞു. ആ വികസനദൗത്യം ഏറ്റെടുക്കാൻ കേരളത്തിലെ 3 കോടി 20 ലക്ഷം ജനങ്ങൾ കാത്തിരിക്കുകയാണ്. അവർ കാതോർത്തിരിക്കുകയാണ്. അവരെ നയിക്കാൻ തയ്യാറാകാത്തവരെ ചരിത്രത്തിന്റെ ചവറ്റുകുട്ടയിൽ ജനം എറിയുന്ന കാലം വിദൂരത്തല്ല എന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേരളത്തിന് ലഭ്യമായിട്ടുള്ള ഈ 10 ഇന വികസനനിർദ്ദേശങ്ങൾ നെഞ്ചിലേറ്റിക്കൊണ്ട് ഈ നാടിനെ വികസനപാതയിലേക്ക് മുന്നോട്ടു നയിക്കാൻ കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടത്തിയിട്ടുള്ള പരിശ്രമങ്ങൾക്ക് 3 കോടി 20 ലക്ഷം ജനങ്ങളുടെ പരിപൂർണ്ണ പിന്തുണയുണ്ടാകുമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. മുരളി: സർ, കേരളത്തിന്റെ വികസനത്തിന് രാഷ്ട്രപതി ഈ നിയമസഭയിൽ അവതരിപ്പിച്ച 10 ഇന കർമ്മപരിപാടിയും അതിനനുസരണമായി പ്രിയപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച 3 ഇന കർമ്മപരിപാടികളും നടപ്പിലാക്കുന്നതിന് തുടക്കംകുറിച്ചുകൊണ്ട് സഭ നടത്തുന്ന ചരിത്രപ്രാധാന്യമുള്ള ഈ ചർച്ച ലോകമെമ്പാടുമുള്ള മലയാളികൾ ഉറ്റുനോക്കുകയാണ്. ആകസ്മികമാകാം. കേരളം തുടക്കം കുറിച്ച വികസനപ്രക്രിയയിൽ നമ്മുടെ ലക്ഷ്യങ്ങൾ പലതും രാഷ്ട്രപതിയുടെ പ്രസംഗത്തിൽ അദ്ദേഹം അറിഞ്ഞോ അറിയാതെയോ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ 10 ഇന കർമ്മപരിപാടി ഡോ. എ. പി. ജെ. അബ്ദുൾ കലാം ഈ സഭയിൽ അവതരിപ്പിച്ചത്. അത് അവതരിപ്പിച്ചുകൊണ്ട്, കേരളത്തെ പ്രകീർത്തിച്ചുകൊണ്ട് ഇന്ത്യയുടെ വികസനത്തിന്, ലോകത്തിന്റെ പരിവർത്തനത്തിന് കേരളം വഹിച്ച പങ്ക് പ്രകീർത്തിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞ ഒരു കാര്യം കേരളത്തിന്റെ പരിവർത്തനത്തിന് അത്യാവശ്യമായിട്ടുള്ളത് unity of minds among the

LIBRARY ARCHIVES Kerala Legislative Assembly

people ആണ് എന്നാണ്. കേരളീയരുടെ മനസ്സുകൾ ഒരുമിച്ചുപോയെങ്കിൽ മാത്രമേ ഈ വികസനം യാഥാർത്ഥ്യമാകുകയുള്ളുവെന്നാണ് രാഷ്ട്രപതി ഊന്നിപ്പറഞ്ഞത്. ഒരുപക്ഷേ ഈ പ്രത്യയശാസ്ത്രങ്ങളിൽ മുറുകെപ്പിടിച്ചുകൊണ്ടുതന്നെ രാഷ്ട്രീയത്തിന്റെ കുഴൽക്കണ്ണാടിയിലൂടെ എല്ലാറ്റിനേയും വിലയിരുത്തുന്ന നമ്മുടെ മനോഭാവത്തിൽ നമ്മൾ മാറ്റംവരുത്തണം. നമ്മളുടെ മനസ്സുകൾ ഒന്നാകണം എന്നാണ് 20 വർഷം കേരളത്തിൽ ജീവിച്ച ഡോ. എ. പി. ജെ. അബ്ദുൾകലാം നമ്മളോട് ആഹ്വാനം ചെയ്തത്. ഇവിടെ നടക്കുന്ന ചർച്ചയുടെ ചില ഘട്ടങ്ങളെങ്കിലും ലേഖകം ദർശിക്കുന്നുവെങ്കിൽ, കേരളത്തിന്റെ വളർച്ച ആഗ്രഹിക്കുന്നവർ ശ്രദ്ധിക്കുന്നുവെങ്കിൽ, കഴിഞ്ഞ കാലങ്ങളെക്കുറിച്ച് നിരാശ കൈമുതലാക്കിയവർ ശ്രദ്ധിക്കുന്നുവെങ്കിൽ, അവരുടെ പ്രത്യാശ അസ്ഥാനത്താകുമോയെന്ന് ഞാൻ സംശയിക്കുന്നു. നമ്മുടെ മനസ്സുകൾ മാറി. മനസ്സുകൾ തമ്മിലുള്ള പൊരുത്തം വരണം. അത് നിയമസഭയുടെ ട്രഷറി ബെഞ്ചിൽ ആര് ഇരിക്കുന്നു എന്നതിനെ ആശ്രയിച്ചല്ല, അപ്പുറത്ത് ആരിരിക്കുന്നു എന്നതിനെ ആശ്രയിച്ചല്ല. പ്രൊഫ. എ. ഡി മുസ്തഫ പറഞ്ഞതുപോലെ political continuity നമുക്കെല്ലാ കാര്യത്തിലുമുണ്ടാകണം. ആര് ഭരണത്തിലിരുന്നാലും ആര് പ്രതിപക്ഷത്തിരുന്നാലും കേരളത്തിന്റെ വികസനം ലക്ഷ്യമാക്കി ആ അജണ്ട വിപുലമാക്കിക്കൊണ്ട് മുന്നോട്ടുപോകാനുള്ള മനോഭാവം ഈ ചർച്ചയിലൂടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പ്രസംഗത്തിലൂടെ ഉരുത്തിരിഞ്ഞുവരണം. അതിന് നമുക്ക് ഈ ചർച്ച ഒരു തുടക്കമാക്കണം. ഈ ചർച്ച ഇവിടെനിന്ന് പ്ലാനിംഗ് ബോർഡ് ഓഫീസിൽ മാത്രം പരിമിതപ്പെടുത്താൻ പാടില്ല. കേരളത്തിന്റെ വികസനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ 13 ഇന പരിപാടി ജനങ്ങളുടെ മുന്നിലേക്ക് തുറന്ന ചർച്ചയ്ക്ക് കൊടുക്കണം. അനുഭവസമ്പത്തുള്ളവരാണ് ജനങ്ങൾ. അവരുടെ അഭിപ്രായം പ്രകടിപ്പിക്കണം. സാം പിത്രോദ ഗുജറാത്തിൽ ആവിഷ്കരിച്ചതുപോലെ 13 ഇന പരിപാടികൾ നടപ്പിലാക്കാൻ പഠനസമിതികൾ ഉണ്ടാകണം. ജനങ്ങളുടെ അഭിപ്രായങ്ങൾ ആരായണം. അതിനുവേണ്ട വിവരങ്ങൾ സമാഹരിക്കണം. ഡിപ്പാർട്ടുമെന്റൽ പ്രവർത്തനങ്ങളുമായി ഓവർലാപ്പ് ഉണ്ടാകാതെ ജനകീയ പങ്കാളിത്തത്തോടെ ഇവ നടപ്പാക്കണം. ഒരുപക്ഷേ, 10 വർഷക്കാലം ലക്ഷ്യം വച്ചുകൊണ്ട് ഈ പദ്ധതികളും പരിപാടികളും പ്രോജക്ടുകളും നടപ്പിലാക്കാനുള്ള തുടക്കം ഈ ചർച്ചയോടെ ആരംഭിക്കണമെന്നുള്ളതാണ് ഞാൻ ആഗ്രഹിക്കുന്നത്. നമ്മുടെ വികസനത്തെക്കുറിച്ച് സ്വപ്നം കാണുമ്പോൾ ഡോ. തോമസ് ഐസക് പറഞ്ഞതുപോലെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതായിരിക്കണം ആദ്യത്തെ ലക്ഷ്യം. പട്ടിണി മാറ്റുകയാണ് ആദ്യത്തെ ലക്ഷ്യം, പട്ടിണി മാറ്റാൻ ആഹാരമില്ലാത്തവർക്ക് ആഹാരം കൊടുക്കണം. പക്ഷേ, ദാരിദ്ര്യം ശാശ്വതമായി മാറ്റണമെങ്കിൽ ഒരുനേരത്തെ ആഹാരം കൊടുത്താൽ മാത്രം കഴിയില്ല; തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയണം. തൊഴിലില്ലായ്മ പരിഹരിക്കാതെ പട്ടിണി മാറ്റാൻ കഴിയില്ല. ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ കഴിയില്ല. തൊഴിലില്ലായ്മ പരിഹരിക്കുന്നതോടൊപ്പം വികസനപ്രക്രിയ യാഥാർത്ഥ്യമാക്കണം. അത് കാർഷികമേഖലയിൽ ഉണ്ടാകണം. നെല്ല്, നാളികേരം, തെയില, കാപ്പി,

LIBRARY ARCHIVES Kerala Legislative Assembly

സുഗന്ധദ്രവ്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള കാർഷികമേഖല നഷ്ത്തിലാണെങ്കിൽ ആ കാർഷികമേഖലയെ രക്ഷിക്കാനുള്ള പരിപാടി വേണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതുപോലെ പാരമ്പരാഗത വ്യവസായത്തിന്റെ സംരക്ഷണമുണ്ട്. അതിനുവേണ്ട കർമ്മപരിപാടികൾ തയ്യാറാക്കണം. കാർഷികമേഖലയെ ഒരു തൊഴിൽമേഖലയായി മാറ്റാൻ നമുക്ക് കഴിയണം. വ്യാവസായികമേഖലയ്ക്ക് പുരോഗതിയുണ്ടാകണം. അങ്ങനെ വരുമ്പോൾ പണമെവിടെ എന്ന സന്ദേഹം ഉണ്ടാകും. ഡോ.തോമസ് ഐസക്കിന്റെ സന്ദേഹം സ്വാഭാവികമായും എല്ലാപേർക്കും ഉണ്ടാകും.

ഡോ. തോമസ് ഐസക്: സർ, ഇപ്പോൾ ഇതിനാവശ്യമായ പണത്തെക്കുറിച്ച് വളരെയധികം പറയുന്നതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്; നമ്മുടെ വരുമാനം ഇരട്ടിയാക്കാൻ തീരുമാനിക്കുന്നു. എന്നുവച്ചാൽ വർഷം 30 ശതമാനംവച്ച് വർദ്ധിക്കണം. Capital output ratio നാല് എന്നു കരുതിയാൽപ്പോലും ഒരുവർഷം സംസ്ഥാന വരുമാനത്തിന്റെ 120-130 ശതമാനം ഇൻവെസ്റ്റ് ചെയ്യേണ്ടിവരും. ഇത് ചരിത്രത്തിലില്ലാത്ത കാര്യമാണ്. ഞാൻ ആ രീതിയിലേക്ക് പോയില്ലെന്നു മാത്രമേയുള്ളൂ. ഈ മൂന്നുവർഷംകൊണ്ട് per capita income ഇരട്ടിയാക്കുമെന്നു പറഞ്ഞാൽ അത് ലോകചരിത്രത്തിലുണ്ടായിട്ടില്ല.

ശ്രീ. എം. മുരളി: അങ്ങ് പറഞ്ഞതു ശരിയാണ്. പക്ഷേ, നമുക്ക് വിദേശമൂലധനം ആകർഷിക്കാൻ കഴിയണം. ലോകത്തെമ്പാടുമുള്ള മലയാളികൾ ഇൻവെസ്റ്റ്മെന്റിന് തയ്യാറാണ്. അവരുടെ അദ്ധ്വാനം സ്വരൂപിച്ചെടുത്ത് ഇവിടെ ഓരോ മേഖലയിലും നിക്ഷേപിക്കാൻ തയ്യാറാണ്. പക്ഷേ, കേരളത്തിന്റെ വളർച്ചയിൽ അവർ നിരാശരാണ്; നമ്മുടെ പതർച്ചയിൽ അവർ നിരാശരാണ്. കേരളത്തിന്റെ വളർച്ചയ്ക്ക് വിവിധ മേഖലകളിൽ ഇൻവെസ്റ്റ്മെന്റുണ്ടാകണം. ടൂറിസത്തിലുണ്ടാകണം, വ്യവസായമേഖലയിലുണ്ടാകണം, കാർഷിക മേഖലയിലുണ്ടാകണം. മാരോ മേഖലയിലുമുണ്ടാകണമെങ്കിൽ കേരളത്തിനു പുറത്തുള്ള വിദേശമലയാളികൾ ഇൻവെസ്റ്റ്മെന്റ് നടത്തണം. അങ്ങനെയുള്ള ഇൻവെസ്റ്റ്മെന്റ് നമുക്ക് ആകർഷിക്കാൻ കഴിയണം. അങ്ങനെ ഇൻവെസ്റ്റ്മെന്റ് ആകർഷിച്ചുവെങ്കിൽ മാത്രമേ നമുക്ക് സാമ്പത്തികമേഖലയുടെ വികസനം സാദ്ധ്യമാകുകയുള്ളൂ. ഒരു പ്രത്യേക സാമ്പത്തികമേഖലയുണ്ടാക്കണമെന്ന് രാഷ്ട്രപതി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഊന്നൽനൽകിക്കൊണ്ട് പറഞ്ഞിരിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ: സർ, If there is a will, there is a way എന്നു നമ്മൾ പറയാറുണ്ടല്ലോ. ഡോ. തോമസ് ഐസക് ഒരു സാമ്പത്തികവിദഗ്ധനാണ്. അദ്ദേഹത്തിന്റെ ആ ചോദ്യത്തിൽത്തന്നെ വാസ്തവത്തിൽ ഒരു ദുരുദ്ദേശം കൂടിയുണ്ട്. Institutional finance ആയാലും അതുപോലെതന്നെ മറ്റു private participation-ലൂടെയായാലും താങ്കൾ പറഞ്ഞതുപോലെ എൻ.ആർ.ഐ.യുടെ ഇൻവെസ്റ്റുമെന്റുകൾ ആകർഷിക്കുകവഴി പണമുണ്ടാക്കുക എന്നുള്ളത് ഒരു പ്രശ്നമല്ല. പദ്ധതികൾക്ക് പണമുണ്ടാക്കുക എന്നുള്ളതാണ് ഭരണകർത്താക്കളുടെയും ആസൂത്രണവിദഗ്ധരുടെയും ചുമതല. അതിനാണ് നാം ഇവിടെ നിർദ്ദേശിക്കേണ്ടത്. അതിനു പകരം പണം എവിടെയെന്ന് അദ്ദേഹം ചോദിച്ചത് ഒരു pessimist-ന്റെ സ്വരത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: അദ്ദേഹം മാവിലേക്കുറിച്ച് സ്വപ്നം കാണുന്ന ആളാണ്. അദ്ദേഹത്തിന്റെ pessimism മാറട്ടെ, അദ്ദേഹം ഒരു optimistic ആകട്ടെ, നമുക്ക് പ്രാർത്ഥിക്കാം; നമുക്ക് പ്രത്യാശിക്കാം. ഒരു കാര്യം ഞാൻ പറയുന്നു, നമുക്ക് foreign investors-നെ ആകർഷിക്കാൻ കഴിയും. അതിനോട് പൈതൃം കാണിക്കേണ്ട കാര്യമില്ല. വിദേശമലയാളികളുമായി ചർച്ച ചെയ്താൽ നമുക്ക് foreign investment-ന്റെ കാര്യത്തിൽ പ്രയാസമില്ല. അതിൽ നിരാശപ്പെടേണ്ട കാര്യമില്ല. അടിസ്ഥാന സൗകര്യങ്ങൾ കേരളത്തിലുണ്ടാക്കാൻ കഴിയണം. Express highway-യെക്കുറിച്ച് ഇവിടെ പറഞ്ഞു. അങ്ങുതന്നെ water way-യെക്കുറിച്ചു ചോദിച്ചു. റോഡ് ഗതാഗതമുണ്ടാകണം. റോഡ് ഗതാഗതത്തിന്റെ കാര്യത്തിൽ കേരളം ഇന്ന് വീർപ്പുമുട്ടുകയല്ലേ? അങ്ങും ഞാനും റോഡിൽക്കൂടി യാത്രചെയ്യുന്നവരാണ്. കേരളം വീർപ്പുമുട്ടുന്നു. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത, ജനസാന്ദ്രതയുള്ള കേരളത്തിലെ ജനങ്ങളെ പ്രയാസപ്പെടുത്താത്ത ഒന്നിൽക്കൂടുതൽ express ways ഉണ്ടാകണം. അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കാൻ അതിലൂടെമാത്രമേ കഴിയുകയുള്ളൂ. Water ways ഉണ്ടാകണം. രാഷ്ട്രപതി പ്രത്യാശിച്ചതുപോലെ നമുക്ക് റെയിൽവേ വികസനമുണ്ടാകണം. കേരളത്തിന്റെ അവകാശം കേന്ദ്ര ഗവൺമെന്റിനോട് കണക്കുപറഞ്ഞ് വാങ്ങി കേരളത്തിന്റെ റെയിൽവേ വികസനം യാഥാർത്ഥ്യമാക്കണം. റെയിൽവേ രംഗത്ത് നമ്മൾ അവഗണിക്കപ്പെട്ടു.....(ബഹളം).....

മി. ചെയർമാൻ: Please conclude. Your time is over.

ശ്രീ. എം. മുരളി: ചെയർ അനുവദിക്കുന്നില്ല. ദുബായ് പോർട്ടിനെക്കാൾ വലിയൊരു destination ആക്കി വിഴിഞ്ഞത്തെ മാറ്റാൻ നമുക്ക് കഴിയും. കേരളം ഇന്ത്യയുടെ, ലോകത്തിന്റെ നെറുകയിൽ വരാൻ വിഴിഞ്ഞത്തിന്റെ വികസനം കൊണ്ടുമാത്രം കഴിയും. പക്ഷേ, അതിന് നമ്മൾ അറച്ചുനിൽക്കുന്നു, മടിച്ചുനിൽക്കുന്നു, നമ്മൾ ഈ രംഗത്തേക്ക് കടന്നുവരണം. അപ്പോൾ റോഡുണ്ടാകണം, വികസനമുണ്ടാകണം, രാഷ്ട്രപതി പറഞ്ഞ വാട്ടർവേയുടെ വികസനമുണ്ടാകണം, വിഴിഞ്ഞംപോലുള്ള തുറമുഖങ്ങളുണ്ടാകണം. കേരളത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യംവച്ചുകൊണ്ട് രാഷ്ട്രപതിയുടെയും മുഖ്യമന്ത്രിയുടെയും 13 ഇന പരിപാടിയെക്കുറിച്ച് ഇവിടെ നടക്കുന്ന ചർച്ച ജനങ്ങളുടെ മധ്യത്തിലേക്ക് പോകണം. സാം പിത്രോദ പ്രകടിപ്പിച്ച working group-കൾ എന്ന നിർദ്ദേശമോ എന്തോ ആയിക്കൊള്ളട്ടെ, ഈ 13 ഇന പരിപാടി യാഥാർത്ഥ്യമാക്കാൻ വ്യക്തികളുടെ പഠനസംഘമുണ്ടാകണം. ജനങ്ങളുടെ മുമ്പിൽ ആ പഠനറിപ്പോർട്ട് അവതരിപ്പിക്കണം. ജനങ്ങളുടെ അഭിപ്രായം അറിഞ്ഞുകൊണ്ട് പ്രോജക്ടുകൾ തയ്യാറാക്കണം. പ്രോജക്ട് തയ്യാറാക്കിക്കഴിഞ്ഞാൽ ഇംപ്ലിമെന്റേഷന് ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള ഏജൻസികൾ രൂപീകരിക്കണം. ആ ഏജൻസികളിലൂടെ നമുക്ക് നഷ്ടപ്പെട്ടുപോയത് വീണ്ടെടുക്കാൻ കഴിയണം. കേരളം പിന്നോട്ടുപോയി എങ്കിൽ കേരളത്തെ മുന്നോട്ടുകൊണ്ടുവരാൻ ഈ ചർച്ച ഒരു തുടക്കമാകണമെന്നുമാത്രം പ്രത്യാശിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, അഭിവന്ദ്യനായ രാഷ്ട്രപതിയുടെ പത്തിന നിർദ്ദേശങ്ങളും അതോടൊപ്പമുള്ള ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മൂന്നിന നിർദ്ദേശങ്ങളും പ്രാവർത്തികമാക്കാൻ കഴിഞ്ഞാൽ സംസ്ഥാനം രക്ഷപ്പെടും. പക്ഷേ, രാഷ്ട്രപതിയുടെ പത്തിന നിർദ്ദേശങ്ങൾ മാത്രം ഈ സഭയിൽ അവതരിപ്പിച്ചു ചർച്ച ചെയ്യുന്നത് ഉചിതമായിരിക്കില്ല, അത് പാവങ്ങളോടുള്ള ഒരു അവഗണനയായിരിക്കുമെന്നുള്ളതുകൊണ്ടാണ് ബഹുമാന്യനായ മുഖ്യമന്ത്രി ഈ മൂന്നിനംകൂടി ഇതിന്റെ കൂട്ടത്തിൽ ചേർത്തത്. ഈ ഗവൺമെന്റ് 50 മാസം പൂർത്തിയാക്കുമ്പോൾ ആദ്യത്തെ ബഡ്ജറ്റിൽത്തന്നെ 500 കോടി രൂപ പരമ്പരാഗത വ്യവസായമേഖലയ്ക്കുവേണ്ടി പാക്കേജ് പ്രഖ്യാപിച്ചതാണ്. അതിൽനിന്ന് കാൽക്കാശ് ചെലവാക്കാത്ത ഒരു ഗവൺമെന്റാണ് ഇപ്പോൾ മുതലക്കണ്ണീർ ഒഴുക്കിക്കൊണ്ട് പരമ്പരാഗത വ്യവസായമേഖലയെ രക്ഷിക്കാൻ വന്നിരിക്കുന്നത്....(ബഹളം).... കശുവണ്ടിയുടെ കാര്യത്തിലാണ് ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രി രോഷംകൊള്ളുന്നത്. കഴിഞ്ഞ നാലുവർഷത്തിൽ മൂന്നുവർഷം ഫാക്ടറികൾ അടച്ചിട്ടിട്ട് അവസാനം ഒരുവർഷം തുറന്നതിന്റെ വീമ്പിളക്കുകയാണിപ്പോൾ സംസ്ഥാന ഗവൺമെന്റ്. പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്ന സംസ്ഥാനത്തെ 40 ലക്ഷത്തിലധികം തൊഴിലാളികളുണ്ട്. കയർത്തൊഴിലാളിയും കൈത്തറിത്തൊഴിലാളിയും കശുവണ്ടി ത്തൊഴിലാളിയും ഈറ്റത്തൊഴിലാളിയും ഉൾപ്പെടെ പരമ്പരാഗത വ്യവസായ മേഖലയിൽ ഒട്ടാകെ പണിയെടുക്കുന്ന, പുഴുക്കളെപ്പോലെ ജീവിക്കുന്ന 40 ലക്ഷം തൊഴിലാളികൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്. പ്ലാനിംഗ് ബോർഡിന്റെ കണക്കനുസരിച്ച് 21 ലക്ഷം ആളുകളുണ്ട്. 16 ലക്ഷം ആളുകൾക്കാണ് ഇവിടെ റേഷൻകടവഴി സൗജന്യമായി അരിയും പഞ്ചസാരയുമെല്ലാം നൽകുന്നത്. പ്ലാനിംഗ് ബോർഡിന്റെ കണക്കനുസരിച്ച് 21 ലക്ഷം ആളുകളുണ്ട്. ഈ 21 ലക്ഷം ആളുകളിൽ, സംസ്ഥാനത്തെ 40 ലക്ഷം വരുന്ന പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളിൽ 40 ശതമാനമാണ് ബി.പി.എൽ.കാർ. ആ ബി.പി.എൽ. വിഭാഗങ്ങളെ പരമ്പരാഗത വ്യവസായമേഖലയെ സമൃദ്ധമാക്കാൻ, ഇന്ന് പരമ്പരാഗത വ്യവസായമേഖലയുടെ പേരിൽ മുഖ്യമന്ത്രിയും മന്ത്രിമാരും കണ്ണീരൊഴുക്കുകയാണ്. ആ തൊഴിലാളിയെ വഞ്ചിക്കുകയാണ്. പരമ്പരാഗത വ്യവസായമേഖലയെ സംരക്ഷിക്കാനാണ് അവസാനനിമിഷം മുഖ്യമന്ത്രി ഈ മൂന്നിനംകൂടി ഉൾപ്പെടുത്തിയതെങ്കിൽ ഈ പരമ്പരാഗത വ്യവസായമേഖലയെ സംരക്ഷിക്കാൻ, പുനഃസംഘടിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി നിങ്ങളുടെ കൈവശമുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ആ പദ്ധതി ഒന്ന് പ്രഖ്യാപിച്ചാൽ കൊള്ളാം. സംസ്ഥാനത്ത് 1967-ൽ ആദ്യത്തെ ഇതേമുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ യശ്ശശരീരനായ ടി. വി. തോമസും ഇ.എം.എസ്.ഉം ഭരിച്ചിരുന്ന കാലഘട്ടത്തിൽ ഈ പരമ്പരാഗത വ്യവസായമേഖലയെ സംരക്ഷിക്കാൻ വേണ്ടി ഒരു പുനഃസംഘടനയുണ്ടാക്കി. നിങ്ങൾ ആ ഫയൽ പരിശോധിക്കണം. കശുവണ്ടി, കയർ, കൈത്തറി, ബീഡി, ഈറ്റ തുടങ്ങിയ വ്യവസായങ്ങളെ സംരക്ഷിക്കാൻ ആ പുനഃസംഘടനാ പദ്ധതി ഒന്നു പഠിക്കണം. ഇപ്പോഴത്തെ തൊഴിൽ വകുപ്പുമന്ത്രി അന്ന് ശിശുവായിരുന്നിരിക്കും. 1967-ൽ അങ്ങനെയായിരുന്നു

പുനഃസംഘടനാ പദ്ധതിവഴി ഈ പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിച്ചത്, അവസാനം നിങ്ങൾ വന്നപ്പോൾ തകർത്തു. ഇവിടെ പറഞ്ഞുകേട്ടത് ഒരു രാഷ്ട്രീയസ്ഥിരതയില്ലാത്തതുകൊണ്ടും ഗവൺമെന്റുകൾ മാറിമാറി വരുന്നതുകൊണ്ടുമാണ് ഇങ്ങനെയെല്ലാം സംഭവിക്കുന്നതെന്നാണ്. പരമ്പരാഗത വ്യവസായമേഖലയിലെ പാവപ്പെട്ട തൊഴിലാളികളെ സംരക്ഷിക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്തെങ്കിലും ചെയ്യും. നിങ്ങൾ അധികാരത്തിൽ വരുമ്പോൾ അതെല്ലാം തട്ടിത്തരിപ്പണമാക്കി അവരെയെല്ലാം പട്ടിണിക്കാരാക്കും. ആ നയമല്ലേ നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്? ഇച്ഛാശക്തി വേണം. രാഷ്ട്രീയസ്ഥിരതയുള്ള ഒരു ഗവൺമെന്റിനുമാത്രമേ, നിങ്ങളുടെ 10-ഉം 13-ഉം, 13 അല്ല 14 ആയാലും നടപ്പിലാക്കാൻ പറ്റുകയുള്ളൂ. അതിന് രാഷ്ട്രീയസ്ഥിരത വേണം; രാഷ്ട്രീയ ഇച്ഛാശക്തി വേണം. ഇതു രണ്ടുമില്ലാത്ത ഒരു ഗവൺമെന്റാണിത്. അതുകൊണ്ട് വിമ്പിളിക്കാമെന്നു മാത്രമല്ലാതെ ഇതൊന്നും നടപ്പാക്കാൻ നിങ്ങൾക്ക് കഴിയില്ല. നിങ്ങൾക്ക് സമ്പത്ത് കണ്ടെത്താൻ കഴിയില്ല. നിങ്ങൾക്ക് പാവപ്പെട്ട തൊഴിലാളികളോട് യാതൊരു പ്രതിബദ്ധതയുമില്ല. നിങ്ങൾ വെളുത്ത മുണ്ടിനു തുടുക്കിടുന്നവരാണ്, പാവങ്ങളോടു കരുണയില്ലാത്തവരാണ്. അതുകൊണ്ടാണ് നിങ്ങൾക്ക് പദ്ധതി നടപ്പാക്കാൻ കഴിയില്ലെന്നു പറയുന്നത്. പുനഃസംഘടനാപദ്ധതി ഏറ്റെടുത്തുകൊണ്ട് നടപ്പാക്കാൻ നിങ്ങൾക്കു കഴിയുമെങ്കിൽ പ്രസിഡന്റിന്റെ പത്തിനപരിപാടിക്കും, മുഖ്യമന്ത്രിയുടെ മുന്നിന പരിപാടിക്കും, ഒപ്പം ഒരിന പരിപാടിയുംകൂടി ഞാൻ പറയാം, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചു പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറന്നുപോയോ? പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലഘട്ടത്തിൽ അദ്ദേഹം പറഞ്ഞത് സോഷ്യലിസത്തിന്റെ പാതയൊരുക്കുന്നതാണ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നാണ്. ഇന്ന് നിങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റ് തുലയ്ക്കുകയാണ്; പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചാൽ നിങ്ങളും ഞങ്ങളും യോജിക്കും, നമുക്കൊരുമിച്ചു പ്രവർത്തിക്കാമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, രാഷ്ട്രപതി വച്ച നിർദ്ദേശങ്ങൾ ഈ സഭയിൽ ചർച്ചചെയ്യുമ്പോൾ ഈ സഭയുടെ ചർച്ചയ്ക്കു നിദാനമായ പ്രേരകഘടകം അങ്ങയുടെ മുകളിൽ ഇരിക്കുന്ന മഹാത്മാഗാന്ധിയുടെ പടമാണ്. പക്ഷേ, വികസനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സങ്കല്പവും വാഗ്ദാനവുമൊക്കെ, കാറ്റിൽ പറന്നിരിക്കുകയാണ്. സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന ജനങ്ങളുടെ സാമ്പത്തികമോചനമാണ് അദ്ദേഹം ആഗ്രഹിച്ചത്. ഉള്ളവന്റെ പണം സമൂഹത്തിന്റെ നിയന്ത്രണത്തിലേക്കു കൊണ്ടുവരാൻവേണ്ടി മാഷ്ട്രീയപ്രവർത്തകനല്ലായിരുന്ന ഇന്നത്തെ പ്രസിഡന്റ്, കേരളത്തിൽ അദ്ദേഹത്തിനുണ്ടായ അനുഭവസമ്പത്ത്

LIBRARY ARCHIVES Kerala Legislative Assembly

വച്ചുകൊണ്ട് എഴുതി അയച്ച നിർദ്ദേശങ്ങളെക്കുറിച്ചാണ് ഇവിടെ ചർച്ചചെയ്യുന്നത്. അതിനെ രാഷ്ട്രീയകാഴ്ചപ്പാടോടുകൂടി ഒരു ഗവൺമെന്റ് വിശകലനം ചെയ്തിരിക്കുകയാണ്. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ 20 മിനിട്ട് മുഖ്യമന്ത്രിക്ക് അനുവദിച്ചത്, ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ ഇവിടെ അവതരിപ്പിക്കാൻ വേണ്ടിയാണ്. അഞ്ച് മിനിട്ടുപോലും പ്രസംഗിക്കാതെ മുഖ്യമന്ത്രി ഗോൾ അനങ്ങളിലേക്ക് എറിഞ്ഞിരിക്കുകയാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഞാൻ പറയുന്നു, മാർച്ച് മാസത്തിലെ ബഡ്ജറ്റ് അവതരിപ്പിക്കാൻ നിലനിൽപ്പില്ലാത്ത ഒരു ഗവൺമെന്റായതുകൊണ്ട്, ജനങ്ങളെ കളിപ്പിക്കുന്നതിനുവേണ്ടി പ്രസിഡന്റിന്റെ പ്രസംഗം ദുരുപയോഗപ്പെടുത്തുന്നു എന്ന കുറ്റാരോപണം ഞാൻ യു.ഡി.എഫിനുനേരെ ഉന്നയിക്കുകയാണ്. ഈ ഗവൺമെന്റിനു ലക്ഷ്യബോധമില്ലെന്ന് നമുക്കറിയാം. പശ്ചിമബംഗാളിനെക്കുറിച്ച് ഇവിടെ പറയുന്നതു കേട്ടു, 25 കൊല്ലംകൊണ്ട് രണ്ട് മുഖ്യമന്ത്രിമാരാണ് ഭരിച്ചതെന്ന്. ഇവിടെ 25 കൊല്ലം ഇവർ ഭരിക്കുകയാണെങ്കിൽ അറുപത്, എഴുപത് മുഖ്യമന്ത്രിമാരുണ്ടാകില്ലേ? കേരളത്തിൽ യു.ഡി.എഫിന്റെ രാഷ്ട്രീയംവച്ചുകൊണ്ട് ചർച്ചചെയ്യാൻ നിങ്ങൾക്കു സാധിക്കുമോ? ഇവിടെ മറുപടി പറയുന്നത് ഇന്ന മന്ത്രിയാണെന്ന് പറയുന്നില്ല. മുഖ്യമന്ത്രിയായിരിക്കും മറുപടി പറയുക. കാരണം, ഈ ഗവൺമെന്റിന്റെ ഭദ്രത അതാണല്ലോ? കേരളത്തെ സംബന്ധിച്ചിടത്തോളം നമുക്ക് ചിലത് നേടാൻ കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രപതി ചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ജലപാത. ബ്രിട്ടീഷുകാരുടെ കാലത്ത് കൊടുങ്ങല്ലൂർവരെ കനോലി സായിപ്പ് കനോലി തോട് ഉണ്ടാക്കി. വർക്കല തുരങ്കം രാജാവുണ്ടാക്കി. പിന്നിട് വന്ന ഗവൺമെന്റുകളൊന്നും കേരളം ഉണ്ടായിട്ടും, ജലപാതകൾവഴി കേരളത്തെ അന്യോന്യം ബന്ധിപ്പിക്കാൻ മുൻഗണന കൊടുത്തില്ല. അത്തരത്തിൽ മുൻഗണന കൊടുക്കാത്ത ചില മേഖലകളെക്കുറിച്ച് ഡോ. എ. പി. ജെ. അബ്ദുൽകലാം വിരൽചൂണ്ടി എന്നതാണ് അദ്ദേഹം വച്ച നിർദ്ദേശങ്ങളിൽ ഏറ്റവും പ്രധാനമായി എനിക്ക് കാണാൻ കഴിഞ്ഞത്. അദ്ദേഹം വിരൽചൂണ്ടിയിട്ടുള്ള നിർദ്ദേശങ്ങൾ ഗൗരവമായി ചർച്ചചെയ്യാൻ, സാമ്പത്തികവിദഗ്ദ്ധർ, സാങ്കേതികവിദഗ്ദ്ധർ, രാഷ്ട്രീയബോധമുള്ളവർ, മരണകർത്താക്കൾ ഇവരുടെ അഭിപ്രായം തേടിക്കൊണ്ട്, വ്യക്തമായ നിർദ്ദേശങ്ങൾ പത്ത് പതിനഞ്ച് കൊല്ലത്തേക്ക് ദീർഘവീക്ഷണത്തോടുകൂടി സമർപ്പിക്കാൻ ഗവൺമെന്റ് തയ്യാറാണെങ്കിൽ, ഏത് ഗവൺമെന്റ് മാറിവന്നാലും ഗവൺമെന്റിന്റെ ആധാരശിലയായി അത് മാറും, അല്ലെങ്കിൽ മാറ്റുക എന്ന ചരിത്രപരമായ ബാദ്ധ്യത ഈ ഉപക്ഷേപത്തിലൂടെ ഈ നിയമസഭ നിർവ്വഹിക്കേണ്ടത് ഇല്ലാതാക്കി എന്ന കുറ്റം ഇന്നത്തെ മുഖ്യമന്ത്രിയുടെമേൽ ആരോപിക്കുന്നു. ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ നിർദ്ദേശങ്ങൾ കേരളത്തിലെ ജനങ്ങൾ ചർച്ചചെയ്താൽ, ഈ ചർച്ച നിങ്ങൾക്ക് എതിരായി മാറുന്ന, ഉത്തരവാദിത്വമില്ലാത്ത നിങ്ങൾക്കെതിരായി കൊണ്ടുവരുന്ന, ഏറ്റവും നല്ല ആയുധമായിരിക്കും. ഇത് നിങ്ങൾ മനസ്സിലാക്കണം. ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, റൂൾ 130 അനുസരിച്ചുള്ള ചർച്ചയിൽ പങ്കെടുക്കാൻ വളരെ പ്രതീക്ഷയോടുകൂടിയാണ് ഞാൻ വന്നത്. പക്ഷേ, എന്റെ പ്രതീക്ഷയ്ക്കൊത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉയർന്നില്ല എന്നുള്ള വസ്തുത പറയേണ്ടിവന്നതിൽ എനിക്കു ദുഃഖമുണ്ട്. പത്തിന പരിപാടികൾ അഞ്ച് എങ്ങനെ നടപ്പാക്കാൻപോകുന്നു എന്ന് കേരളത്തിലെ ജനങ്ങൾ അറിയണ്ടേ? ഈ സഭയോട് അതു പറയാനുള്ള ബാദ്ധ്യത അങ്ങേക്കില്ലേ? അഞ്ച് അതിനെപ്പറ്റി ഒരക്ഷരം പറഞ്ഞില്ല. അങ്ങേക്ക് ബഹുമാനപ്പെട്ട സ്പീക്കർ 20 മിനിട്ട് സമയം അനുവദിച്ചു. പക്ഷേ, മൂന്ന് മിനിട്ടുകൊണ്ട് അഞ്ച് ചർച്ച അവസാനിപ്പിച്ച് അവിടെ ഇരുന്നു. ഈ പത്തിന പരിപാടിയുടെകൂടെ മൂന്നുംകൂടി ചേർത്ത്, പതിമൂന്നിന പരിപാടികൾ എങ്ങനെയാണ് സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്? അഞ്ചയുടെ പ്രോഗ്രാമുകൾ എന്താണെന്ന് പറയണ്ടേ? അഞ്ച് മറുപടി പറയുമ്പോൾ കുറെ പ്രോഗ്രാമുകൾ പ്രഖ്യാപിച്ച് കയ്യടിയും വാങ്ങി സുഖിച്ചു പോകാമെന്നുള്ള പരിപാടിയല്ലേ അഞ്ച് നടത്തിയത്? അതു തെറ്റായിപ്പോയി എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ സംസാരിച്ച കോൺഗ്രസ്സ് അംഗം വളരെ വ്യക്തമായി പറഞ്ഞു, ഇന്ത്യൻ പ്രസിഡന്റിന്റെ പ്രസംഗം നമ്മളെയെല്ലാം ഒന്നു തട്ടിയുണർത്തിയെന്ന്. എന്താണ് അതിന്റെ അർത്ഥം? ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡന്റ് സഭയിൽ വന്ന് പ്രസംഗിക്കുന്ന അവസരത്തിൽ നിങ്ങൾ ഉറക്കമായിരുന്നു എന്നല്ലേ? അതുകൊണ്ടാണല്ലോ തട്ടിയുണർത്തേണ്ടിവന്നത്. ആരെയാണ് ഉണർത്തിയത്? നാലേകാൽ വർഷക്കാലമായി ഭരണം നടത്തിക്കൊണ്ടിരുന്ന നിങ്ങൾ ഉറങ്ങുകയായിരുന്നു എന്ന് പ്രസിഡന്റിനു ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് നിങ്ങളെ അദ്ദേഹം വന്ന് തട്ടിയുണർത്തിയത്. ഞങ്ങളുടെ കുഴപ്പമല്ല. പതിമൂന്നിന പരിപാടി അഞ്ച് പ്രഖ്യാപിച്ചു. ഇതിന് പണമെവിടെ എന്ന് ചോദിക്കുന്നത് തെറ്റാണോ? 48,000 കോടി രൂപയുടെ കടത്തിൽ കിടക്കുന്ന കേരള സർക്കാർ എങ്ങനെ ഈ പ്രോഗ്രാം നടപ്പാക്കും? ഈ പണം എങ്ങനെയുണ്ടാക്കാൻ ഉദ്ദേശിക്കുന്നു? അഞ്ച് പറയണം. ഈ പതിമൂന്നിനത്തിൽ ഏത് ഐറ്റത്തിനാണ് അഞ്ച് പ്രയോറിറ്റി കൊടുക്കുക? എനിക്ക് പ്രയോറിറ്റിയെക്കുറിച്ച് പറയാനുണ്ട്. കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് സംസ്ഥാനത്തിലെ 1300 കൃഷിക്കാർ കടക്കെണിയിൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. കാർഷികമേഖലയുടെ തകർച്ചയല്ലേ അത് കാണിക്കുന്നത്? നാണ്യവിളകളുടെ വില മുഴുവൻ ഇടിഞ്ഞില്ലേ? കാപ്പിക്കുരുവിനും അടയ്ക്കയ്ക്കും തേയിലയ്ക്കും ഏലത്തിനും വിലയുണ്ടോ? എല്ലാം തകർന്നില്ലേ? കേരളത്തിൽ 71 ശതമാനം പേരും കൃഷിക്കാരാണ്. ആ മേഖലയെക്കുറിച്ച് ചിന്തിക്കണം. ഒന്നാമത്തെ പ്രയോറിറ്റി അതിനു കൊടുക്കണം. അഞ്ച് അതിനു തയ്യാറുണ്ടോ? രണ്ടാമത്തെ പ്രയോറിറ്റി ഇവിടത്തെ പരമ്പരാഗത വ്യവസായങ്ങൾക്കാണ്. 40 ലക്ഷത്തോളം വരുന്ന തൊഴിലാളികൾ ഉപജീവനം നടത്തുന്ന മേഖലയല്ലേ അത്? ആ മേഖലയ്ക്ക് പ്രയോറിറ്റി കൊടുക്കാൻ അഞ്ച് ഉദ്ദേശിക്കുന്നുണ്ടോ? അഞ്ച് മിണ്ടുന്നില്ലല്ലോ? അതിനെപ്പറ്റി അഞ്ച് എന്തുകൊണ്ട് സംസാരിക്കുന്നില്ല? പതിമൂന്നിന പരിപാടി എന്നു പറഞ്ഞ് പ്രഖ്യാപിച്ചുപോയാൽ മതിയോ? അഞ്ച് പ്രഖ്യാപിക്കുന്ന പരിപാടികളിൽ ഏതിനാണ് പ്രയോറിറ്റി കൊടുക്കുന്നത്? എത്ര വർഷംകൊണ്ട് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു? പണം

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്? അങ്ങ് ഇതുവരെയും അത് പറഞ്ഞിട്ടില്ല. പറയാനുള്ള ബാദ്ധ്യത അങ്ങേക്കില്ലേ? യഥാർത്ഥത്തിൽ ഈ ചർച്ച വെറുമൊരു പ്രഹസനമാക്കി മാറ്റുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ സമീപനം ഉപകരിച്ചു എന്നുള്ളതിൽ ദുഃഖമുണ്ട്. അങ്ങ് വളരെ വ്യക്തമായ കാഴ്ചപ്പാടോടുകൂടി ഈ പ്രോഗ്രാം ഇന്നയിന്ന രീതിയനുസരിച്ച് നടപ്പാക്കാൻ പോകുന്നുവെന്നും ഇന്ന മാർഗ്ഗത്തിലൂടെ പണം സമ്പാദിക്കാൻ പോകുന്നുവെന്നും പറഞ്ഞു. വിദേശമലയാളികളെപ്പറ്റിയാണ് അപ്പുറത്തുനിന്നും സംസാരിച്ചവരെല്ലാം പറഞ്ഞത്. എങ്ങനെ വിദേശമലയാളികളെപ്പറ്റി നിങ്ങൾക്ക് പറയാൻ കഴിയും? നാലേകാൽ കൊല്ലമായി നിങ്ങൾ ഭരിക്കുന്നു. വിദേശമലയാളികൾക്കുവേണ്ടി നിങ്ങൾ എന്ത് ചെയ്തു? 'നോർക്ക' എന്നും പറഞ്ഞ് ശ്രീ. എം. എം. ഹസ്സൻ നടക്കുന്നുണ്ട്. വിദേശമലയാളികളുടെ സമ്മേളനങ്ങൾ നടക്കുമ്പോൾ അവിടെ പോയി പുട്ടടിച്ച് പിരിയും. വിദേശമലയാളികൾക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ നിങ്ങൾക്കു കഴിഞ്ഞോ? നാലേകാൽ കൊല്ലം ഭരിച്ചില്ലേ? ഫ്ളൈറ്റിന്റെ കാര്യത്തിൽപ്പോലും എന്തെങ്കിലും ചെയ്യാൻ നിങ്ങൾക്കു കഴിഞ്ഞോ? വിദേശത്തുനിന്നും വിമാനത്തിൽ കയറാൻ വിദേശികൾ ബുദ്ധിമുട്ടുകയല്ലേ? മൂന്നും നാലും ദിവസം എയർപോർട്ടിൽ കിടന്നുറങ്ങുന്നതിന്റെ ഗതികേടല്ലേ അവർക്കുണ്ടായത്? പരിഹാരം ഉണ്ടാക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? നിങ്ങൾ എന്ത് ചെയ്തു എന്നാണ് പറയുന്നത്? വിദേശ മലയാളികളോട് പണം കൊണ്ടുവാ, കൊണ്ടു വാ എന്നു പറയുക, നിങ്ങളുടെ ഈ ദുഃസ്വഭാവം ഉള്ളിടത്തോളംകാലം അവർ പണം കൊണ്ടുവരുമോ? എല്ലാ മേഖലയിലും സമാധാനമില്ലാത്ത അന്തരീക്ഷം ഉണ്ടാക്കിക്കൊണ്ട് ജനങ്ങളെ കബളിപ്പിച്ച് അടുത്ത തവണയും വോട്ടു തട്ടാൻവേണ്ടി, ബഹുമാനപ്പെട്ട പ്രസിഡന്റിനെ മറയാക്കിക്കൊണ്ട് ചാടിയിറങ്ങിയിരിക്കുകയാണ്. ഇതു കളിപ്പീരാണ്. ഇന്ത്യൻ പ്രസിഡന്റിന് കളിപ്പീരില്ല. അദ്ദേഹം സത്യസന്ധമായി കാര്യങ്ങൾ പറഞ്ഞു. 'ആ കാര്യങ്ങളെപ്പറ്റി പ്രയോറിറ്റി ബേസിസ്സിൽ ഒരു തീരുമാനമെടുത്ത്, പ്രഖ്യാപിച്ച്, ചർച്ച നടത്തണമെന്നുള്ള അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

[അധ്യക്ഷവേദിയിൽ ശ്രീ. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കടവൂർ ശിവദാസൻ : സർ, ബഹുമാനപ്പെട്ട തോമസ് ഐസക് കാർഷികമേഖലയിൽ വരുമാനം കുറഞ്ഞു, രാജ്യത്തിന്റെ മൊത്തത്തിലുള്ള വരുമാനം കുറഞ്ഞു എന്നൊക്കെ പറഞ്ഞു. പരമ്പരാഗത വ്യവസായമേഖലയിൽ ഇന്നുള്ള പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ആരോപണങ്ങളുമായിട്ടാണ് ചർച്ച തുടങ്ങിയത്. അതിനുള്ള മറുപടിയെന്ന നിലയിൽ വിശദമായൊരു ചർച്ചയ്ക്ക് സമയമില്ലെങ്കിലും ഞാൻ അങ്ങയോട് ചോദിക്കുന്നു; ആരാണ് ഇതിന് ഉത്തരവാദികൾ? അത് നമ്മൾ എല്ലാവരുംകൂടി ആലോചിക്കേണ്ടതല്ലേ? 1966 കാലഘട്ടത്തിലാണ് കേരള മാതൃകയുടെ തിലകക്കുറിയെന്നു പറയുന്ന ലാന്റ് റിഫോംസ് ആക്ട് നമ്മൾ എല്ലാവരുംകൂടി നടപ്പിലാക്കിയത്. ലാന്റ് റിഫോംസ് ആക്ട് നടപ്പിലാക്കിയതിൽ സാധാരണഗതിയിൽ എല്ലായിടത്തും കാർഷിക പുരോഗതിയുണ്ടാകും. നമ്മുടെ രാജ്യത്ത് എന്താണ് ഉണ്ടായത്? ലാന്റ് റിഫോംസ്

4.00 p.m.]

LIBRARY ARCHIVES Kerala Legislative Assembly

ആക്ട് 1970-ൽ നടപ്പിലായി. 1970-ലെ നമ്മുടെ ഭക്ഷ്യ ഇക്കണോമിക് റിവ്യു പരിശോധിച്ചുനോക്കുക. ഏകദേശം 15 ലക്ഷം ടൺ അരിയും നമ്മുടെ രാജ്യത്തിനുവേണ്ടിയുള്ള ആഹാരത്തിന്റെ പകുതിയും ഇൻഡ്യയിൽ ഉൽപ്പാദിപ്പിച്ചിരുന്നു. അത് ക്രമേണ കുറഞ്ഞു. നമ്മൾ മാറിമാറി ഭരിച്ചപ്പോഴെല്ലാം കുറഞ്ഞു. ഏകദേശം ആറ് ലക്ഷം ടണ്ണായി. ഇപ്പോൾ വളരെ ഗണ്യമായി കുറഞ്ഞു. എന്താണെന്ന് ഒറ്റവാചകത്തിൽ പറഞ്ഞാൽ കാർഷികപരിഷ്കരണം വരുന്നതിനുമുൻപ് ഒരു കൃഷിപരിപാലനവ്യവസ്ഥ ഇവിടെ ഉണ്ടായിരുന്നു. ആ വ്യവസ്ഥ തകരുകയും അതിനുശേഷം കൊച്ചുകൊച്ചു തുണ്ടുതുണ്ടുകളായി ഭൂമി വിഭജിക്കപ്പെട്ട ഒരു പരിതഃസ്ഥിതിയുണ്ടാകുകയും ചെയ്തപ്പോൾ കാർഷിക പരിപാലനവ്യവസ്ഥയുണ്ടാക്കുവാൻ മാറിമാറി ഭരണത്തിൽ വന്ന നമുക്കാർക്കും കഴിഞ്ഞില്ല. ഞാൻ ആരേയും കുറ്റപ്പെടുത്താൻവേണ്ടി പറഞ്ഞതല്ല. നമ്മുടെ ദേശീയവരുമാനത്തെക്കുറിച്ച് അങ്ങ് പറഞ്ഞത് ശരിയല്ല.

ഡോ. തോമസ് ഐസക്: കാർഷികവരുമാനത്തിന്റെ തകർച്ചയുടെ കാര്യത്തെക്കുറിച്ച് ഞാൻ പറഞ്ഞത് ഒൻപതാം പദ്ധതിയിൽ പ്രതിവർഷം കൃഷിക്കും അനുബന്ധമേഖലകൾക്കും 211 കോടി രൂപ ചെലവാക്കുമ്പോൾ അഞ്ച് വർഷം കഴിഞ്ഞ് പദ്ധതിയുടെ അടങ്കൽ ഗണ്യമായി വർദ്ധിച്ചിട്ടും 210 കോടി രൂപയേ നിങ്ങൾ ചെലവാക്കുന്നുള്ളൂ എന്നാണ്.

ശ്രീ. കടവൂർ ശിവദാസൻ : പച്ചക്കറിയെ സംബന്ധിച്ചിടത്തോളം ചെക്ക് പോസ്റ്റിലെ കണക്കനുസരിച്ച് ഏഴ് ലക്ഷം ടൺ പച്ചക്കറിയാണ് വരുന്നത്. അല്ലാതെയും വരും. ഇതെല്ലാം മാറ്റാൻ നമുക്ക് കഴിയും. അതിന് നമുക്ക് സമവായം ഒക്കില്ല. വന്നു, കണ്ടു, കീഴടക്കി എന്ന ചരിത്രപ്രസിദ്ധമായ ഒരു വാചകമുണ്ട്. സർവ്വാദരണീയനായ അദ്ദേഹം പറഞ്ഞിട്ട് പോയിട്ടും നിങ്ങളുടെ മനസ്സ് മാറ്റാൻ കഴിഞ്ഞില്ലെങ്കിൽ അത് ദുഃഖകരമാണ്. ഇവിടെ ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് സമ്പദ്ഘടനയുടെ വളർച്ചാനിരക്ക് 2002-2003-ൽ 6.83 ശതമാനവും 2004-2005-ൽ 6.5 ശതമാനവുമാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് കിഴ്പ്പോട്ടുള്ള പോക്ക് സംഭവിച്ചിട്ടില്ലെന്ന് ഞാൻ അങ്ങയോട് പറയുകയാണ്. അതുപോലെ ഇവിടെ കശുവണ്ടിയുടെയും കയറിന്റെയും കാര്യം പറഞ്ഞു. നമ്മൾ നമ്മുടെ ചുറ്റുമുള്ള പെറിയ കിണറ്റിലെ തവളയെപ്പോലെ ഇവിടത്തെ നാല് ഫാക്ടറിമാത്രം നോക്കിയാൽ പോരാ. അങ്ങനെയല്ലല്ലോ കാണേണ്ടത്. കേരളത്തിൽനിന്നും കയറ്റുമതി നടത്തിയ വ്യാപാരചരക്കുകളുടെ വിവരങ്ങൾ നമ്മുടെ ഇക്കണോമിക് റിവ്യൂവിൽ പറയുന്നുണ്ട്. 1998-99-ൽ 41,323 ടൺ കശുവണ്ടിയാണ് കയറ്റുമതി ചെയ്തിട്ടുള്ളത്. 2002-2003-ൽ അത് 66,859 ടൺ ആയി. 2003-2004-ൽ അത് 67,821 ടൺ ആയി. ചില്ലറക്കച്ചവടവും മൊത്തക്കച്ചവടവും എടുത്താൽ എങ്ങനെയാണ് ശരിയാകുന്നത്? നമുക്ക് മൊത്തത്തിലുള്ള കണക്കെടുത്താൽ പോരേ? കശുവണ്ടി സംസ്കരണ രംഗത്തുള്ളവരുടെ ജീവിതരീതി വളരെ മോശമാണ്. ഈ ഗവൺമെന്റ് മിനിമം വേജസ് അഡ്വൈസറി കമ്മിറ്റിയെല്ലാം വച്ച് മിനിമം വേജസ് ഡിക്ലെയർ ചെയ്യാൻ പാകമായിരിക്കുന്ന ഒരു കാലമാണ്. കയറിന്റെ ഉൽപ്പാദനം 2002-2003-ൽ 76,850 ടൺ

LIBRARY ARCHIVES Kerala Legislative Assembly

ആയിരുന്നത് 2003-2004-ൽ 87,901 ടൺ ആയി. ഈ മേഖലയിൽ എവിടെയെങ്കിലും നമ്മൾ താഴോട്ട് പോയോ? അവിടത്തെ കയർ ഫാക്ടറി മേഖലയിൽ ഏതാണ്ട് പത്ത് ശതമാനത്തിന്റെ വർദ്ധനവുണ്ടായി. കയർപിരി മേഖലയിൽ ഏതാണ്ട് നിയോജകമണ്ഡലത്തിൽ പത്ത്-ഇരുപത് മുപയുടെ വർദ്ധനവുണ്ടായി. അപ്പോൾ താഴോട്ട് പോയില്ല. പാവങ്ങൾക്കുവേണ്ടത് നിങ്ങൾക്ക് മരണത്തിൽ ഇരിക്കുമ്പോഴും ചെയ്യാമായിരുന്നതാണ്. ചെയ്യണ്ടതാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ആ കാര്യം ഞാൻ ഇവിടെ അവസാനിപ്പിക്കുന്നു. ബഹുമാനപ്പെട്ട പ്രസിഡന്റ് പറഞ്ഞ പത്തിന പരിപാടിയെക്കുറിച്ച് ഞാൻ ആവർത്തിക്കുന്നില്ല. പ്രധാനമായും മൂന്ന്-നാല് കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞത്. (ഒന്ന്) ഇവിടെ ഇൻവെസ്റ്റ്മെന്റ് ക്ലൈമറ്റ് ഉണ്ടാകണം. (രണ്ട്) ഇക്കണോമിക് സോൺ ഉണ്ടാകണം. Kerala Legislative Assembly's assurance for proactive policies for ensuring the uninterrupted work culture in the economic zone, ഒരിക്കലും തടസ്സമുണ്ടാകാത്ത, ഒരു ദിവസംപോലും തടസ്സമുണ്ടാകാത്ത proactive, ഒരിക്കലും നാശത്തിലേക്കല്ല അങ്ങനെ നിൽക്കുന്ന ഒരു നിയമനിർമ്മാണം. Kerala Legislative Assembly's assurance എന്നു പറഞ്ഞാൽ എന്താണ്? ഇവിടെ നിയമമുണ്ടാകണം. അങ്ങനെയുണ്ടെങ്കിലേ ഈ ഇക്കണോമിക് സോൺ ഉണ്ടാകൂ. നിങ്ങൾ സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യൂ. അതാണ് അതിന്റെ ജീവൻ. ഇൻവെസ്റ്റ്മെന്റ് ക്ലൈമറ്റ് ഉണ്ടാകണം. ഇക്കണോമിക് സോണുകൾ ഉണ്ടാകുമ്പോൾ രാജ്യത്ത് മുഴുവൻ ഇത് വേണം. തുടർച്ചയായിട്ടുള്ള സമരങ്ങൾകൊണ്ട് ഇതെല്ലാം സ്തംഭിപ്പിക്കുന്നത് ശരിയല്ലെന്ന് അദ്ദേഹം പറഞ്ഞു. പിന്നെ പറഞ്ഞത് നഴ്സസിന്റെ കാര്യമാണ്. നഴ്സസ് നാലായിരത്തിൽനിന്നും ഇരുപതിനായിരം ആകണം എന്നാണ്. അതുപോലെ ഡോക്ടർമാരും എഞ്ചിനീയർമാരും ഉണ്ടാകണം. ഇതൊക്കെ ആര് ചെയ്യും. പുച്ചയ്ക്ക് ആര് മണികെട്ടും എന്ന് പഞ്ചതന്ത്ര കഥയിലെ ചോദ്യംപോലെ, നമ്മുടെ കുട്ടികൾ ഗ്രാഡ്വേറ്റായിട്ട് വരുമ്പോൾ entrepreneurship ഏറ്റെടുക്കാൻ ശക്തിയുള്ളവരാകണം. അതിന് entrepreneurship കോഴ്സ് ഉണ്ടാകണം. അങ്ങനെയുള്ള ഒരു പരിഷ്കാരം വരണം. അതിന് നിങ്ങൾ യോജിക്കുമെന്ന് വിചാരിക്കുന്നു. അല്ലാതെ നിങ്ങൾ നടത്തുന്നതുപോലെ കുട്ടികളെ തെരുവിലിറക്കി ബഹളമുണ്ടാക്കുന്ന രീതി ശരിയല്ല. ഞാൻ പറയട്ടെ, സ്നേഹിതാ, സമാധാനത്തിന്റെയും സംഘർഷത്തിന്റെയും മാർഗ്ഗം രണ്ടും രണ്ടാണ്. സമാധാനത്തിന്റെ മാർഗ്ഗത്തിലൂടെ മാത്രമേ ഇതെല്ലാം നടക്കുകയുള്ളൂ. സംഘർഷരഹിതമായ ഒരു രാജ്യത്ത് ഇത്തരം കാര്യങ്ങൾ ഒന്നും നടക്കില്ലെന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനെപ്പറ്റി കൂറച്ച് elaborate ആയി പറഞ്ഞാൽ നമ്മൾ ഒരു ഡെവലപ്പിംഗ് സ്റ്റേറ്റാണെന്നറിയാം. ഒരുപക്ഷേ ഗാന്ധിജി കഴിഞ്ഞാൽ ഏറ്റവും പോപ്പുലറായ ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ സ്വപ്നം ഇതൊരു ഡെവലപ്പിംഗ് സ്റ്റേറ്റാകണം എന്നതാണ്. ഡെവലപ്പിംഗ് സ്റ്റേറ്റ് ആകുമ്പോൾ പണം എവിടെയെന്ന് ചോദിച്ചാൽ ലോകത്ത് എവിടെനിന്നാണ് പണം? തമിഴ്നാടിനും പഞ്ചാബിനും ആന്ധ്രയ്ക്കും ബംഗാളിനുമൊക്കെ എവിടെനിന്നാണ് പണം? ലോകത്ത് എല്ലായിടത്തും ഇൻവെസ്റ്റ്മെന്റ് ക്ലൈമറ്റ് വേണം. ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യയുടെ കാര്യം പറഞ്ഞത് അദ്ദേഹം അതിന്റെ മാസ്റ്റർ ആയതുകൊണ്ട് പറയുന്നു എന്നുമാത്രമാണ്. What is investment friendly climate?

LIBRARY ARCHIVES Kerala Legislative Assembly

അത് അങ്ങനെ പറഞ്ഞുപോകേണ്ട ഒരു കാര്യമല്ല. Investment friendly climate ഉണ്ടാകണം. അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്: "To create investment friendly climate leading to employment avenues for 3.7 million educated unemployed particularly 3 lakh graduates and post graduates of the state and several others who do not have such qualifications." ക്വാളിഫിക്കേഷൻ ഇല്ലാത്തവരായിട്ടുള്ളവരെ സംബന്ധിച്ച് അദ്ദേഹം പ്രസംഗിച്ച് അവസാനിപ്പിച്ചത് സമവായം പറ്റില്ലെന്നാണ്. എന്റെ സ്നേഹിതൻമാരെ, ഈ ഓരോ വർഷവും ഏഴ്-ഏഴരലക്ഷം ആളുകളുടെ സ്വപ്നത്തെ നിങ്ങൾ തല്ലിത്തകർക്കുകയാണ്. അവർക്ക് വ്യവസായ അഭ്യസ്തരായില്ല? അത് നമ്മൾ ചർച്ച ചെയ്യണ്ടേ. ഈ രാജ്യത്തുണ്ടാകുന്ന മാറ്റം, ഈ ലോകത്തുണ്ടാകുന്ന മാറ്റം, തമിഴ്നാട്ടിൽ, പഞ്ചാബിൽ, ബംഗാളിൽ ഇവിടെയെല്ലാം ഉണ്ടാകുന്ന മാറ്റങ്ങൾ ഇവിടെ ഉണ്ടാകില്ലെന്നു പറഞ്ഞാൽ ഉണ്ടാകില്ലല്ലോ. പ്രസിഡന്റ് ഇൻഡ്യ ഭരിക്കുന്ന ആളാണ്. എല്ലായിടത്തും ഉണ്ടാകുന്ന മാറ്റമാണ് അദ്ദേഹം പറഞ്ഞത്. അതാണ് പ്രാധാന്യം. ഇൻഡ്യയുടെ പ്രസിഡന്റ് ഇവിടെ വന്നപ്പോൾ ഇൻഡ്യയിലാകമാനമുണ്ടായിരിക്കുന്ന മാറ്റത്തിന്റെ ശബ്ദമാണ് ഇവിടെ കേൾക്കുന്നത്. എന്താണ് ഇൻവെസ്റ്റ്മെന്റ് ഫ്രണ്ട്ലി ക്ലൈമറ്റ്? ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ഏറ്റവും കൂടുതൽ ജനപിന്തുണയുള്ള സംസ്ഥാനമാണല്ലോ ബംഗാൾ. ബംഗാളിൽ വന്നിച്ച രീതിയിലുള്ള ഇൻവെസ്റ്റ്മെന്റ് ക്ലൈമറ്റുണ്ടാക്കാൻ ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യയെന്ന പോളിറ്റ് ബ്യൂറോ അംഗം പറഞ്ഞു. ഞാൻ ചോദിക്കുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ അംഗം അദ്ദേഹമാണോ? ശ്രീ. വി. എസ്. അച്യുതാനന്ദനാണോ? ശ്രീ. പിണറായി വിജയനാണോ? പല മുഖങ്ങൾ പാടില്ലല്ലോ. ബംഗാളിനെ Investment friendly state ആക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. അവിടത്തെ മുഖ്യമന്ത്രി ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ 2004 ഫെബ്രുവരി 29-ാം തീയതി ഹിന്ദുവിന് നൽകിയ ഇന്റർവ്യൂവിലെ ചില ഭാഗങ്ങൾ ഞാൻ ഉദ്ധരിക്കുന്നു. I am trying my best to convince CITU and its leaders to understand the new situation. എവിടെനിന്നാണ് പണം എന്ന് ചോദിച്ചാൽ മതിയോ? Without quality production and productivity, we will not be able to survive എന്ന ശബ്ദം ബംഗാളിൽനിന്ന് വരുന്നത് ഞാൻ കേൾക്കുന്നു; ഈ രാജ്യം കേൾക്കുന്നു. ആന്ധ്രയിൽനിന്നും പഞ്ചാബിൽനിന്നും അത് നേരത്തെ വന്നുകൊണ്ടിരിക്കുന്നതാണ്. It can not be the management's headache. They will also have to share the responsibility along with the management. അതാണ് പുതിയ ഇന്ത്യൻ തൊഴിലാളി പ്രസ്ഥാനം. ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണെന്നാണ് ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ പറഞ്ഞത്, you will have to share the responsibility. ഗാന്ധിജി പറഞ്ഞത്, where there is a right, there is a corresponding duty എന്നാണ്. ഗാന്ധിജി ആദ്യത്തെ ട്രേഡ് യൂണിയൻ നേതാവാണ്. ഇത് ഇരുട്ടിൽ കിടക്കുന്ന ഒരു രാജ്യമാണ്. തകർച്ചയിൽനിന്നും രക്ഷപ്പെടാൻ എന്താണ് മാർഗ്ഗമെന്ന് നമ്മൾ ചുറ്റും നോക്കുകയാണ്. The responsibility along with the management again he says, it can not he the management's headache alone. കമ്പനി നടത്തിക്കൊണ്ടുപോകുക എന്നു പറയുന്നത് മാനേജ്മെന്റിന്റെ മാത്രം തലവേദനയല്ല. അത് തൊഴിലാളിയുടെയും കൂടിയാണ്. രണ്ടുകൂട്ടരുംകൂടി അത് ചെയ്യണം. സ്വാഭാവികമായിട്ടും ജനാധിപത്യ വ്യവസ്ഥയിൽ തൊഴിലാളികളുടെ grievance-ൽ ഇൻഡ്യയിലെങ്ങും തർക്കമില്ല. ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത് Indian democratic way ആണ്. We will always allow a democratic movement but nothing which gives Bengal a bad image. എന്താണ് democratic movement? ഡെമോക്രാറ്റിക് എന്നു പറഞ്ഞാൽ rule of law ആണ്. നിയമവാഴ്ചയുടെ അടിസ്ഥാനത്തിൽ ഗാന്ധിജി സത്യാഗ്രഹം നടത്തിയതുപോലെ ചെയ്യണം. എല്ലാം തല്ലിത്തകർക്കാനാണെങ്കിൽ ഒരുവിഭാഗം മാത്രം വിചാരിച്ചാൽ മതി. എല്ലാം തല്ലിത്തകർക്കും. ഒന്നും നടക്കില്ല. സമവായം സാധ്യമല്ലെന്നു പറഞ്ഞ് നിങ്ങൾ ഇറങ്ങിപ്പോയാൽ ബാക്കിയുള്ളവർക്ക് എന്തുചെയ്യാൻ പറ്റും? These are all universal truth not because..... ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ പറഞ്ഞതുകൊണ്ടല്ല, സാർവ്വത്രികമായി അംഗീകരിക്കപ്പെടുന്ന സത്യമായതുകൊണ്ട് പറയുകയാണ്. Democratic movement അല്ലാതെ ബംഗാളിന് bad image ഉണ്ടാക്കാൻ അദ്ദേഹം അനുവദിക്കില്ല എന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞാൽ നിങ്ങൾ എന്തിനാണ് എതിർക്കുന്നത്? Democratic movement but nothing which gives Bengal a bad image on create problems. അപ്പോൾ അവിടെ bad image ഉണ്ടാക്കുന്നതും problems ഉണ്ടാക്കുന്നതും ഒന്നും സമ്മതിക്കില്ല. നേരത്തെറിച്ച് democratic രീതിയിലുള്ള ഗ്രീവൻസസെ ഒക്കുകയുള്ളു. For example, Gharaos in the 60s will sorted to Gharaos and such forms of aggressive protest, അപ്പോൾ നിങ്ങൾ പറഞ്ഞ ഘെരാവോയുടെ കാര്യം എന്തിനാണ് പറയുന്നത്. ഇവിടെയല്ല അതിന്റെ stress കിടക്കുന്നത്. Gharaos and such forms of aggressive protest. എന്തിനാണ് നിങ്ങൾ വിഷമിക്കുന്നത്? കേരളം വികസിക്കണമെങ്കിൽ എന്ത് ചെയ്യണമെന്ന് പറയുന്നു. നിങ്ങൾക്ക് മനസ്സിലില്ലെങ്കിൽ നിങ്ങൾ സഹകരിക്കണ്ട. Aggressive protest എന്ന് പറയുന്നതും Industrial investment climate എന്ന് പറയുന്നതും രണ്ടു ധ്രുവങ്ങളാണ്. ഇവിടെ BMW എന്ന കമ്പനി വന്നല്ലോ. അവർ വന്നതുപോലെ പോയി. ഇനി സ്മാർട്ട് സിറ്റികൂടി പോയാൽ നിങ്ങൾക്ക് സന്തോഷം. അതാണല്ലോ നമ്മുടെ ഇടപാട്. അത് വേണ്ട. In the 60s the word Gharao may have found a place in the Oxford dictionary. But we cannot support this anymore. ഘെരാവോ മാത്രമല്ല aggressive forms ബംഗാളിൽ അനുവദിക്കില്ല. കാരണം, അത് ഉൽപ്പാദനക്ഷമതയെയും ഉൽപ്പാദന ഗുണമേന്മയെയും പ്രതികൂലമായി ബാധിക്കും. അല്ലാതെ വേറാരോടും വിരോധം ഉണ്ടായിട്ടൊന്നുമല്ല. തൊഴിലാളി വിരോധമൊന്നുമില്ല. ഈ രാജ്യത്ത് investment friendly climate ഉണ്ടാകണമെന്ന് നമ്മൾ മാത്രം വിചാരിച്ചാൽ പോരാ. ഇൻവെസ്റ്റ് ചെയ്യുന്നവർ തോന്നണം. നിങ്ങൾ മറിച്ചിരുന്ന കാലത്ത് Confederation of Indian Industry – C.I.I. എന്നു പറഞ്ഞ് ഒരു പഠനം നടത്തി. നമ്മുടെ സംസ്ഥാനം എവിടെയായിരുന്നു? investment friendly-യിൽ 15-ാമത്തെ സ്ഥാനമാണ്. അങ്ങനെ വരാൻ പാടില്ല. അവർക്ക് തോന്നണം. അത് നമുക്ക് ബോദ്ധ്യപ്പെടണം. അതാണ് ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ പറഞ്ഞത്. അതുതന്നെയാണ് ശാസ്ത്രജ്ഞനായ പ്രസിഡന്റ് പറഞ്ഞത്, ഇതുതന്നെയാണ് ഗാന്ധിജിയും പറഞ്ഞിരുന്നത്. ഉത്തരവാദിത്വം എന്ന വാക്ക് ഞാൻ കൂടുതൽ ആവർത്തിക്കുന്നില്ല. ശമ്പളവർദ്ധനവും ഡി.എ.-യും ചോദിക്കുമ്പോൾ അതിൽ നമ്മുടേയുംകൂടി പാർട്ട് ഉണ്ടോ എന്നുള്ളതാണ് ഉത്തരവാദിത്വം. പോലീസിന്റെ നേരെ തള്ളിക്കയറുന്നതും നിയമം ലംഘിക്കുന്നതുമൊക്കെ ബംഗാളിലും ആന്ധ്രയിലും മറ്റു സംസ്ഥാനങ്ങളിലും അനുവദനീയമാണോ? ഇൻവെസ്റ്റുമെന്റ് വന്നില്ലെങ്കിൽ നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

നിന്നിടത്തുതന്നെ നിൽക്കും. നമ്മുടെ കുട്ടികൾ ജോലിതേടി ബംഗാൾപോലെയുള്ള മറ്റു സംസ്ഥാനങ്ങളിലേക്ക് പോകേണ്ടിവരുന്നു. ലാഭത്തിന് സ്ഥാപനം നടത്താനുള്ള റെസ്പോൺസിബിലിറ്റി ഇനി മുതൽ മുതലാളിയുടേത് മാത്രമല്ല തൊഴിലാളിയുടേതും കൂടിയാണ്. 27 ലക്ഷം മലയാളികൾ 18,000 കോടി രൂപ അയയ്ക്കുന്നു എന്ന് പറയുന്നു. പക്ഷേ, അവർ ആരും ഇതിൽ ഇൻവെസ്റ്റ് ചെയ്യുന്നില്ല. മറ്റു സംസ്ഥാനങ്ങളിലെല്ലാം എന്ത് സന്തോഷത്തോടുകൂടിയാണ് ചെയ്യുന്നത്. ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ പറയുന്നത്, I have suggested to mix to be built a township with golf facilities in the beautiful MIN Island on the Bay of Bengal. Japanese have a strong presence in Bengal, which figures on top of their list of India investment. നമ്മൾ അവരെ പുറത്താക്കിയതിൽ അവർ അഭിമാനംകൊള്ളുന്നു. "ഇറ്റോക്യു" എന്ന കമ്പനി is now keen on constructing an electrical magnetic railway, Calcutta. അവർതന്നെ അതിൽനിന്ന് പിൻമാറുമെന്നാണ് പറയുന്നത്. The Japanese are also showing interest in the metro railways. ഞാനിത് വായിച്ചത്, ഒരു സ്മാർട്ട് സിറ്റിയോ, ബി. എം. ഡബ്ളിയു. എസ്സോ ഒക്കെ വന്നാൽ അവരെ നാലി കയ്യും നീട്ടി സ്വീകരിക്കുമോ എന്ന് ചോദിക്കാനാണ്. ഒക്കുമെങ്കിൽ, അതാണ് അതിന്റെ friendly. നഴ്സിംഗിനെക്കുറിച്ച് ഒരു കാര്യം പറയട്ടെ. നമ്മുടെ രാജ്യത്ത് റവന്യൂ വരുമാനത്തിൽ 91 ശതമാനവും ശമ്പളവും പെൻഷനുമാണ്. പിന്നെ 9 ശതമാനം കൊണ്ടോണ്ടോ എല്ലാം ചെയ്യാൻ പോകുന്നത്? ഇനി നിങ്ങൾ വന്നാലും ആരു വന്നാലും അത് കവിതയിൽ ഒക്കും. നാഴിയുരി പാലുകൊണ്ട് നാടാകെ കല്ല്യാണം. ഇവിടെ അത് മക്കില്ല. ഭിക്ഷുകി വന്ന് അവന് ഏതോ ഐലന്റ് കൊടുത്തു എന്നൊക്കെ ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ പറഞ്ഞത് എന്ത് അഭിമാനത്തോടെയാണ്, ഈ രാജ്യത്ത് ആഗോളമായിട്ടുള്ള സമ്പദ്ഘടനയിൽ സൗകര്യങ്ങളുള്ളവരെല്ലാം ഇറങ്ങാട്ട് വരികയാണ്, അവരെല്ലാം പണം കൊണ്ടുവരും. Only thing is that, ഇവിടെ ഒരു ഇൻവെസ്റ്റ്മെന്റ് ക്ലൈമറ്റ് ഉണ്ടാക്കണം, അതിന് നമ്മൾ പരസ്പരം സഹകരിക്കണം നിങ്ങൾ ഭരണത്തിൽ ഇരുന്നാൽ ഞങ്ങളും, ഞങ്ങൾ ഭരണത്തിൽ ഇരുന്നാൽ നിങ്ങളും ഈ രാജ്യത്തിനുവേണ്ടി, പാവപ്പെട്ടവനുവേണ്ടി അവരുടെ തൊഴിലിനുവേണ്ടി സഹകരിക്കുക മാത്രമാണ് വേണ്ടത്. അതുകൊണ്ട് നഴ്സുമാരുടെ ശമ്പളം നാലായിരത്തിൽ നിന്നും ഇരുപതിനായിരം ആക്കുന്നത് അസാദ്ധ്യമൊന്നുമല്ല. ഒരു നഴ്സിന് ഒരു ലക്ഷം രൂപ കിട്ടണം. ഒരു ഡോക്ടർക്ക് എത്ര ലക്ഷം രൂപയാണ്? അങ്ങനെയുള്ള ആളുകളെ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള, സ്വാശ്രയ കോളേജിന്റെ കാര്യം നിങ്ങൾക്കറിയാമല്ലോ, ഉത്തമവിശ്വാസത്തിൽ പകുതി കിട്ടുമെന്നാണ് വിചാരിച്ചത്. ജനാധിപത്യ വ്യവസ്ഥിതി എന്നുപറഞ്ഞാൽ exclusive legislation of the judiciary ആണ്. Judiciary—the word is final. യുധിഷ്ഠിരൻ പറഞ്ഞു, ഇപ്പോൾ തൽക്കാലം ഒരു റിട്ടയേർഡ് ജഡ്ജി ഇത് തീരുമാനിക്കട്ടെ എന്ന്. അനുസരിക്കുകയല്ലാതെ യാതൊരു നിവൃത്തിയുമില്ല. അവിടെയിരിക്കുന്ന ശ്രീ. ജയരാജൻ തോറ്റു എന്ന് സുപ്രീം കോടതി പറഞ്ഞിട്ട് നിങ്ങൾ നാലുപേരുംകൂടി പിടിച്ചിരുത്തിയാൽ അദ്ദേഹം എം.എൽ.എ. ആകുമോ? ആവില്ല, സുപ്രീംകോടതി പറഞ്ഞതേ നടക്കുകയുള്ളൂ. അതുകൊണ്ട് വെറുതെ നമ്മൾ അങ്ങോട്ടുമിങ്ങോട്ടും

LIBRARY ARCHIVES Kerala Legislative Assembly

പോകണ്ട. Economic zone-ൽ വരുമ്പോൾ ഇൻവെസ്റ്റ്മെന്റ് മൈൻഡിന്റെ കൂടെ uninterrupted work culture എന്നുപറയുന്നതും കൂടി നമ്മുടെ രാജ്യത്തുണ്ടാകണം. നിശ്ചയമായും അവരുടെ ഡ്യൂസ് കൊടുക്കാതെ ഒക്കുമോ? അമേരിക്കയിൽ ഒക്കുമോ? അമേരിക്കയിൽ ഒരു തൊഴിലാളിക്ക് കിട്ടുന്നത് എത്രയാണ്? ഇപ്പോൾ നമ്മൾ ആരെങ്കിലും പരിശ്രമിച്ചിട്ടാണോ ഒരു തൊഴിലാളിക്ക്, ഒരു കിളപ്പുകാരന് 175-ഉം, 200-ഉം രൂപ കിട്ടുന്നത്? That is the autonomic natural growth. അത് അങ്ങനെ താനേതന്നെയുണ്ടാകും. രാജ്യത്ത് സമ്പദ്ഘടന വികസിക്കുമ്പോൾ അങ്ങനെ ഉണ്ടാകും. പിന്നെ നമ്മളെല്ലാം അവിടെയുണ്ട്, ആരെയും ഉപദ്രവിക്കുന്നില്ല. അദ്ദേഹം അവസാനം പറഞ്ഞിരിക്കുന്ന കാര്യം എന്താണ്? വ്യവസായം ആര് ചെയ്യണമെന്നുള്ളതിന് വളരെ വ്യക്തമായ ഉത്തരമല്ലേ അദ്ദേഹം പറഞ്ഞിരിക്കുന്നത്? അതിന് നമ്മൾ സഹകരിക്കണം. അദ്ദേഹം പറഞ്ഞിരിക്കുന്നത് All these ten missions which I have discussed will require generation of large number of entrepreneurs in the State through entrepreneurship programmes. The academic institutions in Kerala generate about 2.5 lakh graduates per year and the 10th class and 10+2 students will be around 7 lakhs. All of them will seek employment either within Kerala, outside the State or abroad. Now, the school syllabus and University syllabus have to be integrated with entrepreneurship courses. അത് ഗവൺമെന്റ് ചെയ്യണോ നമ്മൾ ചെയ്യണോ എന്ന് നമ്മൾ ആലോചിച്ച് തീരുമാനിക്കണം. അതുകൊണ്ട് നമ്മുടെ കുട്ടികൾ തൊഴിൽ തേടുന്നവരായിരിക്കരുത്, തൊഴിൽ കൊടുക്കുന്നവരായിരിക്കണം എന്നല്ലേ അദ്ദേഹം അവസാനം പറഞ്ഞിരിക്കുന്നത്? Employment creation —This system will change the situation in all the states, particularly in Kerala by generating employment..... അവസാനമായി അദ്ദേഹം പറഞ്ഞിരിക്കുന്നു, ഈ ഇറങ്ങുന്ന കുട്ടികൾ തൊഴിൽ അന്വേഷിച്ച് നടക്കുന്നവർ ആയിരിക്കരുത്. അവർ തൊഴിൽ ചെയ്യുന്നവരായിരിക്കണം. ഒരേക്കർ പുരയിടം ഉണ്ടാക്കി അവിടെ കൃഷിയെപ്പറ്റി പഠിപ്പിക്കണം. കോഴിയെ വളർത്തുന്നവൻ, മീൻ വളർത്തുന്നവൻ എന്നിങ്ങനെ തരംതിരിച്ചുകൊടുക്കണം. ഇവിടത്തെ വി.എസ്.എസ്.സി.യിൽ 500 കോടി രൂപയുടെ ഓർഡറാണ് പ്രതിവർഷം പുറത്ത് കൊടുക്കുന്നത്. നല്ല എഞ്ചിനീയർമാരും സൂക്ഷ്മ ഉപകരണങ്ങളും വി.എസ്.എസ്.സി. കൊടുക്കും. അതിന് അവർ പണം കൊടുത്താൽ അവിടെ എത്രയോ പേർക്ക് തൊഴിൽ കിട്ടും. 500 പേരെ ഒരേയിൻ ചെയ്യിക്കാമെന്ന് അദ്ദേഹം പറയുന്നു. 18,000 കോടി രൂപയുടെ വർദ്ധനവുണ്ട്. ആ പണമെല്ലാം കെട്ടിക്കിടക്കുകയല്ലേ? അതുകൊണ്ട് ഒരു prejudice-ഉം ഇല്ലാതെ ഇൻഡ്യയിലെ മാറിവരുന്ന മൊത്തം കാര്യങ്ങളിലും നമ്മൾ പേരില്ല എന്നു പറഞ്ഞിട്ട് അതിനിടയ്ക്ക് ഗവൺമെന്റിനെ ചീത്ത പറയാം എന്നുള്ള മോഹവും നല്ലതല്ല എന്ന് ഞാൻ പറയും. സ്വന്തം മുഖവൈകൃതം മറയ്ക്കാൻ ഗവൺമെന്റിന്റെ മുഖത്ത് കരിവാരിത്തേച്ചിട്ട് കാര്യമില്ല. കുമാരനാശാൻ പറഞ്ഞത് വളരെ പഴയ പാട്ടാണെങ്കിലും ഞാൻ പറയുന്നു, "മാറ്റുവിൻ ചട്ടങ്ങളെ സ്വയം അല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെത്താൻ". ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യയെ മാറ്റിയ പോലെ നിങ്ങളെ മാറ്റും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)*: സർ, ആദരണീയനായ രാഷ്ട്രപതി കേരള നിയമസഭയിൽ നടത്തിയ പ്രസംഗം, സംസ്ഥാനത്തെ ജനങ്ങളോടും സംസ്ഥാനത്തിന്റെ വികസനത്തോടും അദ്ദേഹത്തിന് ഉള്ള ആത്മാർത്ഥതയ്ക്കും താൽപ്പര്യത്തിനുമുള്ള ഉത്തമദൃഷ്ടാന്തമാണ്. രാഷ്ട്രപതി എന്ന നിലയിലുള്ള ജോലിത്തിരക്കുകൾക്കിടയിൽ കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കാനും സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് വിശകലനം ചെയ്യാനും അദ്ദേഹം സമയം കണ്ടെത്തി എന്നത് സംസ്ഥാനത്തോട് അദ്ദേഹം പുലർത്തുന്ന സ്നേഹവായ്പിനെ സൂചിപ്പിക്കുന്നു. അദ്ദേഹത്തിന്റെ പത്ത് നിർദ്ദേശങ്ങളടങ്ങുന്ന ഉപദേശം പലപ്പോഴായി കേരളത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിലും പഞ്ചവത്സര പദ്ധതികളിലുമെല്ലാംതന്നെ വന്നിട്ടുള്ള കാര്യങ്ങളാണ്. ഇവിടെനിന്ന് അതെല്ലാം കുറിച്ച് അദ്ദേഹത്തിന് കൊടുത്തപ്പോൾ അതിന്മേൽ ചുരുക്കി അദ്ദേഹം ഇവിടെ അവതരിപ്പിച്ചു എന്നുള്ളതേ ഉള്ളൂ. ആ കാര്യത്തിലുള്ള കുറവ് നമ്മുടെ മുഖ്യമന്ത്രി തീർത്തു. അദ്ദേഹത്തിന്റേതായി ഒരു മുന്നിനംകൂടി ചേർത്തു. രാഷ്ട്രപതിയുടെ നിർദ്ദേശങ്ങൾ അപൂർണ്ണമാണെന്ന് മുഖ്യമന്ത്രിക്കുപോലും തോന്നി എന്നാണല്ലോ അത് കാണിക്കുന്നത്. ആ നിലയിലുള്ളതാണ് സജഷൻസ്. അദ്ദേഹത്തോടുള്ള ബഹുമാനം നിലനിർത്തിക്കൊണ്ടുതന്നെ ഞാൻ പറയുകയാണ്, അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന രണ്ടു കാര്യങ്ങളാണ് മൂറിസവും ഐ. ടി. മേഖലയും. പിന്നീട് പറഞ്ഞിരിക്കുന്നത് ഇതുവഴി വിദേശ ഇൻഡ്യാക്കാരുടെ സമ്പാദ്യം വികസനത്തിനായി ഉപയോഗപ്പെടുത്തുക എന്നാണ്. വിദേശ ഇൻഡ്യാക്കാരുടെ സമ്പാദ്യം വികസനത്തിനായി ഉപയോഗപ്പെടുത്തുക എന്ന് ഈ 50-ാമത്തെ മാസത്തിൽ വന്ന് പറഞ്ഞിട്ട് അപ്പുറത്തുനിന്ന് കയ്യടി വാങ്ങിപ്പോയതുകൊണ്ട് യാതൊരു കാര്യവുമില്ല. ഞങ്ങൾ കയ്യടിക്കാൻ അദ്ദേഹം ഇങ്ങോട്ട് നോക്കിയെങ്കിലും ഞങ്ങൾക്ക് വിഷമം തോന്നി കയ്യടിക്കാൻ. ഞാൻ അപ്പോൾ ഇല്ലായിരുന്നു എങ്കിലും എന്റെ കൂട്ടുകാർ കയ്യടിക്കാതിരുന്നതിന്റെ കൂടെ ഞാനും കൂടുകയാണ്. ഞാൻ ഇവിടെ ഇരുന്നാലും കയ്യടിക്കുകയില്ല. കയ്യടി എന്നുപറയുന്നത് സ്വാഭാവികമായും വരേണ്ടതാണ്, നിർബന്ധിപ്പിച്ച് അടിക്ക്, അടിക്ക് എന്നാണോ പറയേണ്ടത്? കഷ്ടം. അപ്പോൾ അദ്ദേഹത്തിന്റെ അഭ്യർത്ഥന കയ്യടിക്കാൻ സഹായകമായ നിലയിൽ ആയിരുന്നില്ല, കാരണം എന്താണെന്ന് ചോദിച്ചാൽ വികസനത്തിനായി വിദേശ മലയാളികളെ സമീപിച്ച് അഞ്ച് നയാ പൈസയെങ്കിലും നിങ്ങൾക്ക് ഉണ്ടാക്കാൻ കഴിഞ്ഞോ? ഞാൻ ചോദിക്കുകയാണ്, ഇതെല്ലാം നടപ്പിലാക്കാൻ സാമ്പത്തികം എവിടെ എന്ന്, ഈ പത്തിന പരിപാടിയും കൂടെയുള്ള മുന്നിന പരിപാടിയും ചേർത്ത് 13 ഇന പരിപാടി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പണം എവിടെയെന്ന് ചോദിച്ചത് സ്വാഭാവികമല്ലേ? നിങ്ങൾ ഈ 50 മാസത്തിനിടയിൽ അഡ്വാനിച്ചിട്ട് എ.ഡി.ബി. യിൽനിന്ന് വെറും 800 കോടി രൂപയാണ് ഉണ്ടാക്കാൻ കഴിഞ്ഞത്. അതേസമയം സംസ്ഥാനത്തിന്റെ കടം 23,000 രൂപയിൽനിന്ന് ഒരു ചാട്ടം ചാടി 43,000 രൂപയിൽ എത്തി നിൽക്കുകയാണ്. 23,000 രൂപയുടെ കടം നിങ്ങൾ ഉണ്ടാക്കിയതാണ്. 43-ഉം 10-ഉം 53 കോടി രൂപയായി കടം ഉയർന്നിരിക്കുകയാണ്. നിങ്ങൾ മാത്രമായി 30,000 കോടി രൂപയുടെ കടം വരുത്തി. 30,000 കോടി രൂപയുടെ കടം വരുത്തിയ നിങ്ങൾ

600 കോടി രൂപ കടം വാങ്ങിയതുകൊണ്ട് അതിന് പരിഹാരമാകുമോ? ജെ.എസ്.എസ്.-ലെ എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. ഷാജു ചോദിച്ചു, 48 ലക്ഷം തൊഴിൽരഹിതരായിട്ടുള്ള വലിയ സമ്പത്തില്ലേ എന്ന്. അദ്ദേഹം എന്തു വിചാരിച്ചാണ് ഈ 48 ലക്ഷം തൊഴിൽരഹിതരുടെ സമ്പത്തിനെ എണ്ണിയെണ്ണി പറഞ്ഞത്, അത് എത്ര കാശായിട്ടാണ് വരുന്നത് എന്ന് എനിക്ക് മനസ്സിലായില്ല. തൊഴിൽരഹിതർ എങ്ങനെ സമ്പത്തായി എന്നും മനസ്സിലാകുന്നില്ല. എനിക്ക് അതിന്റെ അർത്ഥശാസ്ത്രം എന്താണെന്ന് പിടികിട്ടിയില്ല. ഏതായാലും സാമ്പത്തിക പ്രശ്നത്തെ സംബന്ധിച്ച് ഉത്തരം കാണാൻ കഴിയാത്ത ഗവൺമെന്റ് ഈ പതിമൂന്നിന പരിപാടി എങ്ങനെ നടപ്പിലാക്കും എന്നാണ് ഞാൻ ചോദിക്കുന്നത്. നിങ്ങൾക്ക് അതിന്റെ വ്യക്തമായ സ്കീമില്ല. പണം ഉണ്ടാക്കാൻ കേരളത്തിന്റെതന്നെ അനുഗൃഹീതമായ സമ്പത്ത് ഈ 50 മാസക്കാലത്തിനിടയിൽ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ തെറ്റായ നയസമീപനത്തിന്റെ ഫലമായി നമ്മുടെ ആഴക്കടൽ, തീരക്കടൽ മത്സ്യം മുഴുവൻ വാരിക്കോരി കൊണ്ടുപോകുന്നത് വിദേശ ട്രോളറുകളും, ഇൻഡ്യൻ കുത്തകകളുടെ വലിയ ആനവാരി കപ്പലുകളും കൊണ്ടുവന്നിട്ടാണ്. അതിനെല്ലാം ലൈസൻസ് കൊടുക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. ഈ നിലയിൽ നമ്മുടെ അനുഗൃഹീതമായ സമ്പത്ത് നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് ബഹുമാന്യനായ പ്രസിഡന്റ് ഒരു വാചകം സൂചിപ്പിക്കാതെപോയി. അത് എന്തുകൊണ്ടോ വിട്ടുപോയി. നമ്മുടെ സമ്പത്ത് ഇവിടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ സമ്പത്ത് ഇവിടെ നിലനിർത്താനാവശ്യമായിട്ടുള്ള നടപടികൾ നിങ്ങൾക്ക് സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ല എന്ന സത്യം നമ്മൾ എന്തിനാണ് വിസ്മരിക്കുന്നത്? എന്റെ സ്നേഹിതൻ ശ്രീ. കടവൂർ ശിവദാസൻ ബംഗാളിനെ ഉദാഹരിക്കുന്നു. കേരളത്തിൽ മൂപരിഷ്കരണ നിയമം കൊണ്ടുവന്നതാണ് നഷ്ടത്തിനുള്ള കാരണം എന്ന് അദ്ദേഹം പറഞ്ഞു. അതേസമയംതന്നെ പശ്ചിമ ബംഗാളിൽ ശ്രീ. ജ്യോതിബസുവിന്റെ കാലത്ത് മൂപരിഷ്കരണ നിയമം നടപ്പിലാക്കിയതിന്റെ ഗുണഫലമായിട്ടാണ് ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ ഇന്ന് ഈ തരത്തിലുള്ള നേട്ടം കൊയ്തിരിക്കുന്നത് എന്ന് അങ്ങ് മനസ്സിലാക്കണം.

ശ്രീ. കടവൂർ ശിവദാസൻ: ഞാൻ അങ്ങനെയല്ല പറഞ്ഞത്, ഞാൻ അങ്ങയോട് പറഞ്ഞത് നമ്മൾ എല്ലാവരുംകൂടി കൃഷിമേഖലയിൽ കൊണ്ടുവന്ന പരിഷ്കാരങ്ങൾ പ്രയോജനപ്പെടുത്തിയാൽ കൃഷി വർദ്ധിക്കേണ്ടിയിരുന്നതാണ്; എന്നാൽ എന്തുകൊണ്ട് വർദ്ധിച്ചില്ല എന്നത് നമ്മൾ എല്ലാവരും കാണണം എന്നേ പറഞ്ഞുള്ളൂ.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഞാൻ സാധാരണ പറയാറുള്ള ഒരു ഉദാഹരണമാണ് എന്റെ സ്നേഹിതൻ പറഞ്ഞപ്പോൾ ഓർമ്മവരുന്നത്. ഞാനും മുതലയച്ചനുംകൂടി ഒരു പശുവിനെ വിഴുങ്ങി. മുതലയുടെ മുക്കിലിരിക്കുന്ന ഒരു ഈച്ച പറയുകയാണ്. ഞാനും മുതലയച്ചനുംകൂടി ഒരു പശുക്കുട്ടിയെ വിഴുങ്ങിയെന്ന്. മൂപരിഷ്കരണം കൊണ്ടുവന്നതും നടപ്പിലാക്കിയതുമായി നിങ്ങൾക്ക് എന്താണ് ബന്ധം? അതിനെ പൊളിക്കുക, വിമോചനസമരംവഴി അതിനെ ഇല്ലായ്മചെയ്യുകയെന്ന

LIBRARY ARCHIVES Kerala Legislative Assembly

വൈദഗ്ദ്ധ്യമല്ലേ നിങ്ങൾ കാണിച്ചത്? അതുകൊണ്ട് ഉദാഹരണത്തിലേക്കൊന്നും ഞാൻ പോകുന്നില്ല. ബഹുമാന്യനായ രാഷ്ട്രപതി ചൂണ്ടിക്കാണിച്ചിട്ടുള്ള പത്തിൽ ഒന്നാമത്തെയിനം ബഹിരാകാശ സാങ്കേതികവിദ്യയെക്കുറിച്ചാണ്. ബഹിരാകാശ സാങ്കേതിക വിദ്യയെയും വി.എസ്.എസ്.സി.-യുടെ ഈ രംഗത്തെ സാദ്ധ്യതയെയും. കേരളത്തിന്റെ വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതിനുള്ള നിർദ്ദേശം അദ്ദേഹം വച്ചു.. ആ നിലയിലും ചിന്തിച്ചിട്ട് നമ്മുടെ മുഖ്യമന്ത്രിക്കും പ്ലാനിംഗ് ബോർഡിന്റെ നേതാക്കൻമാർക്കും മനസ്സിലാക്കാൻ കഴിഞ്ഞില്ലായെങ്കിൽ സഹകരണത്തിന് ഡൽഹിയിൽ പോകുമ്പോൾ ചോദിച്ച് മനസ്സിലാക്കുക. ഏതായാലും ഈ രംഗത്തെല്ലാമുള്ള വികസനത്തെ സംബന്ധിച്ചാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കേരളത്തിലെ കൃഷിയെ സംബന്ധിച്ചും കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങളുടെ സാദ്ധ്യതകളെ സംബന്ധിച്ചും ഒന്നുംതന്നെ അദ്ദേഹത്തിന്റെ നിർദ്ദേശത്തിൽപ്പെട്ടിട്ടില്ല. കേരളത്തിന്റേതായ നിർദ്ദേശം മുപവൽക്കരിക്കപ്പെടേണ്ടതാണ്. സംസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖലാസ്ഥാപനങ്ങൾ പരിരക്ഷിക്കുകയെന്നു പറയുന്നത് നമ്മുടെ വികസനത്തിന്റെ നെടുംതൂണാണ്. കൃഷി, പൊതുമേഖലാ സ്ഥാപനം, പരമ്പരാഗത വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ അപാരമായ സാദ്ധ്യതകളാണുള്ളത്. ഇവിടെ എന്റെ സ്നേഹിതൻമാരിൽ ചിലർ പറഞ്ഞു, വിഴിഞ്ഞം, കോവളം, തുടങ്ങിയ മേഖലകളിലെ അപാരമായ സാദ്ധ്യതകളെ നമുക്ക് ഉപയോഗിക്കാൻ കഴിഞ്ഞില്ല എന്ന്. ബി.ജെ.പി. ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിലിരുന്നുകൊണ്ട് കോവളത്തുള്ള ഐ.ടി.ഡി.സി. ഹോട്ടൽ വിറ്റു. 400 കോടി രൂപ ആസ്തിയുള്ള ആ സ്ഥാപനം വെറും 43 കോടി രൂപയ്ക്ക് വിറ്റപ്പോൾ നിങ്ങളൊരു ചെറുവിരൽപോലും അനക്കാൻ തയ്യാറായില്ല. പ്രതിഷേധിച്ചത് പ്രതിപക്ഷമാണ്. മൂന്നുമാസം കഴിഞ്ഞപ്പോഴാണ് ജില്ലാ കളക്ടർ ഹാൽസിയൻ കൊട്ടാരം ഗവൺമെന്റിന്റേതാണെന്നു പറഞ്ഞുകൊണ്ടുള്ള ഒരു നോട്ടീസ് ഒട്ടിച്ചത്. ഇപ്പോൾ അത് ഏറ്റെടുക്കുന്നതിനുവേണ്ടി നിങ്ങൾ നിയമം കൊണ്ടുവന്നു. ഹാൽസിയൻ കൊട്ടാരമടക്കം വളഞ്ഞുപിടിച്ച എംഫാർ മുഹമ്മദ് അത് കൃഷ്ണൻ നായർക്ക് വിറ്റപ്പോൾ പിന്നെ എംഫാർ മുഹമ്മദിന് കേരളത്തിൽ കാര്യമുണ്ടോ? കാര്യമില്ല. എന്നാൽ നിങ്ങളുടെ നിയമമനുസരിച്ച് 26 ഏക്കർ ഭൂമി അദ്ദേഹത്തിന്റെ കൈയിൽ വന്നു. അങ്ങനെ ഇത്തരം കള്ളക്കളിക്കാർക്ക് കൂട്ടുനിന്നുകൊണ്ട് ഇവിടുത്തെ കോടാനുകോടി രൂപ അതായത് കേരളത്തിന്റെ സമ്പത്ത് നിങ്ങൾ നശിപ്പിക്കുകയാണ് ചെയ്തത്. അതുപോലെതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബന്ധുവായ മുത്തൂറ്റുകാരും കയറി. അടുത്തിരിക്കുന്ന ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ മരുമകനും കയറി. ഇവരെല്ലാംകൂടി കേരളത്തിന്റെ അമൂല്യസമ്പത്ത് ചോർത്തുകയല്ലേ ചെയ്തത്? ടാറ്റാ 50 ഏക്കർ ചോർത്തി. നിങ്ങൾ അനങ്ങിയോ? അതുപോലെതന്നെ ചന്ദനത്തോട്ടങ്ങളും ചന്ദന ഫാക്ടറികളും വഴി കോടികൾ ചോർത്തി, നിങ്ങൾ തടഞ്ഞോ? ഗാളിയർ റയോൺസിന്റെ 18 കോടി രൂപയുടെ തടിയും മുളയും അന്നത്തെ ഫോറസ്റ്റ് മന്ത്രി 22 ലക്ഷം രൂപയ്ക്ക് ചുളുവിന് കൈമാറ്റം ചെയ്യാൻ നോക്കി. പ്രതിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly.

ചുണ്ടിക്കാണിച്ചു. അന്വേഷണം നടത്തുമെന്ന് പറഞ്ഞു, ഒരന്വേഷണവും നടത്തിയിട്ടില്ല. 18 കോടി രൂപ പോയിരുല്ലേ? ഇങ്ങനെ കേരളത്തിന്റെ സമ്പത്തായ കോടികൾ നിങ്ങളുടെ ഈ അൻപത് മാസത്തെ ഭരണത്തിനിടയിൽ നഷ്ടമാവുകയല്ലേ ചെയ്തത്? നിങ്ങൾക്ക് കേരളത്തിന്റെ സമ്പത്ത് സമാഹരിക്കാൻ എന്നാണ് കഴിഞ്ഞിട്ടുള്ളത്? നിങ്ങൾ ഒന്നും ചെയ്തില്ല എന്നുമാത്രമല്ല ഇതെല്ലാം നഷ്ടപ്പെടുത്തിയതിന് ഉത്തരവാദികളായ നിങ്ങളോട് കേരളത്തിലെ ജനങ്ങൾ ഒന്നൊന്നായി കണക്കു ചോദിക്കുമെന്നു വന്നപ്പോൾ വികസനത്തിന്റെ അപ്പോസ്തലൻമാരായി ജനങ്ങളുടെ മുമ്പിൽ ഞെളിഞ്ഞുനിൽക്കാനും പഞ്ചായത്ത് തെരഞ്ഞെടുപ്പിനെയും വരുന്ന മറ്റു തെരഞ്ഞെടുപ്പുകളെയും അഭിമുഖീകരിക്കുന്നതിനു വേണ്ടിയുള്ള ബഡായിയായി ബഹുമാന്യനായ രാഷ്ട്രപതിയെ മുമ്പിൽ നിറുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ പത്തിനവും തന്റെ മുന്നിനവും എന്നു പറഞ്ഞുകൊണ്ട് ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. ഈ രീതിയിൽ ജനങ്ങളെ കബളിപ്പിക്കാൻ ശ്രമിച്ചാൽ അത് ജനങ്ങൾ കാര്യമായിട്ടുള്ള നിലയിൽ പരിഗണിക്കുമെന്ന് നിങ്ങൾ കരുതണ്ട. നിങ്ങൾ ഇനിയെങ്കിലും തെറ്റുതിരുത്താൻ തയ്യാറാകുമോ? നഷ്ടപ്പെടുത്തിയ സമ്പത്തുകൾ നിങ്ങൾക്കുതന്നെ ശക്തമായ നടപടികളിലൂടെ പരിരക്ഷിക്കാൻ കഴിയുമോയെന്നാണ് ഞാൻ ചോദിക്കുന്നത്. അങ്ങനെയാണെങ്കിൽ കോടിക്കണക്കിന് രൂപയുടെ സ്വന്തം സമ്പത്തുതന്നെ നമുക്ക് സംരക്ഷിക്കാൻ കഴിയും. അതിനുള്ള ധൈര്യം നിങ്ങൾക്കില്ല. കൂട്ടുകാരായിട്ടുള്ള ആളുകൾ നിങ്ങളുടെ അഭിപ്രായത്തെ മാനിക്കുന്നവരല്ല. അവർ ഈ അവസരം നല്ലതുപോലെ ഉപയോഗിക്കുന്നവരാണ്. ഇനിയും അഞ്ചെട്ടുമാസം കഴിയുന്നതിനിടയിൽ ഉണ്ടാക്കാവുന്നത് ഉണ്ടാക്കണം. ഇറങ്ങിപ്പോകുമ്പോൾ കൈയും വീശി പോകാൻ ഒക്കില്ല എന്നുള്ളതുകൊണ്ട് നിങ്ങൾ പറയുന്ന ഉപദേശം അവർ സ്വീകരിക്കാൻ പോകുന്നില്ല. അതുകൊണ്ട് അത് നടക്കാൻ പോകുന്നില്ല. ഈ അവസാന നിമിഷം പ്രതിപക്ഷം സഹകരിച്ചാൽ ഇതെല്ലാം തീരും; ശ്രീ. ബുദ്ധദേവ ഭട്ടാചാര്യയുടെ നയങ്ങളെ കോൺഗ്രസ്സും തൃണമൂൽ കോൺഗ്രസ്സുമെല്ലാം പല്ലും നഖവും ഉപയോഗിച്ച് എതിർത്തുകൊണ്ടിരിക്കുകയല്ലേ? എന്റെ സ്നേഹിതൻ ശ്രീ. കടവൂർ ശിവദാസൻ അതിനെക്കുറിച്ച് എന്താണ് മിണ്ടാത്തത്? ആ എതിർപ്പുകളെയെല്ലാം അതിജീവിച്ച് ചെയ്യാൻ കഴിഞ്ഞത് ശരിയായ ഒരു നയത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകുന്നു എന്നുള്ളതുകൊണ്ടാണ്. ആ നിലയിൽ ശരിയായിട്ടുള്ള ഒരു നയവുമായി നിങ്ങൾ മുന്നോട്ടുപോയിരുന്നുവെങ്കിൽ ഞങ്ങളുടെ എതിർപ്പുകളൊന്നും ബാധിക്കുകയില്ലായിരുന്നു. കാരണം നിങ്ങൾക്ക് ശരിയായിട്ടുള്ള നയവുമായി മുന്നോട്ടുപോകാൻ കഴിയുന്നില്ല എന്നുള്ളതാണ് സത്യം. അതുകൊണ്ട് ഈ അവസാന സന്ദർഭത്തിലെങ്കിലും നിങ്ങൾ ശരിയുടെ കാര്യത്തിന്റെ നിലയിൽ ചിന്തിക്കുമോ? എന്റെ സ്നേഹിതൻ ശ്രീ. കടവൂർ ശിവദാസൻ തെറ്റ് കണ്ടത് എങ്ങനെയാണ്? തൊഴിലാളികൾ സമരം ചെയ്യുന്നു, വിദ്യാർത്ഥികൾ സമരം ചെയ്യുന്നു, കൃഷിക്കാർ സമരം ചെയ്യുന്നു. സമരമാണ് ഈ കേരളത്തിനാകെ നാശമുണ്ടാക്കുന്നത് എന്ന് പറഞ്ഞുകൊണ്ട് തൊഴിലാളികളേയും കൃഷിക്കാരേയും കർഷകത്തൊഴിലാളികളേയും വ്യവസായത്തൊഴിലാളികളേയും വിദ്യാർത്ഥികളേയും

LIBRARY ARCHIVES Kerala Legislative Assembly

അപഹസിക്കാനല്ലേ നിങ്ങൾ ശ്രമിച്ചത്. വാസ്തവത്തിൽ ഈ നാടിന്റെ രക്ഷതന്നെ..... നിങ്ങളുടെ മുൻ മുഖ്യമന്ത്രി ഖേദം പ്രകടിപ്പിച്ചത് എന്താണ്? ഞങ്ങൾ സ്വാശ്രയ കോളേജുകാര്യം വിശ്വസിച്ചു, അവർ വാഗ്ദാനം പാലിക്കുമെന്ന് പറഞ്ഞ് ഞങ്ങളെ ചതിച്ചു. നിങ്ങൾ ചതിയിൽപ്പെട്ടാൽ നിങ്ങളെ രക്ഷിക്കുന്നതിന് വേണ്ടിയല്ലേ വിദ്യാർത്ഥികൾ അടിയറവ്വത്? എന്ത് അടിയാണ്? ലാത്തിചാർജ്ജ്, ഗ്രനേഡ് പ്രയോഗം എന്നിവ ഉണ്ടായി. ഇത്തരത്തിലുള്ള ഹേമദണ്ഡങ്ങളെല്ലാം ഏൽപ്പിച്ചിട്ടും അത് സഹിച്ചുകൊണ്ട് 50:50 എന്നുള്ള നിങ്ങളുടെ പ്രഖ്യാപനം നടപ്പിലാക്കാൻ വേണ്ടിയല്ലേ ഇവർക്ക് പോരാടേണ്ടിവന്നത്? സ്വകാര്യ കോളേജുകളിൽ അഡ്മിഷന്റെ കാര്യത്തിൽ 50:50 എന്ന തത്ത്വം അംഗീകരിച്ചിരിക്കുന്നു എന്ന് അവരിൽനിന്ന് എഴുതിവാങ്ങിക്കൊണ്ട് കോളേജുകൾക്ക് സാംഗ്ഷൻ കൊടുത്തിരുന്നുവെങ്കിൽ ചതിച്ചു എന്നു പറഞ്ഞ് നടക്കേണ്ടിവരുമായിരുന്നോ? അപ്പോൾ നിങ്ങളുടെ ഒത്തുകളിയാണിത്. ഇപ്പോൾ നിങ്ങൾ അഭിനയിക്കുന്നതും നടിക്കുന്നതും അവർ ചതിച്ചു എന്നു പറഞ്ഞ് രക്ഷപ്പെടാനാണ്. നിങ്ങളുടെ ബുദ്ധിയില്ലായ്മ അല്ലല്ലോ? അവരാരാണെന്ന് മനസ്സിലാക്കാത്തവരല്ലല്ലോ? നിങ്ങൾ അവരോട് ഇത് ചെയ്യുമെന്ന് ഉറപ്പ് വാങ്ങിക്കാതെ അനുവാദം കൊടുത്തതിന്റെ അർത്ഥം വിദ്യാഭ്യാസ കച്ചവടം ഇഷ്ടംപോലെ നടന്നോട്ടെ, ജനങ്ങളെ കൊള്ളയടിച്ചോട്ടെ എന്നുള്ളതാണ്. ആ രീതിയിലുള്ള അബദ്ധങ്ങളാണ് നിങ്ങൾ കാണിച്ചിട്ടുള്ളത്. നിങ്ങളുടെ പ്രഖ്യാപനം നടപ്പിലാക്കാൻവേണ്ടി സമരംചെയ്ത വിദ്യാർത്ഥികളെ നിങ്ങൾ അപഹസിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾ കൊണ്ടുവന്ന ചുമട്ടുതൊഴിലാളി നിയമം ആരെ സഹായിക്കാനാണ്? ആ ചുമട്ടുതൊഴിലാളി വിരുദ്ധമായ നിയമത്തെയാണ് തൊഴിലാളികൾ ശക്തമായി എതിർത്തിട്ടുള്ളത്. മുതലാളിമാരെ നഗ്നമായി, ചൂഷകൻമാരെ അതിനഗ്നമായി സഹായിക്കാൻവേണ്ടി നിങ്ങൾ വിടുവേല എടുക്കുമ്പോൾ സ്വാഭാവികമായും തൊഴിലാളികൾക്ക് അതിനെ ചോദ്യം ചെയ്യേണ്ടിവരും. പക്ഷേ, നിങ്ങളുടെ ശബ്ദം ഇന്ന് എങ്ങനെയിരിക്കുന്നു? അവരെ അപഹസിക്കുകയാണ്. ഈ നിലയിൽ കേരളത്തിന്റെയാകെ നാശത്തിന് കാരണക്കാരാണ് നിങ്ങൾ. സമരം ചെയ്യേണ്ടിവന്ന തൊഴിലാളികൾ, സമരം ചെയ്യേണ്ടിവന്ന വിദ്യാർത്ഥികൾ, സമരം ചെയ്യുന്ന കൃഷിക്കാർ ഇവരെല്ലാമാണോ നിങ്ങളുടെ ദൃഷ്ടിയിൽ അപരാധികൾ? കേരളത്തെ മുച്ചൂടും ചൂഷണം ചെയ്യുന്ന, കൊള്ളയടിക്കുന്ന നിങ്ങളുടെയെല്ലാംതന്നെ ആരാധ്യപുരുഷൻമാരാണ് അവർ. നിങ്ങളുടെ ഈ സമീപനം മാറാതെ കേരളം നന്നാകില്ല. കേരളത്തിലെ വിദേശമലയാളികളായിട്ടുള്ളവർ ഇങ്ങോട്ട് അയയ്ക്കുന്ന പണം വിശ്വാസപൂർവ്വം നിങ്ങളെ ഏൽപ്പിക്കണമെങ്കിൽ നിങ്ങൾ ആദ്യം സത്യസന്ധരാകണം. അല്ലെങ്കിൽ ഒരു നയാപൈസ നിങ്ങളെ അവർ ഏൽപ്പിക്കാൻ പോകുന്നില്ല. ഫ്ളൈറ്റിന്റെ അമിതമായ ചാർജ്ജിനെ സംബന്ധിച്ച് അവർ എത്രയോ കാലമായി കരയുകയാണ്. പുതിയതായി ഫ്ളൈറ്റ് കൊണ്ടുവന്നു എന്നുപറഞ്ഞു. വന്നത് എന്താണ്? പാവപ്പെട്ടവർക്കൊന്നും ടിക്കറ്റ് കിട്ടില്ല. പ്രമാണിമാർക്കാണ് ടിക്കറ്റ്. മറ്റ് ഫ്ളൈറ്റുകൾക്കും ഇപ്പോൾ വലിയ ചാർജാണ്. നമ്മുടെ സേവനം അവർ നല്ലപോലെ കണ്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ കേരളം വികസിപ്പിക്കാൻ പോകുന്നു എന്ന് പറഞ്ഞാൽ നിങ്ങളെ വിശ്വസിച്ച് ഒരു നയാപൈസ അവർ തരാൻ പോകുന്നില്ല എന്നുള്ള യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായ ഒരു നിർദ്ദേശവും ഇല്ലാതെ ഈ പത്തിന പരിപാടി നടപ്പിലാക്കണം, മുന്നിന പരിപാടി നടപ്പിലാക്കണം എന്നുപറഞ്ഞുകൊണ്ട് വനമോദനം പോലെ അത്യാ ഗ്രഹ്യമായ കുറേ അഭ്യർത്ഥനമാത്രം നടത്തിയാൽപോരാ അവസാനം ഞങ്ങൾക്കെല്ലാം മറുപടി പറയുമ്പോൾ, മുഖ്യമന്ത്രിയുടെ എണ്ണിയെണ്ണിയുള്ള പ്രഖ്യാപനങ്ങൾ കേൾക്കാൻ മാധ്യമങ്ങളെല്ലാം തുറന്നുവച്ചുകൊണ്ടിരിക്കുകയാണ്. അതിൽക്കൂടി വന്നാട്ടെ, 'അതിവേഗം ബഹുദൂരം', 'ചൈതന്യയാത്ര', ഈ തരത്തി ലുള്ള വേലകളൊന്നും കേരളത്തിലെ പ്രബുദ്ധരായ ജനങ്ങളുടെ മുൻപിൽ ചെലവാകാൻ പോകുന്നില്ല എന്നുപറഞ്ഞുകൊണ്ട് ആരാധ്യനായ രാഷ്ട്രപതിയുടെ നിർദ്ദേശത്തെ ഞങ്ങൾ സഹർഷം സ്വാഗതം ചെയ്യുന്നു. അതിൽ പോരായ്മകൾ വന്നിട്ടുള്ള കാര്യങ്ങളെല്ലാം തന്നെ കൂട്ടിച്ചേർത്ത് അത് നടപ്പിലാക്കാനുള്ള ശ്രമം നിങ്ങൾ നടത്തിയാൽ അതിന് ഞങ്ങളുടെ പിന്തുണയുണ്ടാകുമെന്ന് അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, രാഷ്ട്രപതിയുടെ മൂന്ന് ദിവസം നീണ്ടു നിന്ന കേരള പര്യടനം കേരളത്തിന്റെ ചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായമായി മാറി. അദ്ദേഹത്തിന്റെ മുന്ന് പരിപാടികളിലും അദ്ദേഹത്തോടൊപ്പം ഞാനുണ്ടായി രുന്നു. അദ്ദേഹം കാട്ടുന്ന ആത്മാർത്ഥത, ജനങ്ങളോട് കാണിക്കുന്ന സ്നേഹം, അത് മുഴുവൻ ജനങ്ങളെയും ആകർഷിച്ചു. മൂന്ന് ദിവസത്തെ പര്യടനം പൂർത്തി യാക്കി അദ്ദേഹം പോയത് കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും മനസ്സ് കീഴടക്കിക്കൊണ്ടാണ്. വിദ്യാർത്ഥികളെ കാണുമ്പോൾ രാഷ്ട്രപതി ഒരു അദ്ധ്യാപ കനായി മാറുന്നു. യുവ ശാസ്ത്രജ്ഞൻമാരെ കാണുമ്പോൾ രാഷ്ട്രപതി ഒരു വിദ്യാർത്ഥിയായി മാറുന്നു. അവരോട് സംശയങ്ങൾ ചോദിക്കുന്നു, അവരുടെ അഭിപ്രായങ്ങൾ കേൾക്കുന്നു, അവരുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നു. ഈ സമയിൽ വന്നപ്പോൾ കേരളത്തിന്റെ സാദ്ധ്യതകൾ, കേരളത്തിന്റെ വികസനത്തിന്റെ അവസര ങ്ങൾ നമുക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം വാചാലനായി മാറി. എത്രമാത്രം അദ്ധ്വാനിച്ചിട്ടാണ്, എത്രമാത്രം ബുദ്ധിമുട്ടിയിട്ടാണ് ദിവസങ്ങളല്ല, ആഴ്ചകൾ കേരളത്തിന്റെ പ്രശ്നങ്ങൾ പഠിച്ച് കേരളത്തിന്റെ സാദ്ധ്യതകൾ മനസ്സിലാക്കി കേരളത്തിന്റെ ഭാവിക്ക് ഏറ്റവും പ്രയോജനകരമായിട്ടുള്ള നിർദ്ദേശങ്ങൾ അദ്ദേഹം ഇവിടെ അവതരിപ്പിച്ചത്. രാഷ്ട്രപതിയോട് നമ്മൾ മാത്രമല്ല, കേരളം മുഴുവൻ കടപ്പെട്ടിരിക്കുകയാണ്. ഇവിടെ 28-ാം തീയതി പ്രസംഗിച്ച ദിവസം രാത്രി 11.00 മണിക്ക് ശേഷമാണ് അദ്ദേഹം മുറിയിലേക്ക് പോയത്. വളരെ വൈകിയാണ് ഞങ്ങൾ എറണാകുളത്ത് പോകുന്നത്. അവിടെ അദ്ദേഹത്തെ കാണാൻ, ധാരാളംപേർ ഇന്റർവ്യൂവിന് വേണ്ടി കാത്തിരുന്നു. അവരെയെല്ലാം കണ്ടതിന് ശേഷം 11.00 മണി ക്കാണ് അദ്ദേഹം മുറിയിലേക്ക് പോയത്. അതിനുശേഷമാണ് അദ്ദേഹം ഭക്ഷണം കഴിക്കുന്നത്. അടുത്ത ദിവസം രാവിലെ ഞാൻ കാണുമ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു, എനിക്ക് ധാരാളം ഇ-മെയിൽ മെസ്സേജസ് കിട്ടി എന്ന്. അദ്ദേഹം അതി നുശേഷം അത് മുഴുവൻ പരിശോധിച്ചു. അദ്ദേഹം പറഞ്ഞു, എന്റെ ഇന്നലത്തെ പ്രസംഗത്തെ അഭിനന്ദിച്ചുകൊണ്ട് ധാരാളം കത്തുകൾ കിട്ടിയെന്ന്. അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

അതിൽ ആത്മസംതൃപ്തി കാട്ടി. ആ പ്രസംഗം കേരളത്തിലെ ജനങ്ങൾ ഉൾക്കൊണ്ട രീതിയിൽ അദ്ദേഹം വളരെ സന്തുഷ്ടനായി. അന്ന് അദ്ദേഹം പ്രസംഗം പൂർത്തിയാക്കിയിട്ട് നിങ്ങൾക്ക് എന്തെങ്കിലും ചോദിക്കാനുണ്ടോ എന്ന് ചോദിച്ചു. എനിക്ക് അന്നേരം തോന്നി, എഴുന്നേറ്റ് നിന്ന് ഈ 10 നിർദ്ദേശങ്ങളും സ്വീകരിക്കാനുള്ള താൽപ്പര്യം പ്രകടിപ്പിക്കണമെന്ന്. പക്ഷേ അന്നേരം എഴുന്നേറ്റ് അത് അക്സെപ്റ്റ് ചെയ്യുന്നു എന്നുപറഞ്ഞാൽ അത് എന്റെ മാത്രമായ അഭിപ്രായമായി മാറും. സഹപ്രവർത്തകരോട് പോലും ആലോചിക്കാനോ അവരുമായി ചർച്ച ചെയ്യാനോ പോലും അവസരം കിട്ടില്ല. അന്ന് ഐ.എസ്.ആർ.ഒ.-യിൽ പോയി. അവിടുത്തെ ലഞ്ചിന്റെ സമയത്ത് ലഞ്ചിന് കൂടാതെ ഞാൻ തിരിച്ചുവന്ന് ചീഫ് സെക്രട്ടറിയെ വിളിച്ച് ഉദ്യോഗസ്ഥരുടെ ഒരു കമ്മിറ്റി വയ്ക്കാൻ പറഞ്ഞു. അന്നേരം കിട്ടിയ മെമ്പർമാരെ വിളിച്ചുകൂട്ടി പ്ലാനിംഗ് ബോർഡിനോട് ഇത് പരിശോധിക്കാൻ പറഞ്ഞു. ആ രണ്ട് കമ്മിറ്റികളും പ്രത്യേകമായി ഇത് പരിശോധിച്ച് ഗവൺമെന്റിന് നിർദ്ദേശങ്ങൾ തന്നിട്ടുണ്ട്. അതിനെ പ്രാഥമികമായ വിലയിരുത്തൽ മാത്രമായിട്ടേ കാണുന്നുള്ളൂ. എന്നാലും ഗവൺമെന്റ് അതിനോട് വളരെ വേഗത്തിൽ പ്രതികരിച്ചു. രാഷ്ട്രപതി ഇത്രമാത്രം താൽപ്പര്യമെടുത്തുകൊണ്ട് നമ്മുടെ സാദ്ധ്യതകളെക്കുറിച്ച് പറയുമ്പോൾ ഗവൺമെന്റ് അതിനോട് പ്രതികരിക്കേണ്ട രീതിയിൽ വേഗത്തിൽ പ്രതികരിച്ചു. ഇതുസംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലാണ്. ഗവൺമെന്റ് അത് പരിശോധിക്കുകയാണ്. പ്രാഥമികമായിട്ടുള്ള റിപ്പോർട്ട് മാത്രമേ കിട്ടിയിട്ടുള്ളൂ. എത്ര നല്ല ഉദ്ദേശത്തോടുകൂടി കാര്യങ്ങൾ ചെയ്താൽ പോലും അതിനെ തെറ്റായ രീതിയിൽ കാണുന്നതിൽ എനിക്ക് ഖേദമുണ്ട്. മൂന്ന് കാര്യങ്ങൾകൂടി ചേർത്തതിനെ ഇവിടെ ചിലർ വിമർശിച്ചു; ചിലർ പരിഹസിച്ചു. ഞാൻ എന്തും കേൾക്കാൻ തയ്യാറാണ്. പക്ഷേ ഞാൻ ഒന്നാം തീയതി റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റുമെന്റ് ഇവിടെ വച്ചപ്പോൾ ഈ മൂന്ന് കാര്യങ്ങൾ ഉൾക്കൊള്ളിക്കാൻ എന്നെ പ്രേരിപ്പിച്ച ഘടകം, പ്രിയപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങേക്ക് താൽപ്പര്യമുണ്ടോ എന്നെനിക്കറിയില്ല, അങ്ങയുടെ പാർട്ടിയുടെ സെക്രട്ടറി ശ്രീ. പിണറായി വിജയന്റെ പ്രസ്താവനയാണ്. അദ്ദേഹം വളരെ പോസിറ്റീവായിട്ടാണ് റിയാക്റ്റ് ചെയ്തത്. രാഷ്ട്രപതിയുടെ പ്രസംഗത്തെ അദ്ദേഹം സ്വാഗതം ചെയ്തു. അത് കേരളത്തിന്റെ വികസനത്തിന് ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. അക്കൂട്ടത്തിൽ അദ്ദേഹം പറഞ്ഞു, ഇവിടെ പരമ്പരാഗത വ്യവസായങ്ങളെയും കാർഷിക മേഖലയെയും പറ്റി പ്രത്യേകം എടുത്തുപറയേണ്ടതായിരുന്നു എന്ന്. രാഷ്ട്രപതിയുടെ പ്രസംഗം കേട്ട് അവിടെ അവസാനിപ്പിക്കാനല്ല ഗവൺമെന്റ് ആഗ്രഹിച്ചത്. അതിനെക്കുറിച്ച് എല്ലാവിഭാഗം ആളുകളുമായി ചർച്ച ചെയ്യണം. അത് എങ്ങനെ നടപ്പിലാക്കാൻ പറ്റുമെന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കണം. അങ്ങനെ വരുമ്പോൾ ഒരു വിധത്തിലും ഇതൊരു വിവാദ പ്രശ്നമാകരുത്. സംസ്ഥാനത്തെ പ്രതിപക്ഷപാർട്ടിയുടെ നേതാവ് പറഞ്ഞിരിക്കുന്നു, പ്രസംഗം കൊള്ളാം, നല്ലതാണ്, ഞങ്ങൾ അതിനോട് സഹകരിക്കും എന്ന്. പക്ഷേ ഇന്നയിന്ന കാര്യങ്ങൾ വിട്ടുപോയി, അപ്പോൾ ഇത് ഒരിക്കലും ഒരു വിവാദമാകരുത്, നമുക്ക് വികസന രംഗത്ത് വളരെയേറെ നേട്ടങ്ങൾ വന്നിട്ടുണ്ട്. ഇവിടെയെങ്കിലും നമുക്ക് പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും തർക്കങ്ങൾ പറഞ്ഞ് നഷ്ടം വരാതിരിക്കാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly.

ശ്രീ. പിണറായി വിജയന്റെ അഭിപ്രായങ്ങൾകൂടി ഉൾക്കൊണ്ടാണ് ഞാൻ ഈ മുന്നിന പരിപാടി ഇവിടെ പ്രഖ്യാപിച്ചത്. ഇന്ന് എന്തുകൊണ്ട് ഒരു തീരുമാനം ഇവിടെ വച്ചില്ല, സാധാരണമായിട്ടും നിങ്ങൾക്ക് പറയാവുന്നതാണ്. പക്ഷേ ഞാൻ അങ്ങനെ ചെയ്യാതിരുന്നത് നല്ല ഒരു ഉദ്ദേശത്തോടുകൂടിയായിരുന്നു. ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ ആ പ്രസംഗം, പിന്നെ നിങ്ങൾ ചൂണ്ടിക്കാണിച്ച ആ കുറവ് നികത്താൻവേണ്ടി വച്ച മുന്ന് പരിപാടികൾ അത് മാത്രമായി ചർച്ചയാണെങ്കിൽ ആ ചർച്ച കാട് കയറുകയില്ലല്ലോ മറിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നു ചില നിർദ്ദേശങ്ങൾ, ചില പരിപാടികൾ എല്ലാംകൂടി പറഞ്ഞാൽ അതിനെ പിടിച്ച് ഇവിടെ ഒരു തർക്കവിഷയം ഉണ്ടാകുമല്ലോ എന്ന് കരുതിയാണ് മറ്റ് കാര്യങ്ങളിലേക്കൊന്നും കടക്കാതെയിരുന്നത്. ഗവൺമെന്റ് മുൻവിധിയോടെ എല്ലാം തീരുമാനിച്ചിരിക്കുന്നു, ഞങ്ങളുടെമേൽ അടിച്ചേല്പിക്കാൻ പോകുന്നു, ഞങ്ങൾ ഇല്ല 'അയ്യോ' പറയരുത് എന്നു ഉദ്ദേശിച്ചുകൊണ്ടും അങ്ങനെ പറയുന്ന ഒരു സാഹചര്യം ഉണ്ടാകരുത് എന്ന് ഉദ്ദേശിച്ചുകൊണ്ടുമാണ് ഞാൻ പറയാത്തത്. നിങ്ങൾക്ക് വേണമെങ്കിൽ ഗവൺമെന്റ് എന്തുകൊണ്ട് വച്ചില്ല എന്നു ചോദിക്കാം. ഞാൻ അതിനെ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ ഞാൻ പറയാതെയിരുന്നത് പ്രസിഡന്റിന്റെ ആ പത്ത് മിഷൻസും നമുക്കെല്ലാം യോജിപ്പുള്ള മുന്നു പോയിന്റുകളുംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ചർച്ചയാകുമ്പോൾ ഈ ചർച്ച കാടുകയറുകയില്ല എന്നു ഉദ്ദേശിച്ചായിരുന്നു. ഞാൻ അങ്ങനെ ആഗ്രഹിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പ്രസിഡന്റ് വച്ച നിർദ്ദേശത്തിന്മേൽ വിദഗ്ദ്ധരുമായി ഒരു പ്രാഥമികമായ ചർച്ച നടത്തിയെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. പ്ലാനിംഗ് ബോർഡ് മെമ്പർമാരുമായും ബന്ധപ്പെട്ട ഗവൺമെന്റ് സെക്രട്ടറിയുമായും ചർച്ച നടത്തി. ഇതിന്റെ ഫലമായി പെട്ടെന്നു ചെയ്യാൻ സാധിക്കുന്ന, നിശ്ചിത വർഷത്തിനുള്ളിൽ ചെയ്യാൻ സാധിക്കുന്ന, പരിപാടി ഈ സഭയുടെ മുമ്പാകെ സമർപ്പിച്ച് ഒരു ചർച്ചയായിരുന്നെങ്കിൽ അത് കുറെക്കൂടി സമഗ്രമായി നമുക്ക് നടത്താൻ സാധിക്കുമായിരുന്നു. അങ്ങനെയല്ലാതെ പോയത് ഇക്കാര്യത്തിൽ ഒരു പ്രധാനപ്പെട്ട പോരായ്മയല്ലേ? അത് എന്താണ് അത് ഉൾക്കൊള്ളാത്തത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ഞാൻ ഇതിനകത്ത് ഒരു എക്സ്പെർട്ടല്ല. നമുക്ക് വളരെയധികം ഉപദേശങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതായിട്ടുണ്ട്. വളരെ പെട്ടെന്ന് പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുമ്പ് കാര്യങ്ങൾ നടപ്പിലാക്കണം; അല്ലെങ്കിൽ മറ്റ് ഒരു ലക്ഷ്യം വച്ചുകൊണ്ട് നടപ്പിലാക്കണം; അങ്ങനെയൊന്നും ഗവൺമെന്റിന് ആഗ്രഹമില്ല. വേഗത്തിൽ പോകുന്നുവെങ്കിലും നമുക്ക് കുറെ പഠനങ്ങളും പലരുടേയും ഉപദേശങ്ങളും വിദഗ്ദ്ധന്മാരുടെ സേവനവുമൊക്കെ ഇക്കാര്യത്തിൽ ഉപയോഗിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ടാണ് വ്യക്തമായി ഒരു പരിപാടി ഞങ്ങൾ തയ്യാറാക്കാതിരുന്നത്. പക്ഷേ ഒരു കരട് രൂപമൊക്കെ തയാറാക്കാവുന്നതിൽ ഞങ്ങൾ ഒരുക്കമായിരുന്നു. പക്ഷേ അതിനെ പിടിച്ചായിരിക്കും ഇവിടെ തർക്കം വരുന്നത് എന്നുള്ളതുകൊണ്ടാണ് ഞാൻ വളരെ നല്ല ഉദ്ദേശത്തോടുകൂടി ചെയ്തതാണ്. അതിന് ഏതെങ്കിലും വിധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടെങ്കിൽ ഞാൻ ഈ ഒരു ഉദ്ദേശത്തോടുകൂടിയാണ് എന്നു വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഇത് ഒരു രാഷ്ട്രീയ ചർച്ചയാക്കാൻ ആഗ്രഹിച്ചില്ല, ആഗ്രഹിക്കുന്നില്ല. പക്ഷേ, ഡോക്ടർ തോമസ് ഐസക്കിന്റെ ആമുഖപ്രസംഗം കേട്ടപ്പോഴും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഏറ്റവും ഒടുവിലത്തെ പ്രസംഗം കേട്ടപ്പോഴും എനിക്ക് വളരെ വേദനതോന്നി. നമ്മൾ ഇനിയും കേരളത്തിന്റെ വികസനത്തിന്റെ കാര്യത്തിൽ ഇങ്ങനെ ഒരു സമീപനം എടുക്കണമോ? ആര് ചെയ്യുന്നു എന്നു നോക്കി എല്ലാത്തിനെയും എതിർത്താൽ നമ്മൾ എവിടെപ്പോയി നിൽക്കും? നമ്മൾ ഒന്ന് ആലോചിക്കണം. നമുക്ക് കേരളത്തിന്റെ വികസനത്തിന്റെ കാര്യത്തിൽ ഒരു പുതിയ പ്രവർത്തനശൈലി ഉണ്ടാകേണ്ടിയിരിക്കുന്നു. അതിന് പ്രൊസിഡന്റിന്റെ നിർദ്ദേശങ്ങൾ ഏറ്റവും അനുകൂലമാക്കി മാറ്റണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഞാൻ 14 ജില്ലകളിൽ ജനസമ്പർക്ക പരിപാടിക്ക് പോയി. ആ ജനസമ്പർക്ക പരിപാടിയിൽ നിന്ന് എനിക്ക് കിട്ടിയത് എന്റെ ഇത്രയും നീണ്ട പൊതുപ്രവർത്തനകാലത്ത് ഒരിക്കലും കിട്ടിയിട്ടില്ലാത്ത അനുഭവങ്ങളാണ്. എത്രയേറെ ചെറുപ്പക്കാർ, യുവതിയുവാക്കൾ അവരുടെ വേദനയും പ്രയാസങ്ങളും പറഞ്ഞു. എന്ത് ചെയ്യാൻ സാധിക്കും? ഒരു മുഖ്യമന്ത്രിക്ക് ജോലി കൊടുക്കാൻ സാധിക്കുമോ? പക്ഷേ കൊടുക്കാതിരിക്കാമോ? അവർ എന്നോട് പറഞ്ഞ കാര്യങ്ങൾ എന്റെ മനസ്സിൽ ഇന്നുമുണ്ട്. എന്നെ ഏറ്റവുമധികം അലട്ടുന്നത് ആ യുവതികളും യുവാക്കളും എന്നോട് പറഞ്ഞ കാര്യങ്ങളാണ്. നമുക്ക് അവരെ മറക്കാൻ പറ്റുമോ? അവർക്ക് അവസരങ്ങൾ ഉണ്ടാക്കി കൊടുക്കണ്ടേ? ഇന്നത്തെ സ്ഥിതി ഒന്നു പരിശോധിച്ചുനോക്കൂ. ഇന്ന് ലോകം മുഴുവൻ വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ് ഇൻഫർമേഷൻ ടെക്നോളജി. ഐ.ടി. രംഗത്ത് നമ്മുടെ പങ്ക് എത്രയാണ്? നമുക്ക് അപമാനകരമായ കണക്കാണുള്ളത്. പക്ഷേ നമുക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ചില യാഥാർത്ഥ്യങ്ങൾ നമ്മൾ തുറന്നുസമ്മതിക്കേണ്ടിവരും. ഇന്ത്യയുടെ ഐ.ടി. രംഗത്ത് കേരളത്തിന്റെ സംഭാവന 0.4 ശതമാനമാണ്. ഇന്ത്യയിൽ മൊത്തത്തിൽ 78,230 കോടി രൂപയുടെ എക്സ്പോർട്സ് വരുമ്പോൾ കർണ്ണാടകയിൽ അത് 27,600 കോടി രൂപയുടേതും തമിഴ്നാട്ടിൽ 10,703 കോടി രൂപയുടേതും ആന്ധ്രാപ്രദേശിൽ 8,396 കോടി രൂപയുടേതും ആണെങ്കിൽ കേരളത്തിൽ അത് 310 കോടി രൂപയുടെതാണ്. ഇന്ത്യയിലെ 78,230 കോടി രൂപയുടെ ടോട്ടൽ എക്സ്പോർട്സ് വച്ചു നോക്കുമ്പോൾ കേരളത്തിന് 0.4 ശതമാനം മാത്രമാണുള്ളത്. നമ്മുടെ ജനസംഖ്യാനുപാതികമായിട്ടെങ്കിലും കേരളത്തിനു കിട്ടിയിരുന്നെങ്കിൽ സംസ്ഥാനത്ത് എത്ര പേർക്ക് കൂടുതൽ ജോലി കിട്ടുമായിരുന്നു? വരുമാനം കിട്ടുമായിരുന്നു, മറ്റ് സംസ്ഥാനങ്ങൾ .....

ശ്രീ വി. എസ്. അച്ചുതാനന്ദൻ : സർ, കേരളത്തിലെ ഐ.ടി. രംഗത്ത് പണിയെടുക്കുന്ന ജീവനക്കാർക്ക് ജീവിക്കാൻ മതിയായ ശമ്പളമെങ്കിലും കിട്ടുന്നുണ്ടോയെന്ന് അങ്ങ് അന്വേഷിച്ചിട്ടുണ്ടോ? അവർക്ക് സംഘടനാ സ്വാതന്ത്ര്യംപോലും നിഷേധിച്ച ഒരു സംസ്ഥാനമാണ് കേരളമെന്നു അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനേയും കൂട്ടി നമുക്ക് ഐ.ടി. പാർക്കിലേക്ക് പോകാം. നമുക്ക് ഒരുമിച്ച് പോയിട്ട് അവിടത്തെ വേതനം.....(ബഹളം).....അവിടെ ജോലി ചെയ്യേണ്ടി വരും. ഇത് പറ്റില്ല. (മുഖ്യമന്ത്രി കൈ ഉയർത്തിക്കാണിച്ചു) അത്രയേയുള്ളൂ. ജോലി ചെയ്യണം. ..... (ബഹളം) .....

5.00 P.M.]

മി.സ്പീക്കർ: പ്ലീസ്..... പ്ലീസ്.....

ശ്രീ. ഉമ്മൻ ചാണ്ടി: അവിടത്തെ വേതനത്തിന്റെ കാര്യമാണെങ്കിൽ ഞാൻ അങ്ങയോട് പറയുന്നു; നമുക്ക് ഒന്നിച്ച് അവിടെ പോകാം. ..... (ബഹളം) .....മറ്റ് സംസ്ഥാനങ്ങൾ ഈ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ നമ്മൾ കമ്പ്യൂട്ടർ വിരുദ്ധസമരങ്ങളുമായി നടക്കുകയായിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ. 130-ാം ഉപക്ഷേപത്തിൽ വ്യക്തമായി പറയുന്നത് ഇതിന്റെ ചർച്ചനടത്തുമ്പോൾ പരിഹാസദ്യോതകമായിട്ടുള്ളതൊന്നും പാടില്ല എന്നാണ്. മുഖ്യമന്ത്രി നേരത്തെ കൈകൊണ്ട് തൊഴിലാളികളെ പരിഹസിക്കുന്ന വിധത്തിലുള്ള എന്തോ ഒരു ആംഗ്യം കാണിച്ചു. അത് ഐ.എൻ.ടി.യു.സി. നേതാവായി വളർന്നുവന്ന ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയിൽ നിന്ന് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതായിരുന്നു. .....(ബഹളം).....മുദ്രാവാക്യം വിളിക്കുന്നതിനെ പരിഹസിച്ചുകൊണ്ട് അങ്ങ് നടത്തിയിട്ടുള്ള പരിഹാസദ്യോതകമായ പ്രയോഗം പാടില്ല. അങ്ങിൽനിന്ന് പ്രതീക്ഷിക്കുന്നത് അതല്ല. .... (ബഹളം).....

മി.സ്പീക്കർ: പ്ലീസ്.....പ്ലീസ്.....

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ ഒരിക്കലും ആരേയും പരിഹസിക്കാൻ പറഞ്ഞതല്ല. ബഹളത്തിനിടയിൽ അദ്ദേഹത്തിന് മനസ്സിലാകാൻ വേണ്ടി കൈകാണിച്ചു എന്നേയുള്ളൂ. എതെങ്കിലും വിധത്തിൽ പരിഹാസമാണെങ്കിൽ ഞാൻ അത് പിൻവലിച്ചിരിക്കുന്നു. ഞാൻ പറഞ്ഞുവന്നത് കേരളത്തിന് ഐ. ടി. മേഖലയിൽ 0.4% മാത്രമേ പങ്കുള്ളൂ എന്നാണ്. ഇപ്പോഴെങ്കിലും നമ്മൾ മുന്ന് ചിന്തിക്കണം. കേരളത്തിന് എന്തുപറ്റി? വിദ്യാഭ്യാസത്തിലും മാനവവിഭവ സമ്പത്തിന്റെ കാര്യത്തിലും ഏറ്റവും മുന്നിലായിരുന്ന കേരളത്തിന് എന്തുപറ്റി? നമ്മൾ ചിന്തിക്കണം. നമ്മുടെ തെറ്റുകളും കുറവുകളും മനസ്സിലാക്കിയാലേ അത് പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കൂ. നമ്മൾ ആ സമയത്ത് കമ്പ്യൂട്ടർ വിരുദ്ധസമരം നടത്തി. കമ്പ്യൂട്ടറാണ് കേരളത്തിലെ തൊഴിലില്ലായ്മയുടെ മുഖ്യ കാരണം എന്നുപറഞ്ഞ് സമരം നടത്തി. പക്ഷേ മറ്റ് സംസ്ഥാനങ്ങൾ ഈ അവസരം മുതലെടുത്തുകൊണ്ട് മുന്നോട്ടുപോയി. ഞാൻ ഒരു കാര്യം മാത്രം ചൂണ്ടിക്കാണിക്കുകയാണ്. നഴ്സിംഗ് വിദ്യാഭ്യാസ രംഗം. അത് പ്രസിഡന്റിന്റെ പ്രസംഗത്തിലും സൂചിപ്പിച്ചു; അതായത് ഇവിടെ ഇപ്പോൾ 4000 പേർക്കു മാത്രമേ നഴ്സിംഗിന് അവസരം കിട്ടുന്നുള്ളൂ എന്ന്. അത് 20000 ആക്കി മാറ്റണമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ 2001-ൽ വെറും 450 ബി.എസ്സി. നഴ്സുമാരെ

LIBRARY ARCHIVES Kerala Legislative Assembly

പഠിപ്പിക്കാനുള്ള സംവിധാനമേ കേരളത്തിൽ ഉണ്ടായിരുന്നുള്ളു. കേരളത്തിന് എന്തുപറ്റി? നമ്മളൊന്ന് ആലോചിക്കണം. ലോകത്തെവിടെ ചെന്നാലും ഏറ്റവും ഉന്നതമായ മാനദണ്ഡം പുലർത്തുന്ന നഴ്സുമാർ കേരളീയരാണ്. എന്നിട്ടും 450 പേർക്കുള്ള സീറ്റേ 2001-ൽ ഉണ്ടായിരുന്നുള്ളു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി 44 നഴ്സിംഗ് കോളേജുകൾ അനുവദിച്ചു. ഇപ്പോൾ 2270 സീറ്റുകളായി. പോരാ. പ്രസിഡന്റ് പറയുന്നത് 20,000 എന്നാണ്. അമേരിക്കയിലും യു. കെ.-യിലും അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ 5 ലക്ഷത്തിലധികം നഴ്സുമാരുടെ ഒഴിവുകൾ ഉണ്ടാകുമെന്നാണ് പറയുന്നത്. ആ അവസരംപോലും നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കില്ല എന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. പ്രസിഡന്റ് പറഞ്ഞവാചകം uninterrupted work എന്നാണ്. കേരളത്തിന്റെ വികസന സാദ്ധ്യതകൾ മനസ്സിലാക്കിക്കൊണ്ട് നമുക്ക് പ്രവർത്തിക്കാൻ സാധിക്കണം. ഇവിടെ ഒരുവിധത്തിലുമുള്ള തടസ്സങ്ങളുമില്ലാതെ പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. നമുക്ക് അതിന് സാധിക്കുമോ? ഡോക്ടർ തോമസ് ഐസക് ചോദിച്ചു പണം എവിടെ എന്ന്. അത് ന്യായമായ ചോദ്യമാണ്. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത് കേരളത്തിന്റെ വികസനത്തിന് കഴിഞ്ഞ ഏതാനും വർഷങ്ങളായുള്ള തടസ്സം പണമല്ല, തൊഴിലാളികളല്ല. ഒരുകാലത്ത് തൊഴിലാളികളെ കുറ്റപ്പെടുത്തിയിരുന്നു. ഇന്ന് തൊഴിലാളികൾ കേരളത്തിന്റെ വികസനത്തിന് തടസ്സമല്ല. ഇന്ന് പണവും തടസ്സമല്ല. നമുക്ക് മനസ്സ് മതി. നമ്മൾ മനസ്സുവച്ചാൽ ഈ സംസ്ഥാനം രക്ഷപ്പെടും. പണമെവിടെ എന്നുള്ള ചോദ്യമില്ല. മൊബൈൽ ഫോൺ രംഗത്ത് ഇന്ന് കേരളത്തിൽ പതിനായിരത്തിലധികം പേർ പണിയെടുക്കുന്നുണ്ട്. 2,500 കോടി രൂപ ഇവിടെ മുതൽമുടക്കിയിട്ടുണ്ട്. ഗവൺമെന്റിന് ഒരു പൈസയും ചെലവാക്കേണ്ടിവന്നിട്ടില്ല. അതാണ് വികസനത്തിന്റെ പുത്തൻ സാദ്ധ്യതകൾ ഒരു പൈസയും നമ്മൾ മുതൽമുടക്കാതെ 2,500 കോടി രൂപയുടെ മുതൽമുടക്ക് വന്ന് പതിനായിരം പേർ പണിയെടുക്കുന്ന രംഗമാണ് മൊബൈൽ ഫോൺ രംഗം ഇന്ന് കേരളത്തിന്റെ വികസനത്തിന് തടസ്സമെന്താണ്?

ഡോ. തോമസ് ഐസക്: സർ, പണമെവിടെ എന്ന് ചോദിക്കുമ്പോൾ എവിടെന്റിയായിട്ടുള്ള സാമ്പത്തിക മന്ത്രം അങ്ങയെ ഓർമ്മിപ്പിച്ചതാണ്. ഏതാണ്ട് 35,000 കോടി രൂപയാണ് കേരളത്തിന്റെ ആകെയുള്ള വാർഷിക നിക്ഷേപം. അഞ്ച് പറഞ്ഞ പരിപാടി നടപ്പാക്കണമെങ്കിൽ വാർഷിക നിക്ഷേപം ഒന്നര ലക്ഷം കോടി രൂപയായി ഉയർത്തണം. എസ്. ഡി. പി. യെക്കാൾ 40 ശതമാനം ഉയരണം. അതുകൊണ്ട് പരിപാടിയും ദിശയുമൊക്കെ നല്ലത്, പക്ഷേ റിയലിസ്റ്റിക്കായ പ്ലാനിംഗ് വേണം. അല്ലാതെ 'ക്ഷ' കൊണ്ടുണ്ടാക്കാമെന്ന് പറഞ്ഞാൽ നടക്കില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ ഒരുതർക്കത്തിനും ഇല്ല. പക്ഷേ ഞാൻ ഒരു കാര്യം തീർത്തുപറയാം, കേരളത്തിന്റെ വികസനത്തിന് പണം ഒരു തടസ്സമേയല്ല. വികസനരംഗത്ത്, നിക്ഷേപരംഗത്ത് കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് വൻസാദ്ധ്യതകൾ ഉടലെടുത്തിരിക്കുകയാണ്. അവ പ്രയോജനപ്പെടുത്താൻ നമ്മൾ തയ്യാറുണ്ടോ? ഇവിടെ പ്രതിപക്ഷനേതാവ് തന്നെ വിഴിഞ്ഞത്തെക്കുറിച്ച് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

വിഴിഞ്ഞം തുറമുഖത്തിന്റെ സാദ്ധ്യതകൾ എത്രയാണ്? ഗവൺമെന്റിന്റെ പണം ഉപയോഗിച്ചിട്ടാണോ ഇവിടെ തുറമുഖം കൊണ്ടുവരാൻ നമുക്ക് സാധിക്കുന്നത്? അതുകൊണ്ട് പണമെവിടെ എന്നുള്ള ചോദ്യം ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ ഉദിക്കുന്നില്ല. ഗവൺമെന്റിന്റെ പണം മുടക്കിയാണ് വരുന്നതെങ്കിൽ അങ്ങയുടെ ചോദ്യം ശരിയാണ്. പക്ഷേ ഒരിക്കലും അത് സാധിക്കുകയില്ല. നമുക്ക് എവിടെയാണ് പണം? ശമ്പളവും പെൻഷനും പലിശയും കൊടുക്കാൻ ബുദ്ധിമുട്ടുന്ന നമുക്ക് ഈ വികസനത്തിനൊക്കെ ഗവൺമെന്റിന്റെ പണമെടുക്കാൻ സാധിക്കുമോ? സാധിക്കില്ല. പക്ഷേ മുന്നുപറയാം പദ്ധതികൾ നടപ്പാക്കുന്നതിന് പണം ഒരു തടസ്സമേയല്ല. തടസ്സം നമ്മളാണ്. നമുക്ക് ഇച്ഛാശക്തി വേണം. സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉറച്ച തീരുമാനമെടുത്തുകൊണ്ട് മുന്നോട്ടു നീങ്ങാനുള്ള ഇച്ഛാശക്തി ഉണ്ടാകണം. എന്തിനേയും എതിർക്കുന്ന സമീപനം വികസനത്തിന് തടസ്സമാവുകയേയുള്ളൂ. മൈൻഡ് സെറ്റ് മാറണം, മനോഭാവം മാറണം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, നിങ്ങൾ തന്നെയാണ് നഷ്ടത്തിലോടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ വൺടൈം സെറ്റിൽമെന്റ് വഴി തിരുമെങ്കിൽ അതിനെ സഹായിക്കാൻ ഞങ്ങൾ സന്നദ്ധരാണെന്ന് പറഞ്ഞത്. വൺടൈം സെറ്റിൽമെന്റിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള പണമാണ്. പൊതുമേഖലാസ്ഥാപനങ്ങളിലൊന്നായ കെൽട്രോണിൽ ഇതുപോലുള്ള വൺടൈം സെറ്റിൽമെന്റ് ആകാം എന്ന് നിങ്ങൾ പറഞ്ഞശേഷം പണം വന്നു എന്നുവന്നപ്പോൾ നിങ്ങൾ മാറി. അപ്പോൾ പണം പ്രധാനം തന്നെയാണ്. ഈ പൊതുമേഖലാസ്ഥാപനമെന്നു പറയുന്നത് കേരളത്തിലെ വ്യവസായ സംരംഭങ്ങളുടെ നെടുംതൂണാണ്. ആ നെടുംതൂൺ ലാഭത്തിൽ ഓടുന്നതും നഷ്ടത്തിലോടുന്നതും നമ്മൾ കമ്പയർ ചെയ്തിട്ട് ഗവൺമെന്റിന്റെ പാർട്ടായി ഞങ്ങൾ ഒരു നിലപാട് സ്വീകരിക്കാം, ഒരു പരിശ്രമം. വൺടൈം സെറ്റിൽമെന്റ്, അത് നടന്നോ? പണമല്ല പ്രധാന പ്രശ്നമെന്നു പറഞ്ഞാൽ എങ്ങനെയാണ്?

ശ്രീ. ഉമ്മൻ ചാണ്ടി: നമ്മൾ പറയുന്നത് രണ്ടും രണ്ടാണ്. കേരളത്തിന്റെ വികസനത്തിനും കേരളത്തിന്റെ ഭാവിക്കും ഉതകുന്ന നിലയിൽ രാഷ്ട്രപതി നിർദ്ദേശിച്ച കർമ്മപരിപാടികളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. മറ്റേത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം. നമ്മൾ തമ്മിൽ സംസാരിച്ചു. സംസാരിച്ചപ്പോൾ ഞാൻ പറഞ്ഞു one time settlement അല്ല one time help ആണ് എന്ന്. ഒരിക്കൽ സഹായിച്ച് നിലനിൽക്കുമെങ്കിൽ അത് ആലോചിക്കാം എന്നും പറഞ്ഞു. അതിന് ഗവൺമെന്റ് പണം കണ്ടെത്തണം. അതിന് ഗവൺമെന്റിന് പണം കണ്ടെത്താൻ സാധിക്കുന്നില്ല. സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. അത് എങ്ങനെ കണ്ടെത്താൻ പറ്റുമെന്നുള്ളതാണ് വേറൊരു പ്രശ്നം. പക്ഷേ ഇതുപോലുള്ള വികസന പ്രവർത്തനങ്ങൾക്ക് നമ്മുടെ വൻ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന രംഗത്ത് നമുക്ക് സാമ്പത്തികം ഒരു പ്രശ്നമേ ആകില്ല. പക്ഷേ എല്ലാം സംശയത്തോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വീക്ഷിച്ചുകൊണ്ട് എന്തിനേയും എതിർക്കുന്ന സമീപനം വന്നാൽ നമുക്ക് പറ്റില്ല. ആര് ചെയ്യുന്നു എന്ന് നോക്കാതെ എന്തു നടക്കുന്നു എന്ന് വിലയിരുത്തി ഒരു തീരുമാനം ഉണ്ടാകണം. ഞാൻ ദീർഘമായ പ്രസംഗത്തിന് മുതിരുന്നില്ല. നമുക്ക് ഒരു പുത്തൻ വികസനശൈലി ആവശ്യമാണ്. അതിന് അഭിപ്രായ സമന്വയം ഉണ്ടാകണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. ഇന്ന് പ്രസിഡന്റ് പറഞ്ഞിട്ടുള്ള പത്ത് മിഷൻസ് കേരളത്തിന്റെ പശ്ചാത്തലത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. അതൊക്കെ പ്രായോഗികമാണ്. അതിനു വേണ്ടി പ്രാഥമികമായിട്ടുള്ള പഠനം നടത്തി അതിനുള്ള സാധ്യതകൾ നമുക്ക് പൂർണ്ണമായി പ്രയോജനപ്പെടുത്തി, കേരളത്തിന്റെ ഏറ്റവും വലിയ പ്രശ്നമായ തൊഴിലില്ലായ്മയ്ക്ക് പരിഹാരം ഉണ്ടാക്കി, സാമ്പത്തിക രംഗത്ത് ഒരു കുതിച്ചുചാട്ടം നടത്തി മുമ്പോട്ട് പോകാൻ സാധിക്കും. പ്രസിഡന്റ് നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത് മൂന്ന് വർഷംകൊണ്ട് 100% വളർച്ച നേടുകയെന്നുള്ളതാണ്. സാധാരണ രീതിയിൽ ലഭ്യമായ കാര്യമാണോ? എന്നിട്ടും കേരളത്തോട് നിങ്ങൾക്ക് അത് സാധിക്കും എന്നു പറഞ്ഞിട്ടുള്ളത് കേരളം അനന്തമായ സാധ്യത ഉൾക്കൊള്ളുന്നു എന്നു മനസ്സിലാക്കിയതുകൊണ്ടാണ്. ഇനിയും ഇതിനോട് ക്രിയാത്മകമായി പ്രതികരിക്കുന്നില്ലെങ്കിൽ അടുത്ത തലമുറയോട് നമ്മൾ ചെയ്യുന്ന തെറ്റാണ്. വളരെ ഏറെ അവസരങ്ങൾ നമ്മൾ നഷ്ടപ്പെടുത്തി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വളരെയേറെ പ്രതീക്ഷയോടുകൂടിയാണ് ഇവിടെ ആഗോള നിക്ഷേപക സമ്മേളനം സംഘടിപ്പിച്ചത്. പ്രതിപക്ഷ നേതാവ് ആ സമ്മേളനത്തിൽ വരികയും എല്ലാവിധ പിൻതുണയും പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെ അനുകൂല സാഹചര്യം ലഭിച്ചിട്ടും, നിങ്ങൾക്ക് 30 മാസക്കാലം ലഭിച്ചിട്ടും അതിന് പുരോഗതി ഉണ്ടാക്കാൻ കഴിയാതെവന്നുവെന്നുള്ളതല്ലേ ഇതിൽനിന്നും മനസ്സിലാകുന്നത്? സംസ്ഥാനത്തുണ്ടായ അന്തരീക്ഷം തന്നെ ഉപയോഗപ്പെടുത്താൻ നിങ്ങൾക്ക് സാധിക്കാതെവന്നു എന്നുള്ളതല്ലേ അതിനർത്ഥം? അതല്ലേ നിക്ഷേപം കൂടുതൽ വരുന്നതിനുള്ള സാധ്യത സംസ്ഥാനത്ത് ഇല്ലാതാക്കിയത്? അത് എന്താണ് അങ്ങ് കാണാതെ പോകുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: യാതൊരു സംശയവും വേണ്ട കേരളത്തിന്റെ വികസന രംഗത്ത് ഏറ്റവും സുപ്രധാനമായിട്ടുള്ള ടേണിംഗ് പോയിന്റാണ് ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്. അവിടെനിന്നാണ് കേരളം നിക്ഷേപക സൗഹൃദ ഡെസ്റ്റിനേഷനായി മാറിയത്. കേരളം ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമായിട്ട് ലോകത്ത് കണ്ടത് അതിനുശേഷമാണ്. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിനെ നിങ്ങൾ പരിഹസിക്കണ്ട. അതുകൊണ്ടുവരുമായിരുന്ന ചില നിക്ഷേപങ്ങൾ വിവാദങ്ങളിൽ കുടുങ്ങി വന്നിട്ടില്ല. പക്ഷേ വന്നത് വളരെ വലുത്. ഇപ്പോൾ വല്ലാർപാടം ടെർമിനൽ പ്രോജക്ട്, എൻ. ടി. പി. സി.-യുടെ എക്സ്പാൻഷൻ.....

ശ്രീ. എം. എം. ഹസ്സൻ: പ്രതിപക്ഷ ഉപനേതാവാണ് ചോദ്യം ചോദിച്ചത്. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ വന്ന ഗൾഫ് മലയാളികൾ 500 കോടി രൂപ മുടക്കി കൊച്ചിയിൽ ടെക്നോ പാർക്കിന്റെ മാതൃകയിൽ ഒരു സംരംഭത്തിന് തയ്യാറായി മുന്നോട്ട് വന്നപ്പോൾ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് അവരെ

പിൻവാങ്ങിച്ചത് അങ്ങയുടെ നേതാവ് ശ്രീ. അച്ചുതാനന്ദനാണെന്നുള്ള കാര്യം മറന്നുകൊണ്ടാണ് ഈ ചോദ്യം ചോദിച്ചത്. ..... (ബഹളം) .... (ബഹളം) .....

ശ്രീ. ഉമ്മൻ ചാണ്ടി: ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിനുശേഷം കേരളത്തിൽ വളരെയേറെ നിക്ഷേപം വന്നിട്ടുണ്ട്. പ്രധാനമന്ത്രി അന്ന് പ്രഖ്യാപിച്ച പതിനായിരം കോടി രൂപയുടെ പദ്ധതിയുടെ നിർമ്മാണം ഇവിടെ ആരംഭിച്ചുകഴിഞ്ഞു. സ്വകാര്യ മേഖലയിൽ പല നിക്ഷേപങ്ങളും വന്നു. പിന്നെ ചില വിവാദങ്ങൾ വന്നിട്ട് വരാമായിരുന്ന ചില സാധ്യതകൾ നമുക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. പക്ഷേ വന്നതിനെക്കാൾ വലുതായി ഞാൻ കാണുന്നത് നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന്റെ തുടക്കം ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് ആണെന്നുള്ള കാര്യം ഒരിക്കലും വിസ്മരിക്കരുത്. ഇക്കാര്യത്തിലെങ്കിലും നമ്മൾ പരസ്പരം വ്യത്യസ്ത സമീപനം എടുക്കേണ്ടവരല്ല.

ശ്രീ വി. എസ്. അച്ചുതാനന്ദൻ: പ്രധാനമന്ത്രിയുടെ കുമരകം പ്രഖ്യാപനമാണോ അതോ എറണാകുളം പ്രഖ്യാപനമാണോ?

ശ്രീ ഉമ്മൻ ചാണ്ടി: ആ സ്റ്റേജിൽ ഉണ്ടായിരുന്നത് അങ്ങാണ്. വല്ലാർപാടം പ്രോജക്ടും എൻ. ടി. പി. സി. യുടെ സെക്കന്റ് എക്സ്പാൻഷനും എവിടെയാണ് പ്രഖ്യാപിച്ചത് എന്നുള്ളത് കേരളത്തിലെ ജനങ്ങൾക്ക് മുഴുവൻ അറിയാം. ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റ് അത് രണ്ടും നടപ്പിലാക്കാൻ തീരുമാനിക്കുകയും അനുമതി നൽകുകയും പ്രധാനമന്ത്രി അവിടെ വന്ന് തറക്കല്ലിട്ട് അതിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിനെ നമുക്ക് നിസാരമായി കാണാൻ സാധിക്കുകയില്ല. കേരളത്തിന്റെ വളർച്ചയുടെ ഒരു നിർണ്ണായക ഘട്ടമാണ്. രാഷ്ട്രപതിയുടെ പ്രസംഗവും മറ്റൊരു ഘട്ടമായിട്ട് നമുക്ക് കാണണം. ഈ നിയമസഭയിൽ ഇത് ചർച്ച ചെയ്തു. വിവിധ താൽപ്പര്യമുള്ളവരെ പ്രതിനിധീകരിച്ചുകൊണ്ടുള്ള ചർച്ച നടത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. എല്ലാവരുടെയും അഭിപ്രായങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഈ പരിപാടികൾ, രാഷ്ട്രപതി നമുക്ക് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന് വിപുലമായ തരത്തിലുള്ള വിവിധ തലങ്ങളിലുള്ള ചർച്ച ഈ അസംബ്ലിയിലെ ചർച്ചകൾക്കുശേഷം തുടങ്ങുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് രണ്ട് കാര്യങ്ങൾ കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നുണ്ട്. 22 പേർ അടങ്ങുന്ന Advisory Committee of Mission for Kerala Development and Poverty Alleviation എന്നുള്ള കമ്മിറ്റിയും അതുപോലെ പത്തിന പരിപാടികളും കേരളത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ കൂട്ടിച്ചേർത്ത മൂന്ന് കാര്യങ്ങളും കൂടി കൂട്ടി, അതിന്റെ ഇംപ്ലിമെന്റേഷനുവേണ്ടി അഞ്ച് ടാസ്ക് ഫോഴ്സും രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ 22 പേർ ജീവിതത്തിന്റെ വിവിധ തുറകളിൽ ലോകത്തുതന്നെ വളരെയേറെ സ്ഥാനവും അംഗീകാരവും നേടിയിട്ടുള്ളവരാണ്; കേരളത്തോട് പ്രത്യേക താൽപര്യം ഉള്ളവരുമാണ്. അങ്ങയുടെ അനുമതിയോടുകൂടി ഈ 22 പേരുടെ പേര് ഞാൻ വായിക്കുന്നു. Shri Jayaram Ramesh, M.P., Shri G. Madhavan Nair (Chairman, ISRO),

LIBRARY ARCHIVES Kerala Legislative Assembly

Shri Javed Hasan (NRI, IT Industrialist), Shri Rana (Chairman, HUDCO), Dr. P. V. Indaresan, Shri E. Sreedharan (Delhi Metro Railway), Shri Kris Gopalakrishnan (Infosys), Shri Krishnakumar (Taj Group) Shri Jose Dominic (CASINO Group), Dr. P. K. Warrier (Kottakkal), Dr. Mohandas (Director, Sree Chithra Medical Centre), Shri K. M. Chandrasekhar (Secretary, Revenue, Government of India), Shri Abraham Tharakan (President, Sea Food Export Association) Shri Omkar Kanvar (Chairman, FICCI), Shri V. N. Rajasekharan Pillai (Vice Chairman, UGC), Prof. Pratap Bhanu Mehta (President, Centre of Policy Research, New Delhi), Dr. B. Ekbal (Former Member, Planning Board, Kerala), Shri K. Sankaranarayanan (Chairman, Inland Water Ways Authority of India), Shri P. C. Cyriac (Former Chairman, Rubber Board), Shri P. M. Abraham (Former Secretary, Inland Water Ways, Government of India), Dr. Y. K. Alah (Former Member, Planning Commission) and Shri Mohan Gopal (Member, Planning Board, Kerala). അഞ്ച് ടാസ്ക് ഫോഴ്സുകളാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. (1) Knowledge Development, Education and Research task force. രാഷ്ട്രപതി നിശ്ചയിച്ച പത്ത് പരിപാടികളിൽ രണ്ട് വീതമാണ് ഈ ടാസ്ക് ഫോഴ്സിനെ ചുമതലയേൽപ്പിക്കാൻ ഉദ്ദേശിക്കുന്നത്. (i) Nurses and Para medical training (ii) Pharmaceutical products through herbs including Ayurveda research for molecule drug. (2) Knowledge products, knowledge industry and knowledge services task force. Development and marketing knowledge products, exclusive economic zones and space technology for development. (3) Agriculture, Agro food products and fishing task force. Value addition to.tea, coffee, spices, coconut, fruits, fish processing, marketing of sea food products and deep-sea fishing. ആ കൂട്ടത്തിൽ നമ്മൾ പുതുതായി ചേർത്ത മൂന്ന് വെറ്റിനറി അഗ്രികൾച്ചർ കൂടി ഈ ടാസ്ക് ഫോഴ്സിൽ വരും. (4) Tourism and Smart Waterways task force. Tourism including general, spiritual, health and science, development of smart waterways. (5) Traditional industries and disadvantaged groups task force. അതിൽ കൊയർ പ്രോജക്ട് ഉൾപ്പെടുന്നുണ്ട്. അതുപോലെ നമ്മൾ പുതുതായി ചേർത്തിട്ടുള്ള പാരമ്പര്യ വ്യവസായങ്ങളുടെയും ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെയും പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നു. അങ്ങനെ അഞ്ച് ടാസ്ക് ഫോഴ്സുകളായി വർക്ക് ചെയ്യും. ഈ ഇരുപത്തിമൂന്നുപേരുടെ സഹായങ്ങൾ, അവരുടെ ഉപദേശങ്ങളും, നിർദ്ദേശങ്ങളും നമുക്ക് ഈ പ്രവർത്തനങ്ങൾ പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിന് സഹായകരമായി ഉപയോഗിക്കാവുന്നതാണ്. ശ്രീ. സാം പിത്രോദ (നോളജ് കമ്മീഷന്റെ ചെയർമാൻ) ഈ കമ്മിറ്റിയിൽ ഇല്ലെങ്കിലും അദ്ദേഹത്തിന്റെ സഹായം ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിലുണ്ടാകും എന്ന് അറിയിച്ചിട്ടുണ്ട്. നമുക്ക് ഇന്ന് ആവശ്യം പണമല്ല; മനസ്സാണ്. നമുക്ക് മനസ്സ് ഉണ്ടാകണം. മനസ്സ് തുറക്കണം. തൊഴിലില്ലാത്ത 40 ലക്ഷം ചെറുപ്പക്കാരെ ഓർത്തെങ്കിലും നമ്മുടെ മനസ്സ് തുറക്കണം. അതിനേക്ട് ക്രിയാത്മകമായി പ്രതികരിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly